# Gospel According To Mark

## മാർക്കോസ്

### അദ്ധ്യായം 1

1:1 ദൈവപുത്രനായ യാഹ്ശൂവ ഹാ മശീഹയുടെ സുവിശേഷത്തിന്റെ ആരംഭം:

1:2 “ ഇതാ ഞാൻ നിനക്കു മുമ്പായി എന്റെ ദൂതനെ അയക്കുന്നു; അവൻ നിന്റെ വഴി ഒരുക്കും.

1:3 കർത്താവിന്റെ വഴി ഒരുക്കുവിൻ അവന്റെ പാത നിരപ്പാക്കുവിൻ എന്നു വനത്തിൽ
വിളിച്ചുപറയുന്നവന്റെ വാക്കു” എന്നിങ്ങനെ യെശയ്യാപ്രവാചകന്റെ പുസ്തകത്തിൽ
എഴുതിയിരിക്കുന്നതുപോലെ

1:4 യോഹന്നാൻ വന്നു വനത്തിൽ സ്നാനം കഴിപ്പിച്ചും പാപമോചനത്തിനായുള്ള മാനസാന്തരസ്നാനം
പ്രസംഗിച്ചുംകൊണ്ടിരുന്നു.

1:5 യോഹാന്നാന്റെ അടുക്കൽ യെഹൂദ്യദേശം ഒക്കെയും യെരുശലേമ്യർ എല്ലാവരും വന്നു പാപങ്ങളെ
ഏറ്റുപറഞ്ഞു യോർദ്ദാൻ നദിയിൽ യോഹാന്നാനാൽ സ്നാനം കഴിഞ്ഞു.

1:6 യോഹന്നാനോ ഒട്ടകരോമംകൊണ്ടുള്ള ഉടുപ്പും അരയിൽ തോൽവാറും ധരിച്ചും വെട്ടുക്കിളിയും
കാട്ടുതേനും ഉപജീവിച്ചും പോന്നു.

1:7 എന്നിലും ബലമേറിയവൻ എന്റെ പിന്നാലെ വരുന്നു; അവന്റെ ചെരുപ്പിന്റെ വാറു കുനിഞ്ഞഴിപ്പാൻ
ഞാൻ യോഗ്യനല്ല.

1:8 ഞാൻ നിങ്ങളെ വെള്ളത്തിൽ സ്നാനം കഴിപ്പിക്കുന്നു; അവനോ നിങ്ങളെ പരിശുദ്ധാത്മാവിൽ സ്നാനം
കഴിപ്പിക്കും എന്നു അവൻ പ്രസംഗിച്ചു പറഞ്ഞു.

1:9 ആ കാലത്തു യാഹ്ശൂഅ ഗലീലയിലെ നസറെത്തിൽനിന്നു വന്നു യോഹാന്നാനാൽ യോർദ്ദാനിൽ
സ്നാനം കഴിഞ്ഞു.

1:10 വെള്ളത്തിൽനിന്നു കയറിയ ഉടനെ ആകാശം തുറന്നിരിക്കുന്നതും ആത്മാവു പ്രാവുപോലെ
തന്റെമേൽ വരുന്നതും കണ്ടു;

1:11 നീ എന്റെ പ്രീയപുത്രൻ; നിന്നിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു എന്നു സ്വർഗ്ഗത്തിൽനിന്നു ഒരു
ശബ്ദവും ഉണ്ടായി.

1:12 അനന്തരം ആത്മാവു യാഹ്ശൂഅയെ വനത്തിലേക്കു പോകുവാൻ നിർബ്ബന്ധിച്ചു.

1:13 അവിടെ യാഹ്‌ശൂഅ സാത്താനാൽ പരീക്ഷിക്കപ്പെട്ടു നാല്പതു ദിവസം വനത്തിൽ കാട്ടുമൃഗങ്ങളോടുകൂടെ ആയിരുന്നു; ദൂതന്മാർ യാഹ്‌ശൂഅയെ ശുശ്രൂഷിച്ചു പോന്നു.

1:14 എന്നാൽ യോഹന്നാൻ തടവിൽ ആയശേഷം യാഹ്‌ശൂവ ഗലീലയിൽ ചെന്നു ദൈവരാജ്യത്തിന്റെ സുവിശേഷം പ്രസംഗിച്ചു:

1:15 കാലം തികഞ്ഞു ദൈവരാജ്യം സമീപിച്ചിരിക്കുന്നു; മാനസാന്തരപ്പെട്ടു സുവിശേഷത്തിൽ വിശ്വസിപ്പിൻ എന്നു പറഞ്ഞു.

1:16 യാഹ്‌ശൂഅ ഗലീലക്കടപ്പുറത്തു നടക്കുമ്പോൾ ശീമോനും അവന്റെ സഹോദരനായ അന്ത്രെയാസും കടലിൽ വല വീശുന്നതു കണ്ടു; അവർ മീൻ പിടിക്കുന്നവർ ആയിരുന്നു.

1:17 യാഹ്‌ശൂവ അവരോടു: എന്നെ അനുഗമിപ്പിൻ; ഞാൻ നിങ്ങളെ മനുഷ്യരെ പിടിക്കുന്നവരാക്കും എന്നു പറഞ്ഞു.

1:18 അവർ വലവിട്ടു യാഹ്‌ശൂഅയെ അനുഗമിച്ചു.

1:19 അവിടെനിന്നും അല്പം മുന്നോട്ടു ചെന്നപ്പോൾ സെബെദിയുടെ മകനായ യാക്കോബും അവന്റെ സഹോദരനായ യോഹന്നാനും പടകിൽ ഇരുന്നു വല നന്നാക്കുന്നതു കണ്ടു.

1:20 ഉടനെ അവരെയും വിളിച്ചു: അവർ അപ്പനായ സെബെദിയെ കൂലിക്കാരോടുകൂടെ പടകിൽ വിട്ടു യാഹ്‌ശൂഅയെ അനുഗമിച്ചു.

1:21 യാഹ്‌ശൂഅ കഫന്നഹൂമിലേക്കു പോയി; ശബ്ബത്തിൽ യാഹ്‌ശൂഅ പള്ളിയിൽ ചെന്നു ഉപദേശിച്ചു.

1:22 യാഹ്‌ശൂഅയുടെ ഉപദേശത്തിങ്കൽ അവർ വിസ്മയിച്ചു; യാഹ്‌ശൂഅ ശാസ്ത്രിമാരെപ്പോലെയല്ല, അധികാരമുള്ളവനായിട്ടത്രേ ഉപദേശിച്ചതു.

1:23 അവരുടെ പള്ളിയിൽ അശുദ്ധാത്മാവുള്ള ഒരു മനുഷ്യൻ ഉണ്ടായിരുന്നു;

1:24 അവൻ നിലവിളിച്ചു: നസറായനായ യാഹ്‌ശൂവയെ, ഞങ്ങൾക്കും നിനക്കും തമ്മിൽ എന്തു? ഞങ്ങളെ നശിപ്പിപ്പാൻ വന്നുവോ? നീ ആർ എന്നു ഞാൻ അറിയുന്നു; ദൈവത്തിന്റെ പരിശുദ്ധൻ തന്നേ എന്നു പറഞ്ഞു.

1:25 യാഹ്‌ശൂവ അതിനെ ശാസിച്ചു: മിണ്ടരുതു; അവനെ വിട്ടുപോ എന്നു പറഞ്ഞു.

1:26 അപ്പോൾ അശുദ്ധാത്മാവു അവനെ ഇഴെച്ചു, ഉറക്കെ നിലവിളിച്ചു അവനെ വിട്ടു പോയി.

1:27 എല്ലാവരും ആശ്ചര്യപ്പെട്ടു ഇതെന്തു? ഒരു പുതിയ ഉപദേശം; യാഹ്‌ശൂവ അധികാരത്തോടെ അശുദ്ധാത്മാക്കളോടും കല്പിക്കുന്നു, അവ യാഹ്‌ശൂവയെ അനുസരിക്കയും ചെയ്യുന്നു എന്നു പറഞ്ഞു തമ്മിൽ വാദിച്ചുകൊണ്ടിരുന്നു.

1:28 യാഹ്‌ശൂഅയുടെ കീർത്തി വേഗത്തിൽ ഗലീലനാടു എങ്ങും പരന്നു.

1:29 അനന്തരം അവർ പള്ളിയിൽനിന്നു ഇറങ്ങി യാക്കോബും യോഹന്നാനുമായി ശിമോന്റെയും
അന്ത്രെയാസിന്റെയും വീട്ടിൽ വന്നു.

1:30 അവിടെ ശിമോന്റെ അമ്മാവിയമ്മ പനിപിടിച്ചു കിടന്നിരുന്നു; അവർ അവളെക്കുറിച്ചു
യാഹ്ശൂഅയോടു പറഞ്ഞു.

1:31 യാഹ്ശൂഅ അടുത്തുചെന്നു അവളെ കൈക്കുപിടിച്ചു എഴുന്നേല്പിച്ചു; പനി അവളെ വിട്ടുമാറി,
അവൾ അവരെ ശുശ്രൂഷിച്ചു.

1:32 വൈകുന്നേരം സൂര്യ്യൻ അസ്തമിച്ചശേഷം അവർ സകലവിധ ദീനക്കാരെയും ഭൂതഗ്രസ്തരെയും
യാഹ്ശൂഅയുടെ അടുക്കൽ കൊണ്ടുവന്നു.

1:33 പട്ടണം ഒക്കെയും വാതില്ക്കൽ വന്നു കൂടിയിരുന്നു.

1:34 നാനാവ്യാധികളാൽ വലഞ്ഞിരുന്ന അനേകരെ യാഹ്ശൂഅ സൌഖ്യമാക്കി, അനേകം ഭൂതങ്ങളെയും
പുറത്താക്കി: ഭൂതങ്ങൾ യാഹ്ശൂഅയെ അറികകൊണ്ടു സംസാരിപ്പാൻ അവയെ സമ്മതിച്ചില്ല.

1:35 അതികാലത്തു ഇരുട്ടോടെ യാഹ്ശൂഅ എഴുന്നേറ്റു പുറപ്പെട്ടു ഒരു വനമായസ്ഥലത്തു ചെന്നു
പ്രാർത്ഥിച്ചു.

1:36 ശിമോനും കൂടെയുള്ളവരും യാഹ്ശൂഅയുടെ പിന്നാലെ ചെന്നു,

1:37 യാഹ്ശൂഅയെ കണ്ടപ്പോൾ: എല്ലാവരും നിന്നെ അന്വേഷിക്കുന്നു എന്നു പറഞ്ഞു.

1:38 യാഹ്ശൂഅ അവരോടു: ഞാൻ അടുത്ത ഊരുകളിലും പ്രസംഗിക്കേണ്ടതിന്നു അവിടേക്കു പോക;
ഇതിന്നായിട്ടല്ലോ ഞാൻ വന്നിരിക്കുന്നതു എന്നു പറഞ്ഞു.

1:39 അങ്ങനെ യാഹ്ശൂഅ ഗലീലയിൽ ഒക്കെയും അവരുടെ പള്ളികളിൽ ചെന്നു പ്രസംഗിക്കയും
ഭൂതങ്ങളെ പുറത്താക്കുകയും ചെയ്തു.

1:40 ഒരു കുഷ്ഠരോഗി യാഹ്ശൂഅയുടെ അടുക്കൽവന്നു മുട്ടുകുത്തി: നിനക്കു മനസ്സുണ്ടെങ്കിൽ എന്നെ
ശുദ്ധമാക്കുവാൻ നിനക്കു കഴിയും എന്നു അപേക്ഷിച്ചു.

1:41 യാഹ്ശൂഅ മനസ്സലിഞ്ഞു കൈനീട്ടി അവനെ തൊട്ടു: എനിക്കു മനസ്സുണ്ടു, ശുദ്ധമാക

1:42 എന്നു പറഞ്ഞ ഉടനെ കുഷ്ഠം വിട്ടുമാറി അവന്നു ശുദ്ധിവന്നു.

1:43 യാഹ്ശൂഅ അവനെ അമർച്ചയായി ശാസിച്ചു: നോക്കു ആരോടും ഒന്നും പറയരുതു:

1:44 എന്നാൽ ചെന്നു പുരോഹിതന്നു നിന്നെത്തന്നേ കാണിച്ചു, നിന്റെ ശുദ്ധീകരണത്തിന്നു വേണ്ടി
മോശെ കല്പിച്ചതു അവർക്കു സാക്ഷ്യത്തിന്നായി അർപ്പിക്ക എന്നു പറഞ്ഞു വിട്ടയച്ചു.

1:45 അവനോ പുറപ്പെട്ടു വളരെ ഘോഷിപ്പാനും വസ്തുത പ്രസംഗിപ്പാനും തുടങ്ങി; അതിനാൽ
യാഹ്ശൂഅക്കു പരസ്യമായി പട്ടണത്തിൽ കടപ്പാൻ കഴിയായ്കകൊണ്ടു യാഹ്ശൂഅ പുറത്തു

വനമായുള്ളസ്ഥലങ്ങളിൽ പാർത്തു; എല്ലാടത്തുനിന്നും ആളുകൾ യാഹ്ശൂഅയുടെ അടുക്കൽ വന്നു കൂടി.

## അദ്ധ്യായം 2

2:1 ചിലദിവസം കഴിഞ്ഞശേഷം യാഹ്ശൂഅ പിന്നെയും കഫർന്നഹൂമിൽ ചെന്നു; യാഹ്ശൂഅ വീട്ടിൽ ഉണ്ടെന്നു ശ്രുതിയായി.

2:2 ഉടനെ വാതില്ക്കൽപോലും ഇടമില്ലാതവണ്ണം പലരും വന്നുകൂടി, യാഹ്ശൂഅ അവരോടു തിരുവചനം പ്രസ്താവിച്ചു.

2:3 അപ്പോൾ നാലാൾ ഒരുപക്ഷവാതക്കാരനെ ചുമന്നു യാഹ്ശൂഅയുടെ അടുക്കൽ കൊണ്ടുവന്നു.

2:4 പുരുഷാരം നിമിത്തം യാഹ്ശൂഅയോടു സമീപിച്ചുകൂടായ്കയാൽ യാഹ്ശൂഅ ഇരുന്ന സ്ഥലത്തിന്റെ മേല്പുര പൊളിച്ചുതുറന്നു, പക്ഷവാതക്കാരനെ കിടക്കയോടെ ഇറക്കിവെച്ചു.

2:5 യാഹ്ശൂഅ അവരുടെ വിശ്വാസം കണ്ടിട്ടു പക്ഷവാതക്കാരനോടു: മകനേ നിന്റെ പാപങ്ങൾ മോചിച്ചു തന്നിരിക്കുന്നു എന്നു പറഞ്ഞു.

2:6 അവിടെ ചില ശാസ്ത്രിമാർ ഇരുന്നു: ഇവൻ ഇങ്ങനെ ദൈവദൂഷണം പറയുന്നതു എന്തു?

2:7 യാഹ്വ ഒരുവനല്ലാതെ പാപങ്ങളെ മോചിപ്പാൻ കഴിയുന്നവൻ ആർ എന്നു ഹൃദയത്തിൽ ചിന്തിച്ചുകൊണ്ടിരുന്നു.

2:8 ഇങ്ങനെ അവർ ഉള്ളിൽ ചിന്തിക്കുന്നതു യാഹ്ശൂഅ ഉടനെ അത്മാവിൽ ഗ്രഹിച്ചു അവരോടു: നിങ്ങൾ ഹൃദയത്തിൽ ഇങ്ങനെ ചിന്തിക്കുന്നതു എന്തു?

2:9 പക്ഷവാതക്കാരനോടു നിന്റെ പാപങ്ങൾ മോചിച്ചു തന്നിരിക്കുന്നു എന്നു പറയുന്നതോ, എഴുന്നേറ്റു കിടക്ക എടുത്തു നടക്ക എന്നു പറയുന്നതോ, ഏതാകുന്നു എളുപ്പം എന്നു ചോദിച്ചു.

2:10 എന്നാൽ ഭൂമിയിൽ പാപങ്ങളെ മോചിപ്പാൻ മനുഷ്യപുത്രനു അധികാരം ഉണ്ടു എന്നു നിങ്ങൾ അറിയേണ്ടതിന്നു

2:11 യാഹ്ശൂഅ പക്ഷവാതക്കാരനോടു: എഴുന്നേറ്റു കിടക്ക എടുത്തു വീട്ടിലേക്കു പോക എന്നു ഞാൻ നിന്നോടു പറയുന്നു എന്നു പറഞ്ഞു.

2:12 ഉടനെ അവൻ എഴുന്നേറ്റു കിടക്ക എടുത്തു എല്ലാവരും കാൺകേ പുറപ്പെട്ടു; അതുകൊണ്ടു എല്ലാവരും വിസ്മയിച്ചു: ഇങ്ങനെ ഒരുനാളും കണ്ടിട്ടില്ല എന്നു പറഞ്ഞു യാഹ്വയെ മഹത്വപ്പെടുത്തി.

2:13 യാഹ്ശൂഅ പിന്നെയും കടല്ക്കരെ ചെന്നു; പുരുഷാരം ഒക്കെയും യാഹ്ശൂഅയുടെ അടുക്കൽ വന്നു; യാഹ്ശൂഅ അവരെ ഉപദേശിച്ചു.

2:14 പിന്നെ യാഹ്ശൂഅ കടന്നുപോകുമ്പോൾ അല്ഫായിയുടെ മകനായ ലേവി ചുങ്കസ്ഥലത്തു ഇരിക്കുന്നതു കണ്ടു: എന്നെ അനുഗമിക്ക എന്നു പറഞ്ഞു; അവൻ എഴുന്നേറ്റു യാഹ്ശൂഅയെ അനുഗമിച്ചു.

2:15 യാഹ്ശൂഅ വീട്ടിൽ പന്തിയിൽ ഇരിക്കുമ്പോൾ പല ചുങ്കക്കാരും പാപികളും യാഹ്ശൂഅയോടും യാഹ്ശൂഅയുടെ ശിഷ്യന്മാരോടുംകൂടി പന്തിയിൽ ഇരുന്നു; യാഹ്ശൂഅയെ അനുഗമിച്ചു വന്നവർ അനേകർ ആയിരുന്നു.

2:16 യാഹ്ശൂഅ ചുങ്കക്കാരോടും പാപികളോടും കൂടെതിന്നുകയും കുടിക്കയും ചെയ്യുന്നതു പരീശന്മാരുടെ കൂട്ടത്തിലുള്ള ശാസ്ത്രിമാർ കണ്ടിട്ടു യാഹ്ശൂഅയുടെ ശിഷ്യന്മാരോടു: യാഹ്ശൂഅ ചുങ്കക്കാരോടും പാപികളോടുംകൂടെ തിന്നുകുടിക്കുന്നതു എന്തു എന്നു ചോദിച്ചു.

2:17 യാഹ്ശൂഅ അതുകേട്ടു അവരോടു: ദീനക്കാർക്കല്ലാതെ സൌഖ്യമുള്ളവർക്കു വൈദ്യനെക്കൊണ്ടു ആവശ്യമില്ല; ഞാൻ നീതിമാന്മാരെ അല്ല. പാപികളെ അത്രേ അനുതാപത്തിലേക്ക് വിളിപ്പാൻ വന്നതു എന്നു പറഞ്ഞു.

2:18 യോഹന്നാന്റെ ശിഷ്യന്മാരും പരീശന്മാരും ഉപവസിക്കുക പതിവായിരുന്നു; അവർ വന്നു യാഹ്ശൂഅയോടു: യോഹന്നാന്റെയും പരീശന്മാരുടെയും ശിഷ്യന്മാർ ഉപവസിക്കുന്നുവല്ലോ; നിന്റെ ശിഷ്യന്മാർ ഉപവസിക്കാത്തതു എന്തു എന്നു ചോദിച്ചു.

2:19 യാഹ്ശൂഅ അവരോടു പറഞ്ഞതു: മണവാളൻ കൂടെയുള്ളപ്പോൾ തോഴ്മക്കാർക്കു ഉപവസിപ്പാൻ കഴിയുമോ? മണവാളൻ കൂടെ ഇരിക്കുംകാലത്തോളം അവർക്കു ഉപവസിപ്പാൻ കഴികയില്ല

2:20 എന്നാൽ മണവാളൻ അവരെ വിട്ടു എടുക്കപ്പെടെണ്ടുന്നകാലം വരും; അന്നു, ആ കാലത്തു അവർ ഉപവസിക്കും.

2:21 പഴയവസ്ത്രത്തിൽ കോടിത്തുണിക്കണ്ടം ആരും ചേർത്തു തുന്നുമാറില്ല; തുന്നിയാൽ ചേർത്ത് പുതുക്കണ്ടം പഴയതിൽനിന്നു വലിഞ്ഞിട്ടു ചീന്തൽ ഏററവും വല്ലാതെ ആകും.

2:22 ആരും പുതിയ വീഞ്ഞു പഴയതുരുത്തിയിൽ പകർന്നു വെക്കുമാറില്ല; വെച്ചാൽ പുതുവീഞ്ഞു തുരുത്തിയെ പൊളിക്കും; വീഞ്ഞു ഒഴുകിപ്പോകും; തുരുത്തി നശിച്ചു പോകും; പുതിയ വീഞ്ഞു പുതിയതുരുത്തിയിലത്രേ പകർന്നു വെക്കേണ്ടതു.

2:23 യാഹ്ശൂഅ ശബ്ബത്തിൽ വിളഭൂമിയിൽകൂടി കടന്നുപോകുമ്പോൾ യാഹ്ശൂഅയുടെ ശിഷ്യന്മാർ വഴിനടക്കയിൽ കതിർ പറിച്ചുതുടങ്ങി.

2:24 പരീശന്മാർ യാഹ്ശൂഅയോടു: നോക്കു, ഇവർ ശബ്ബത്തിൽ വിഹിതമല്ലാത്തതു ചെയ്യുന്നതു എന്തു എന്നു പറഞ്ഞു.

2:25 യാഹ്‌ശൂഅ അവരോടു : ദാവീദ് തനിക്കും കൂടെയുള്ളവർക്കും മുട്ടുണ്ടായി വിശന്നപ്പോൾ ചെയ്തതു എന്തു?

2:26 അവൻ അബ്യാഥാർമഹാപുരോഹിതന്റെ കാലത്തു ദൈവാലയത്തിൽ ചെന്നു, പുരോഹിതന്മാർക്കല്ലാതെ ആർക്കും തിന്മാൻ വിഹിതമല്ലാത്ത കാഴ്ചയപ്പം തിന്നു കൂടെയുള്ളവർക്കും കൊടുത്തു എന്നു നിങ്ങൾ ഒരിക്കലും വായിച്ചിട്ടില്ലയോ എന്നു ചോദിച്ചു.

2:27 പിന്നെ യാഹ്‌ശൂഅ അവരോടു: മനുഷ്യൻ ശബ്ബത്ത് നിമിത്തമല്ല; ശബ്ബത്ത് മനുഷ്യൻ നിമിത്തമത്രേ ഉണ്ടായതു;

2:28 അങ്ങനെ മനുഷ്യപുത്രൻ ശബ്ബത്തിന്നും കർത്താവു ആകുന്നു എന്നു പറഞ്ഞു.

## അദ്ധ്യായം 3

3:1 യാഹ്‌ശൂഅ പിന്നെയും പള്ളിയിൽ ചെന്നു: അവിടെ വരണ്ടകയ്യുള്ള ഒരു മനുഷ്യൻ ഉണ്ടായിരുന്നു.

3:2 അവർ യാഹ്‌ശൂഅയെ കുറ്റം ചുമത്തേണ്ടതിന്നു ശബ്ബത്തിൽ അവനെ സൌഖ്യമാക്കുമോ എന്നു നോക്കിക്കൊണ്ടിരുന്നു.

3:3 വരണ്ട കയ്യുള്ള മനുഷ്യനോടു യാഹ്‌ശൂഅ: നടുവിൽ എഴുന്നേറ്റു നില്ക്ക എന്നു പറഞ്ഞു.

3:4 പിന്നെ അവരോടു: ശബ്ബത്തിൽ നന്മചെയ്കയോ, തിന്മ ചെയ്കയോ, ജീവനെ രക്ഷിക്കയോ, കൊല്ലുകയോ, ഏതു വിഹിതം എന്നു ചോദിച്ചു. അവരോ മിണ്ടാതിരുന്നു.

3:5 അവരുടെ ഹൃദയകാഠിന്യംനിമിത്തം യാഹ്‌ശൂഅ ദു:ഖിച്ചുകൊണ്ടു കോപത്തോടെ അവരെ ചുറ്റും നോക്കി, ആ മനുഷ്യനോടു: കൈ നീട്ടുക എന്നു പറഞ്ഞു: അവൻ നീട്ടി, അവന്റെ കൈ സൌഖ്യമായി.

3:6 ഉടനെ പരീശന്മാർ പുറപ്പെട്ടു, യാഹ്‌ശൂഅയെ നശിപ്പിക്കേണ്ടതിന്നു ഹെരോദ്യരുമായി ആലോചന കഴിച്ചു.

3:7 യാഹ്‌ശൂഅ ശിഷ്യന്മാരുമായി കടല്ക്കരെക്കു വാങ്ങിപ്പോയി; ഗലീലയിൽനിന്നു വലിയോരു പുരുഷാരം യാഹ്‌ശൂഅയെ അനുഗമിച്ചു;

3:8 യെഹൂദ്യയിൽനിന്നും യെരുശലേമിൽനിന്നും ഏദോമിൽനിന്നും യോർദ്ദാന്നക്കരെനിന്നും സോരിന്റെയും സീദോന്റെയും ചുറ്റുപാട്ടിൽനിന്നും വലിയോരുകൂട്ടം യാഹ്‌ശൂഅ ചെയ്തതു ഒക്കെയും കേട്ടിട്ടു യാഹ്‌ശൂഅയുടെ അടുക്കൽ വന്നു.

3:9 പുരുഷാരം തന്നെ ഞെരുക്കാതിരിക്കേണ്ടതിന്നു അവരുടെനിമിത്തം ഒരു ചെറുപടകു തനിക്കു ഒരുക്കി നിർത്തുവാൻ യാഹ്‌ശൂഅ ശിഷ്യന്മാരോടു പറഞ്ഞു.

3:10 യാഹ്‌ശൂഅ അനേകരെ സൌഖ്യമാക്കുകയാൽ ബാധകൾ ഉള്ളവർ ഒക്കെയും യാഹ്‌ശൂഅയെ തൊടേണ്ടതിന്നു തിക്കിതിരക്കി വന്നു.

3:11 അശുദ്ധാത്മാക്കളും യാഹ്‌ശൂഅയെ കാണുമ്പോൾ ഒക്കെയും യാഹ്‌ശൂഅയുടെ മുമ്പിൽ വീണു: നീ ദൈവപുത്രൻ എന്നു നിലവിളിച്ചു പറയും.

3:12 തന്നെ പ്രസിദ്ധമാക്കാതിരിക്കേണ്ടതിന്നു യാഹ്‌ശൂഅ അവരെ വളരെ ശാസിച്ചുപോന്നു.

3:13 പിന്നെ യാഹ്‌ശൂഅ മലയിൽകയറി തനിക്കു ബോധിച്ചവരെ അടുക്കൽ വിളിച്ചു; അവർ യാഹ്‌ശൂഅയുടെ അരികെവന്നു.

3:14 യാഹ്‌ശൂഅ തന്നോടുകൂടെ ഇരിപ്പാനും പ്രസംഗിക്കേണ്ടതിന്നു അയപ്പാനും

3:15 ഭൂതങ്ങളെ പുറത്താക്കേണ്ടതിന്നു അധികാരം ഉണ്ടാകുവാനും പന്തിരുവരെ നിയമിച്ചു:

3:16 ശീമോന്നു പത്രോസ് എന്നു പേരിട്ടു;

3:17 സെബെദിയുടെ മകനായ യാക്കോബു, യാക്കോബിന്റെ സഹോദരനായ യോഹന്നാൻ: ഇവർക്കു ഇടിമക്കൾ എന്നർത്ഥമുള്ള ബൊവനേർഗ്ഗെസ് എന്നു പേരിട്ടു

3:18 അന്ത്രെയാസ്, ഫിലിപ്പൊസ, ബർത്തൊലോമായി, മത്തായി, തോമാസ്, അല്ഫായിയുടെ മകനായ യാക്കോബ്, തദ്ദായി, കനാന്യനായ ശിമോൻ,

3:19 തന്നെ കണിച്ചുകൊടുത്ത ഇസ്കാര്യോത്ത് യൂദാ എന്നിവരെ തന്നേ.

3:20 യാഹ്‌ശൂഅ വീട്ടിൽ വന്നു; അവർക്കു ഭക്ഷണം കഴിപ്പാൻപോലും വഹിയാതവണ്ണം പുരുഷാരം പിന്നെയും തിങ്ങികൂടിവന്നു.

3:21 യാഹ്‌ശൂഅയുടെ ചാർച്ചക്കാർ അതുകേട്ടു, അവന്നു ബുദ്ധിഭ്രമം ഉണ്ടു എന്നു പറഞ്ഞു യാഹ്‌ശൂഅയെ പിടിപ്പാൻ വന്നു.

3:22 യെരുശലേമിൽനിന്നു വന്ന ശാസ്ത്രിമാരും: യാഹ്‌ശൂഅക്കു ബെയെത്സെബൂൽ ഉണ്ടു, ഭൂതങ്ങളുടെ തലവനെക്കൊണ്ടു യാഹ്‌ശൂഅ ഭൂതങ്ങളെ പുറത്താക്കുന്നു എന്നു പറഞ്ഞു.

3:23 യാഹ്‌ശൂഅ അവരെ അടുക്കെ വിളിച്ചു ഉപമകളാൽ അവരോടു പറഞ്ഞതു: സാത്താന്നു സാത്താനെ എങ്ങനെ പുറത്താക്കുവാൻ കഴിയും?

3:24 ഒരു രാജ്യം തന്നിൽതന്നേ ഛിദ്രിച്ചു എങ്കിൽ ആ രാജ്യത്തിന്നു നിലനില്പാൻ കഴികയില്ല.

3:25 ഒരു വീടു തന്നിൽതന്നേ ഛിദ്രിച്ചു എങ്കിൽ ആ വീട്ടിന്നു നിലനില്പ്പാൻ കഴികയില്ല.

3:26 സാത്താൻ തന്നോടുതന്നേ എതിർത്തു ഛിദ്രിച്ചു എങ്കിൽ അവന്നു നിലനില്പ്പാൻ കഴിവില്ല; അവന്റെ അവസാനം വന്നു.

3:27 ബലവാനെ പിടിച്ചു കെട്ടീട്ടല്ലാതെ അവന്റെ വീട്ടിൽകടന്നു അവന്റെ കോപ്പു കവർന്നുകളവാൻ ആർക്കും കഴികയില്ല; പിടിച്ചു കെട്ടിയാൽ പിന്നെ അവന്റെ വീടു കവർച്ചചെയ്യാം.

3:28 മനുഷ്യരോടു സകല പാപങ്ങളും അവർ ദുഷിച്ചുപറയുന്ന സകല ദൂഷണങ്ങളും ക്ഷമിക്കും;

3:29 പരിശുദ്ധാത്മാവിന്റെ നേരെ ദൂഷണം പറയുന്നവനോ ഒരുനാളും ക്ഷമകിട്ടാതെ നിത്യശിക്ഷെക്കു യോഗ്യനാകും എന്നു ഞാൻ സത്യമായിട്ടു നിങ്ങളോടു പറയുന്നു.

3:30 യാഹ്ൂശൂഅക്കു ഒരു അശുദ്ധാത്മാവു ഉണ്ടു എന്നു അവർ പറഞ്ഞിരുന്നു.

3:31 അനന്തരം യാഹ്ൂശൂഅയുടെ അമ്മയും സഹോദരന്മാരും വന്നു പുറത്തു നിന്നു യാഹ്ൂശൂഅയെ വിളിപ്പാൻ ആളയച്ചു.

3:32 പുരുഷാരം യാഹ്ൂശൂഅയുടെ ചുറ്റും ഇരുന്നിരുന്നു; അവർ യാഹ്ൂശൂഅയോടു: നിന്റെ അമ്മയും സഹോദരന്മാരും പുറത്തുനിന്നു നിന്നെ അന്വേഷിക്കുന്നു എന്നു പറഞ്ഞു.

3:33 യാഹ്ൂശൂഅ അവരോടു: എന്റെ അമ്മയും സഹോദരന്മാരും ആർ എന്നു പറഞ്ഞിട്ടു

3:34 ചുറ്റിലും ഇരിക്കുന്നവരെ നോക്കിക്കൊണ്ടു: എന്റെ അമ്മയും സഹോദരന്മാരും ഇതാ.

3:35 യാഹ്ൂവയായ ദൈവത്തിന്റെ ഇഷ്ടം ചെയ്യുന്നവൻ തന്നേ എന്റെ സഹോദരനും സഹോദരിയും അമ്മയും ആകുന്നു എന്നു പറഞ്ഞു.

## അദ്ധ്യായം 4

4:1 യാഹ്ൂശൂഅ പിന്നെയും കടൽക്കരെവെച്ചു ഉപദേശിപ്പാൻ തുടങ്ങി. അപ്പോൾ ഏറ്റവും വലിയ പുരുഷാരം യാഹ്ൂശൂഅയുടെ അടുക്കൽ വന്നുകൂടുകകൊണ്ടു യാഹ്ൂശൂഅ പടകിൽ കറയി കടലിൽ ഇരുന്നു; പുരുഷാരം ഒക്കെയും കടലരികെ കരയിൽ ആയിരുന്നു.

4:2 യാഹ്ൂശൂഅ ഉപമകളാൽ അവരെ പലതും ഉപദേശിച്ചു, ഉപദേശത്തിൽ അവരോടു പറഞ്ഞതു: കേൾപ്പിൻ;

4:3 വിതെക്കുന്നവൻ വിതെപ്പാൻ പുറപ്പെട്ടു.

4:4 വിതെക്കുമ്പോൾ ചിലതു വഴിയരികെ വീണു; പറവകൾ വന്നു അതു തിന്നു കളഞ്ഞു.

4:5 മറ്റുചിലതു പാറസ്ഥലത്തു ഏറെ മണ്ണില്ലാത്തേടത്തു വീണു; മണ്ണിന്നു താഴ്ച ഇല്ലായ്കയാൽ ക്ഷണത്തിൽ മുളെച്ചു വന്നു.

4:6 സൂര്യ്യൻ ഉദിച്ചാറെ ചൂടുതട്ടി, വേരില്ലായ്കകൊണ്ടു ഉണങ്ങിപ്പോയി:

4:7 മറ്റു ചിലതു മുള്ളിനിടയിൽ വീണു; മുള്ളു മുളെച്ചു വളൎന്നു അതിനെ ഞെരുക്കിക്കളഞ്ഞു; അതു ഫലം തന്നതുമില്ല.

4:8 മറ്റു ചിലതു നല്ലമണ്ണിൽ വീണിട്ടു മുളെച്ചു വളൎന്നു ഫലം കൊടുത്തു; അവർ ഒന്ന് നൂറായും ഒന്ന് അറുപതായും ഒന്ന് മുപ്പതായും ഫലം തരുകയും ചെയ്തു.

4:9 കേൾപ്പാൻ ചെവി ഉള്ളവൻ കേൾക്കട്ടെ എന്നും യാഹ്ൂശൂഅ പറഞ്ഞു.

4:10 അനന്തരം യാഹ്ൂശൂഅ തനിച്ചിരിക്കുമ്പോൾ യാഹ്ൂശൂഅയോടുകൂടെയുള്ളവർ പന്തിരുവരുമായി ആ ഉപമകളെക്കുറിച്ചു ചോദിച്ചു.

4:11 യാഹ്ൂശൂഅ അവരോടു പറഞ്ഞതു: ദൈവരാജ്യത്തിന്റെ മൎമ്മം നിങ്ങൾക്കു നല്കപ്പെട്ടിരിക്കുന്നു; പുറത്തുള്ളവൎക്കോ സകലവും ഉപമകളാൽ ലഭിക്കുന്നു.

4:12 അവർ മനം തിരിയാതെയും അവരോടു ക്ഷമിക്കാതെയും ഇരിക്കത്തക്കവണ്ണം അവർ കണ്ടിട്ടും അറിയാതിരിപ്പാനും കേട്ടിട്ടും ഗ്രഹിക്കാതിരിപ്പാനും സംഗതി വരും.

4:13 പിന്നെ യാഹ്ൂശൂഅ അവരോടു പറഞ്ഞതു: ഈ ഉപമ ഗ്രഹിക്കുന്നില്ലയോ? പിന്നെ മറ്റെ ഉപമകൾ ഒക്കെയും എങ്ങനെ ഗ്രഹിക്കും.

4:14 വിതെക്കുന്നവൻ വചനം വിതെക്കുന്നു.

4:15 വചനം വിതെച്ചിട്ടു വഴിയരികെ വീണതു, കേട്ട ഉടനെ സാത്താൻ വന്നു ഹൃദയങ്ങളിൽ വിതെക്കപ്പെട്ട വചനം എടുത്തുകളയുന്നതാകുന്നു.

4:16 അങ്ങനെ തന്നേ പാറസ്ഥലത്തു വിതെച്ചതു വചനം കേട്ട ഉടനെ സന്തോഷത്തോടെ കൈക്കൊള്ളുന്നവർ;

4:17 എങ്കിലും അവർ ഉള്ളിൽ വേരില്ലാതെ ക്ഷണികന്മാർ ആകുന്നു; വചനം നിമിത്തം ഉപദ്രവമോ പീഢയോ ഉണ്ടായാൽ ക്ഷണത്തിൽ ഇടറിപ്പോകുന്നു.

4:18 മുള്ളിന്നിടയിൽ വിതെക്കപ്പെട്ടതോ വചനം കേട്ടിട്ടു

4:19 ഇഹലോകത്തിന്റെ ചിന്തകളും ധനത്തിന്റെ വഞ്ചനയും മറ്റു വിഷയ മോഹങ്ങളും അകത്തു കടന്നു, വചനത്തെ ഞെരുക്കി നിഷ്ഫലമാക്കി തീൎക്കുന്നതാകുന്നു.

4:20 നല്ലമണ്ണിൽ വിതെക്കപ്പെട്ടതോ വചനം കേൾക്കയും അംഗീകരിക്കയും ചെയ്യുന്നവർ തന്നേ; അവർ ഒന്ന് നൂറായും ഒന്ന് അറുപതായും ഒന്ന് മുപ്പതായും ഫലം തരുകയും ചെയ്യുന്നു.

4:21 പിന്നെ യാഹ്ശൂആ അവരോടു പറഞ്ഞതു: വിളക്കു കത്തിച്ചു പറയിൻകീഴിലോ കട്ടില്ക്കീഴിലോ വെക്കുമാറുണ്ടോ? വിളക്കുതണ്ടിന്മേലല്ലയോ വെക്കുന്നതു?

4:22 വെളിപ്പെടുവാനുള്ളതല്ലാതെ ഗൂഢമായതു ഒന്നും ഇല്ല; വെളിച്ചത്തു വരുവാനുള്ളതല്ലാതെ മറവായതു ഒന്നും ഇല്ല.

4:23 കേൾപ്പാൻ ചെവി ഉള്ളവൻ കേൾക്കട്ടെ.

4:24 നിങ്ങൾ കേൾക്കുന്നതു എന്തു എന്നു സൂക്ഷിച്ചുകൊൾവിൻ; നിങ്ങൾ അളക്കുന്ന അളവുകൊണ്ടു നിങ്ങൾക്കും അളന്നുകിട്ടും; അധികമായും കിട്ടും.

4:25 ഉള്ളവന്നു കൊടുക്കും; ഇല്ലാത്തവനോടൊ ഉള്ളതുംകൂടെ എടുത്തുകളയും എന്നു യാഹ്ശൂആ അവരോടു പറഞ്ഞു.

4:26 പിന്നെ യാഹ്ശൂആ പറഞ്ഞതു: ദൈവരാജ്യം ഒരു മനുഷ്യൻ മണ്ണിൽ വിത്തു എറിഞ്ഞശേഷം

4:27 രാവും പകലും ഉറങ്ങിയും എഴുന്നേറ്റും ഇരിക്കെ അവൻ അറിയാതെ വിത്തു മുളെച്ചു വളരുന്നതുപോലെ ആകുന്നു.

4:28 ഭൂമി സ്വയമായി മുമ്പെ ഞാറും പിന്നെ കതിരും പിന്നെ കതിരിൽ നിറഞ്ഞ മണിയും ഇങ്ങനെ വിളയുന്നു.

4:29 ധാന്യം വിളയുമ്പോൾ കൊയ്ത്തായതുകൊണ്ടു അവൻ ഉടനെ അരിവാൾ വെക്കുന്നു.

4:30 പിന്നെ യാഹ്ശൂആ പറഞ്ഞതു: ദൈവരാജ്യത്തെ എങ്ങനെ ഉപമിക്കേണ്ടു? ഏതു ഉപമയാൽ അതിനെ വർണ്ണിക്കേണ്ടു?

4:31 അതു കടുകുമണിയോടു സദൃശം; അതിനെ മണ്ണിൽ വിതെക്കുമ്പോൾ ഭൂമിയിലെ എല്ലാവിത്തിലും ചെറിയതു.

4:32 എങ്കിലും വിതെച്ചശേഷം വളൎന്നു, സകലസസ്യങ്ങളിലും വലുതായിത്തീൎന്നു, ആകാശത്തിലെ പക്ഷികൾ അതിന്റെ നിഴലിൽ വസിപ്പാൻ തക്കവണ്ണം വലുതായ കൊമ്പുകളെ വിടുന്നു.

4:33 യാഹ്ശൂആ ഇങ്ങനെ പല ഉപമകളാൽ അവൎക്കു കേൾപ്പാൻ കഴിയുംപോലെ അവരോടു വചനം പറഞ്ഞുപോന്നു.

4:34 ഉപമകൂടാതെ അവരോടു ഒന്നും പറഞ്ഞതുമില്ല; തനിച്ചിരിക്കുമ്പോൾ യാഹ്ശൂആ ശിഷ്യന്മാരോടു സകലവും വ്യാഖ്യാനിക്കും.

4:35 അന്നു സന്ധ്യയായപ്പോൾ: നാം അക്കരെക്കു പോക എന്നു യാഹ്ശൂആ അവരോടു പറഞ്ഞു.

4:36 യാഹ്ശൂആ പുരുഷാരത്തെ വിട്ടു, താൻ പടകിൽ ഇരുന്നപാടെ യാഹ്ശൂആയെ കൊണ്ടുപോയി; മറ്റു ചെറുപടകുകളും കൂടെ ഉണ്ടായിരുന്നു;

4:37 അപ്പോൾ വലിയ ചുഴലിക്കാറ്റു ഉണ്ടായി: പടകിൽ തിര തള്ളിക്കയറുകകൊണ്ടു അതു മുങ്ങുമാറായി.

4:38 യാഹ്ശൂഅ അമരത്തു തലയണവെച്ചു ഉറങ്ങുകയായിരുന്നു; അവർ യാഹ്ശൂഅയെ ഉണർത്തി: ഗുരോ, ഞങ്ങൾ നശിച്ചുപോകുന്നതിൽ നിനക്കു വിചാരം ഇല്ലയോ എന്നു പറഞ്ഞു.

4:39 യാഹ്ശൂഅ എഴുന്നേറ്റു കാറ്റിനെ ശാസിച്ചു, കടലിനോടു: അനങ്ങാതിരിക്ക, അടങ്ങുക എന്നു പറഞ്ഞു; കാറ്റു അമർന്നു വലിയ ശാന്തത ഉണ്ടായി.

4:40 പിന്നെ യാഹ്ശൂഅ അവരോടു: നിങ്ങൾ ഇങ്ങനെ ഭീരുക്കൾ ആകുവാൻ എന്തു? നിങ്ങൾക്കു ഇപ്പോഴും വിശ്വാസമില്ലയോ എന്നു പറഞ്ഞു.

4:41 അവർ വളരെ ഭയപ്പെട്ടു: കാറ്റും കടലും കൂടെ യാഹ്ശൂഅയെ അനുസരിക്കുന്നുവല്ലോ; യാഹ്ശൂഅ ആർ എന്നു തമ്മിൽ പറഞ്ഞു.

## അദ്ധ്യായം 5

5:1 അവർ കടലിന്റെ അക്കരെ ഗദരദേശത്തു എത്തി.

5:2 പടകിൽനിന്നു ഇറങ്ങിയ ഉടനെ അശുദ്ധാത്മാവുള്ള ഒരു മനുഷ്യൻ കല്ലറകളിൽ നിന്നു വന്നു യാഹ്ശൂഅയെ എതിരേറ്റു.

5:3 അവന്റെ പാർപ്പു കല്ലറകളിൽ ആയിരുന്നു; ആർക്കും അവനെ ചങ്ങലകൊണ്ടുപോലും ബന്ധിച്ചുകൂടാഞ്ഞു.

5:4 പലപ്പോഴും അവനെ വിലങ്ങും ചങ്ങലയുംകൊണ്ടു ബന്ധിച്ചിട്ടും അവൻ ചങ്ങല വലിച്ചു പൊട്ടിച്ചും വിലങ്ങു ഉരുമ്മി ഒടിച്ചുംകളഞ്ഞു; ആർക്കും അവനെ അടക്കുവാൻ കഴിഞ്ഞില്ല.

5:5 അവൻ രാവും പകലും കല്ലറകളിലും മലകളിലും ഇടവിടാതെ നിലവിളിച്ചും തന്നെത്താൻ കല്ലുകൊണ്ടു ചതെച്ചും പോന്നു.

5:6 അവൻ യാഹ്ശൂഅയെ ദൂരത്തുനിന്നു കണ്ടിട്ടു ഓടിച്ചെന്നു യാഹ്ശൂഅയെ നമസ്കരിച്ചു.

5:7 അവൻ ഉറക്കെ നിലവിളിച്ചു: യാഹ്ശൂഅയെ , മഹോന്നതനായ ദൈവത്തിന്റെ പുത്രാ, എനിക്കും നിനക്കും തമ്മിൽ എന്തു? ദൈവത്താണ, എന്നെ ദണ്ഡിപ്പിക്കരുതേ എന്നു അപേക്ഷിക്കുന്നു എന്നു പറഞ്ഞു.

5:8 അശുദ്ധാത്മാവേ, ഈ മനുഷ്യനെ വിട്ടു പുറപ്പെട്ടുപോക എന്നു യാഹ്ശൂഅ കല്പിച്ചിരുന്നു.

5:9 നിന്റെ പേരെന്തു എന്നു അവനോടു ചോദിച്ചതിന്നു: എന്റെ പേർ ലെഗ്യോൻ; ഞങ്ങൾ പലർ ആകുന്നു എന്നു അവൻ ഉത്തരം പറഞ്ഞു;

5:10 നാട്ടിൽനിന്നു തങ്ങളെ അയച്ചുകളയാതിരിപ്പാൻ ഏററിയോന്നു അപേക്ഷിച്ചു.

5:11 അവിടെ മലയരികെ ഒരു വലിയ പന്നിക്കൂട്ടം മേഞ്ഞുകൊണ്ടിരുന്നു.

5:12 ആ പന്നികളിൽ കടക്കേണ്ടതിന്നു ഞങ്ങളെ അയക്കേണം എന്നു അവർ യാഹ്‌ൂശൂഅയോടു അപേക്ഷിച്ചു:

5:13 യാഹ്‌ൂശൂഅ അനുവാദം കൊടുത്തു; അശുദ്ധാത്മാക്കൾ പുറപ്പെട്ടു പന്നികളിൽ കടന്നിട്ടു കൂട്ടം കടുന്തൂക്കത്തൂടെ കടലിലേക്കു പാഞ്ഞു വീഷ്പ്പു മുട്ടി ചത്തു. അവ ഏകദേശം രണ്ടായിരം ആയിരുന്നു.

5:14 പന്നികളെ മേയ്ക്കുന്നവർ ഓടിച്ചെന്നു പട്ടണത്തിലും നാട്ടിലും അറിയിച്ചു: സംഭവിച്ചതു കാണ്മാൻ പലരും പുറപ്പെട്ടു,

5:15 യാഹ്‌ൂശൂഅയുടെ അടുക്കൽ വന്നു, ലെഗ്യോൻ ഉണ്ടായിരുന്ന ഭൂതഗ്രസ്തൻ വസ്ത്രം ധരിച്ചും സുബോധം പൂണ്ടും ഇരിക്കുന്നതു കണ്ടു ഭയപ്പെട്ടു.

5:16 കണ്ടവർ ഭൂതഗ്രസ്തന്നു സംഭവിച്ചതും പന്നികളുടെ കാൎയ്യവും അവരോടു അറിയിച്ചു.

5:17 അപ്പോൾ അവർ യാഹ്‌ൂശൂഅയോടു തങ്ങളുടെ അതിർവിട്ടു പോകുവാൻ അപേക്ഷിച്ചുതുടങ്ങി.

5:18 യാഹ്‌ൂശൂഅ പടകു ഏറുമ്പോൾ ഭൂതഗ്രസ്തനായിരുന്നവൻ താനുംകൂടെ പോരട്ടെ എന്നു യാഹ്‌ൂശൂഅയോടു അപേക്ഷിച്ചു.

5:19 യാഹ്‌ൂശൂഅയോ അവനെ അനുവദിക്കാതെ: നിന്റെ വീട്ടിൽ നിനക്കുള്ളവരുടെ അടുക്കൽ ചെന്നു, കൎത്താവു നിനക്കു ചെയ്തതു ഒക്കെയും നിന്നോടു കരുണകാണിച്ചതും പ്രസ്താവിക്ക എന്നു അവനോടു പറഞ്ഞു.

5:20 അവൻ പോയി യാഹ്‌ൂശൂഅ തനിക്കു ചെയ്തതൊക്കെയും ദെക്കെപ്പൊലിനാട്ടിൽ ഘോഷിച്ചു തുടങ്ങി; എല്ലാവരും ആശ്ചൎയ്യപ്പെടുകയും ചെയ്തു.

5:21 യാഹ്‌ൂശൂഅ വീണ്ടും പടകുകയറി ഇക്കരെ കടന്നു കടലരികെ ഇരിക്കുമ്പോൾ വലിയ പുരുഷാരം യാഹ്‌ൂശൂഅയുടെ അടുക്കൽ വന്നു കൂടി.

5:22 പള്ളിപ്രമാണികളിൽ യായിറോസ് എന്നു പേരുള്ള ഒരുത്തൻ വന്നു, യാഹ്‌ൂശൂഅയെ കണ്ടു കാല്ക്കൽ വീണു:

5:23 എന്റെ കുഞ്ഞുമകൾ അത്യാസനത്തിൽ ഇരിക്കുന്നു; അവൾ രക്ഷപ്പെട്ടു ജീവിക്കേണ്ടതിന്നു നീ വന്നു അവളുടെ മേൽ കൈവെക്കേണമേ എന്നു വളരെ അപേക്ഷിച്ചു.

5:24 യാഹ്‌ൂശൂഅ അവനോടുകൂടെ പോയി, വലിയപുരുഷാരവും പിൻചെന്നു അവനെ തിക്കികൊണ്ടിരുന്നു.

5:25 പന്ത്രണ്ടു സംവത്സരമായിട്ടു രക്തസ്രവമുള്ളവളായി

5:26 പല വൈദ്യന്മാരാലും ഏറിയോന്നു സഹിച്ചു തനിക്കുള്ളതൊക്കെയും ചെലവഴിച്ചിട്ടും ഒട്ടും ഭേദംവരാതെ ഏറ്റവും പരവശയായി

5:27 തീൎന്നിരുന്ന ഒരു സ്ത്രീ യാഹ്വ്ശൂഅയുടെ വൎത്തമാനം കേട്ടു:

5:28 യാഹ്വ്ശൂഅയുടെ വസ്ത്രം എങ്കിലും തൊട്ടാൽ ഞാൻ രക്ഷപ്പെടും എന്നു പറഞ്ഞു പുരുഷാരത്തിൽകൂടി പുറകിൽവന്നു യാഹ്വ്ശൂഅയുടെ വസ്ത്രം തൊട്ടു.

5:29 ക്ഷണത്തിൽ അവളുടെ രക്തസ്രവം നിന്നു; ബാധമാറി താൻ സ്വസ്ഥയായി എന്നു അവൾ ശരീരത്തിൽ അറിഞ്ഞു.

5:30 ഉടനെ യാഹ്വ്ശൂഅ തങ്കൽനിന്നു ശക്തി പുറപ്പെട്ടു എന്നു ഉള്ളിൽ അറിഞ്ഞിട്ടു പുരുഷാരത്തിൽ തിരിഞ്ഞു: എന്റെ വസ്ത്രം തൊട്ടതു ആർ എന്നു ചോദിച്ചു.

5:31 ശിഷ്യന്മാർ യാഹ്വ്ശൂഅയോടു പുരുഷാരം നിന്നെ തിക്കുന്നതു കണ്ടിട്ടും എന്നെ തൊട്ടതു ആർ എന്നു ചോദിക്കുന്നുവോ എന്നു പറഞ്ഞു.

5:32 യാഹ്വ്ശൂഅയോ അതു ചെയ്തവളെ കാണ്മാൻ ചുറ്റും നോക്കി.

5:33 സ്ത്രീ തനിക്കു സംഭവിച്ചതു അറിഞ്ഞിട്ടു ഭയപ്പെട്ടും വിറെച്ചുംകൊണ്ടു വന്നു യാഹ്വ്ശൂഅയുടെ മുമ്പിൽ വീണു വസ്തുത ഒക്കെയും യാഹ്വ്ശൂഅയോടു പറഞ്ഞു.

5:34 യാഹ്വ്ശൂഅ അവളോടു: മകളേ, നിന്റെ വിശ്വാസം നിന്നെ രക്ഷിച്ചിരിക്കുന്നു; സമാധാനത്തോടെപോയി ബാധ ഒഴിഞ്ഞു സ്വസ്ഥമായിരിക്ക എന്നു പറഞ്ഞു.

5:35 ഇങ്ങനെ പറഞ്ഞുകൊണ്ടിരിക്കുമ്പോൾ തന്നേ പള്ളിപ്രമാണിയുടെ വീട്ടിൽനിന്നു ആൾ വന്നു: നിന്റെ മകൾ മരിച്ചു പോയി; ഗുരുവിനെ ഇനി അസഹ്യപ്പെടുത്തുന്നതു എന്തിന്നു എന്നു പറഞ്ഞു.

5:36 യാഹ്വ്ശൂഅ ആ വാക്കു കാൎയ്യമാക്കാതെ പള്ളിപ്രമാണിയോടു: ഭയപ്പെടേണ്ടാ, വിശ്വസിക്കമാത്രം ചെയ്ക എന്നു പറഞ്ഞു.

5:37 പത്രൊസും യാക്കോബും യാക്കോബിന്റെ സഹോദരനായ യോഹന്നാനും അല്ലാതെ മറ്റാരും തന്നോടുകൂടെ ചെല്ലുവാൻ സമ്മതിച്ചില്ല.

5:38 പള്ളിപ്രമാണിയുടെ വീട്ടിൽ വന്നാറെ ആരവാരത്തെയും വളരെ കരഞ്ഞുവിലപിക്കുന്നവരെയും കണ്ടു;

5:39 അകത്തു കടന്നു: നിങ്ങളുടെ ആരവാരവും കരച്ചലും എന്തിന്നു? കുട്ടി മരിച്ചിട്ടില്ല, ഉറങ്ങുന്നത്രേ എന്നു അവരോടു പറഞ്ഞു; അവരോ യാഹ്വ്ശൂഅയെ പരിഹസിച്ചു.

5:40 യാഹ്വ്ശൂഅ എല്ലാവരെയും പുറത്താക്കി കുട്ടിയുടെ അപ്പനെയും അമ്മയെയും തന്നോടുകൂടെയുള്ളവരെയും കൂട്ടികൊണ്ടു കുട്ടി കിടക്കുന്ന ഇടത്തുചെന്നു

5:41 കുട്ടിയുടെ കൈക്കു പിടിച്ചു: ബാലേ, എഴുന്നേല്ക്ക എന്നു നിന്നോടു കല്പിക്കുന്നു എന്ന
അത്ഥത്തോടെ തലീഥാ കൂമി എന്നു അവളോടു പറഞ്ഞു.

5:42 ബാല ഉടനെ എഴുന്നേറ്റു നടന്നു; അവൾക്കു പന്ത്രണ്ടു വയസ്സായിരുന്നു; അവർ അത്യന്തം
വിസ്മയിച്ചു.

5:43 ഇതു ആരും അറിയരുതു എന്നു യാഹ്ശൂഅ അവരോടു ഏറിയോന്നു കല്പിച്ചു. അവൾക്കു
ഭക്ഷിപ്പാൻ കൊടുക്കേണം എന്നും പറഞ്ഞു.

## അദ്ധ്യായം 6

6:1 യാഹ്ശൂഅ അവിടെനിന്നു പുറപ്പെട്ടു, താൻ വളർന്ന ദേശത്തിൽ ചെന്നു; യാഹ്ശൂഅയുടെ
ശിഷ്യന്മാരും അനുഗമിച്ചു.

6:2 ശബ്ബത്തായപ്പോൾ യാഹ്ശൂഅ പള്ളിയിൽ ഉപദേശിച്ചു തുടങ്ങി; പലരും കേട്ടു വിസ്മയിച്ചു: ഇവന്നു
ഇവ എവിടെനിന്നു? ഇവന്നു കിട്ടിയ ഈ ജ്ഞാനവും ഇവന്റെ കയ്യാൽ നടക്കുന്ന
വീര്യ്പ്രവൃത്തികളും എന്തു?

6:3 ഇവൻ മറിയയുടെ മകനും യാക്കോബ് യോസെ, യൂദാ, ശിമോൻ എന്നവരുടെ സഹോദരനുമായ
തച്ചനല്ലയോ? ഇവന്റെ സഹോദരികളും ഇവിടെ നമ്മോടുകൂടെ ഇല്ലയോ എന്നു പറഞ്ഞു അവങ്കൽ
ഇടറിപ്പോയി.

6:4 യാഹ്ശൂഅ അവരോടു: ഒരു പ്രവാചകൻ തന്റെ സ്വന്ത ദേശത്തിലും ചാച്ക്കാരുടെ ഇടയിലും
സ്വന്തഭവനത്തിലും അല്ലാതെ ബഹുമാനമില്ലാത്തവൻ അല്ല എന്നു പറഞ്ഞു.

6:5 ഏതാനും ചില രോഗികളുടെ മേൽ കൈവെച്ചു സൌഖ്യം വരുത്തിയതു അല്ലാതെ അവിടെ
വീര്യ്പ്രവൃത്തി ഒന്നും ചെയ്വാൻ കഴിഞ്ഞില്ല.

6:6 അവരുടെ അവിശ്വാസം ഹേതുവായി യാഹ്ശൂഅ ആശ്ചര്യ്പ്പെട്ടു. യാഹ്ശൂഅ ചുറ്റുമുള്ള
ഊരുക്കളിൽ ഉപദേശിച്ചുകൊണ്ടു സഞ്ചരിച്ചുപോന്നു.

6:7 അനന്തരം യാഹ്ശൂഅ പന്തിരുവരെ അടുക്കെ വിളിച്ചു, അവരെ ഈരണ്ടായി അയച്ചുതുടങ്ങി,
അവക്കു അശുദ്ധാത്മാക്കളുടെമേൽ അധികാരം കൊടുത്തു.

6:8 അവർ വഴിക്കു വടി അല്ലാതെ ഒന്നും എടുക്കരുതു; അപ്പവും പൊക്കണവും മടിശ്ശീലയിൽ കാശും
അരുതു; ചെരിപ്പു ഇട്ടു കൊള്ളാം;

6:9 രണ്ടുവസ്ത്രം ധരിക്കരുതു എന്നിങ്ങനെ അവരോടു കല്പിച്ചു.

6:10 നിങ്ങൾ എവിടെയെങ്കിലും ഒരു വീട്ടിൽചെന്നാൽ അവിടം വിട്ടു പുറപ്പെടുവോളം അതിൽതന്നേ പാപ്പിൻ.

6:11 ആരെങ്കിലും നിങ്ങളെ കൈക്കൊള്ളാതെയും നിങ്ങളുടെ വാക്കു കേൾക്കാതെയും ഇരുന്നാൽ അവിടം വിട്ടുപോകുമ്പോൾ നിങ്ങളുടെ കാലിലെ പൊടി അവൎക്കു സാക്ഷ്യത്തിന്നായി കുടഞ്ഞുകളവിൻ എന്നും അവരോടു പറഞ്ഞു. ന്യായവിധി ദിവസത്തിൽ ആ പട്ടണത്തെക്കാൾ സൊദോമ്യരുടെയും ഗമോൎയ്യരുടെയും ദേശത്തിന്നു സഹിക്കാവതാകും എന്നു ഞാൻ സത്യമായിട്ടു നിങ്ങളോടു പറയുന്നു.

6:12 അങ്ങനെ അവർ പുറപ്പെട്ടു മാനസാന്തരപ്പെടേണം എന്നു പ്രസംഗിച്ചു.

6:13 വളരെ ഭൂതങ്ങളെ പുറത്താക്കുകയും അനേകം രോഗികൾക്കു എണ്ണതേച്ചു സൌഖ്യം വരുത്തുകയും ചെയ്തു.

6:14 ഇങ്ങനെ യാഹ്ശൂഅയുടെ പേർ പ്രസിദ്ധമായി വരികയാൽ ഹെരോദാരാജാവു കേട്ടിട്ടു; യോഹന്നാൻ സ്നാപകൻ മരിച്ചവരുടെ ഇടയിൽനിന്നു ഉയിൎത്തെഴുന്നേറ്റിരിക്കുന്നു ; അതുകൊണ്ടു ഈ ശക്തികൾ അവനിൽ വ്യാപരിക്കുന്നു എന്നു പറഞ്ഞു.

6:15 യാഹ്ശൂഅ ഏലിയാവാകുന്നു എന്നു മറ്റുചിലർ പറഞ്ഞു, വേറെ ചിലർ: യാഹ്ശൂഅ പ്രവാചകന്മാരിൽ ഒരുത്തനെപ്പോലെ ഒരു പ്രവാചകൻ എന്നു പറഞ്ഞു.

6:16 അതു ഹെരോദാവു കേട്ടാറെ: ഞാൻ തലവെട്ടിച്ച യോഹന്നാൻ ആകുന്നു അവൻ: അവൻ ഉയിൎത്തെഴുന്നേറ്റിരിക്കുന്നു എന്നു പറഞ്ഞു.

6:17 ഹെരോദാ തന്റെ സഹോദരനായ ഫീലിപ്പൊസിന്റെ ഭാൎയ്യ ഹെരോദ്യയെ പരിഗ്രഹിച്ചതുകൊണ്ടു അവൾനിമിത്തം ആളയച്ചു, യോഹന്നാനെ പിടിച്ചു തടവിലാക്കിയിരുന്നു.

6:18 സഹോദരന്റെ ഭാൎയ്യയെ പരിഗ്രഹിക്കുന്നതു നിനക്കു വിഹിതമല്ല എന്നു യോഹന്നാൻ ഹെരോദാവോടു പറഞ്ഞിരുന്നു.

6:19 ഹെരോദ്യയോ അവന്റെ നേരെ പകവെച്ചു അവനെ കൊല്ലുവാനും ഇച്ഛിച്ചു; സാധിച്ചില്ലതാനും.

6:20 യോഹന്നാൻ നീതിയും വിശുദ്ധിയുമുള്ള പുരുഷൻ എന്നു ഹെരോദാവു അറിഞ്ഞു അവനെ ഭയപ്പെടുകയും അവനെ കാത്തുകൊൾകയും ചെയ്തു; അവന്റെ വചനം കേട്ടിട്ടു വളരെ കലങ്ങിയെങ്കിലും സന്തോഷത്തോടെ കേട്ടുപോന്നു.

6:21 എന്നാൽ ഹെരോദാവു തന്റെ ജനനോത്സവത്തിൽ തന്റെ മഹത്തുക്കൾക്കും സഹസ്രാധിപന്മാൎക്കും ഗലീലയിലെ പ്രമാണികൾക്കും വിരുന്നു കഴിച്ചപ്പോൾ ഒരു തരം വന്നു.

6:22 ഹെരോദ്യയുടെ മകൾ അകത്തു ചെന്നു നൃത്തംചെയ്തു ഹെരോദാവിനെയും വിരുന്നുകാരെയും പ്രസാദിപ്പിച്ച സമയം: മനസ്സുള്ളതു എന്തെങ്കിലും എന്നോടു ചോദിച്ചുകൊൾക; നിനക്കു തരാം എന്നു രാജാവു ബാലയോടു പറഞ്ഞു.

6:23 എന്തു ചോദിച്ചാലും, രാജ്യത്തിൽ പകുതിയോളം ആയാലും നിനക്കു തരാം എന്നു സത്യം ചെയ്തു.

6:24 അവൾ പുറത്തിറങ്ങി അമ്മയോടു: ഞാൻ എന്തുചോദിക്കേണം എന്നു ചോദിച്ചതിന്നു: യോഹന്നാൻ സ്നാപകന്റെ തല എന്നു അവൾ പറഞ്ഞു.

6:25 ഉടനെ അവൾ ബദ്ധപ്പെട്ടു രാജാവിന്റെ അടുക്കൽ ചെന്നു: ഇപ്പോൾതന്നെ യോഹന്നാൻ സ്നാപകന്റെ തല ഒരു തളികയിൽ തരേണം എന്നു പറഞ്ഞു.

6:26 രാജാവു അതിദു:ഖിതനായി എങ്കിലും ആണയെയും വിരുന്നു കാരെയും വിചാരിച്ചു അവളോടു നിഷേധിപ്പാൻ മനസ്സില്ലാഞ്ഞു.

6:27 ഉടനെ രാജാവു ഒരു അകമ്പടിയെ അയച്ചു, അവന്റെ തല കൊണ്ടുവരുവാൻ കല്പിച്ചു.

6:28 അവൻ പോയി തടവിൽ അവനെ ശിരഛേദം ചെയ്തു; അവന്റെ തല ഒരു തളികയിൽ കൊണ്ടുവന്നു ബാലെക്കു കൊടുത്തു; ബാല അമ്മെക്കു കൊടുത്തു.

6:29 അവന്റെ ശിഷ്യന്മാർ അതുകേട്ടിട്ടു വന്നു അവന്റെ ശവം എടുത്തു ഒരു കല്ലറയിൽ വെച്ചു.

6:30 പിന്നെ അപ്പോസ്തലന്മാർ യാഹ്ശൂഅയുടെ അടുക്കൽ വന്നു കൂടി തങ്ങൾ ചെയ്തതും ഉപദേശിച്ചതും എല്ലാം അറിയിച്ചു.

6:31 വരുന്നവരും പോകുന്നവരും വളരെ ആയിരുന്നതിനാൽ അവൎക്കു ഭക്ഷിപ്പാൻപോലും സമയം ഇല്ലായ്കകൊണ്ടു യാഹ്ശൂഅ അവരോടു: നിങ്ങൾ ഒരു ഏകാന്തസ്ഥലത്തു വേറിട്ടു വന്നു അല്പം ആശ്വസിച്ചുകൊൾവിൻ എന്നു പറഞ്ഞു.

6:32 അങ്ങനെ അവർ പടകിൽ കയറി ഒരു ഏകാന്തസ്ഥലത്തു വേറിട്ടുപോയി.

6:33 അവർ പോകുന്നതു പലരും കണ്ടു അറിഞ്ഞു, എല്ലാ പട്ടണങ്ങളിൽനിന്നും കാൽനടയായി അവിടേക്കു ഓടി അവൎക്കു മുമ്പെ എത്തി.

6:34 അവർ പടകിൽനിന്നു ഇറങ്ങിയാറെ വലിയ പുരുഷാരത്തെ കണ്ടു, അവർ ഇടയനില്ലാത്ത ആടുകളെപ്പോലെ ആകകൊണ്ടു അവരിൽ മനസ്സലിഞ്ഞു പലതും ഉപദേശിച്ചു തുടങ്ങി.

6:35 പിന്നെ നേരം നന്നേ വൈകീട്ടു ശിഷ്യന്മാർ യാഹ്ശൂഅയുടെ അടുക്കൽ വന്നു ; ഇതു നിൎജ്ജനപ്രദേശം അല്ലോ; നേരവും നന്നേ വൈകി ;

6:36 ഭക്ഷിപ്പാൻ ഇല്ലായ്കയാൽ അവർ ചുറ്റുമുള്ള കുടികളിലും ഊരുക്കളിലും ചെന്നു ഭക്ഷിപ്പാൻ വല്ലതും കൊള്ളേണ്ടതിന്നു അവരെ പറഞ്ഞയക്കേണം എന്നു പറഞ്ഞു.

6:37 യാഹ്ശൂഅ അവരോടു: നിങ്ങൾ അവൎക്കു ഭക്ഷിപ്പാൻ കൊടുപ്പിൻ എന്നു കല്പിച്ചതിന്നു: ഞങ്ങൾ പോയി ഇരുന്നൂറു വെള്ളിക്കാശിന്നു അപ്പം കൊണ്ടിട്ടു അവൎക്കു തിന്മാൻ കൊടുക്കയോ എന്നു യാഹ്ശൂഅയോടു പറഞ്ഞു.

6:38 യാഹ്ശൂഅ അവരോടു: നിങ്ങൾക്കു എത്ര അപ്പം ഉണ്ടു? ചെന്നു നോക്കുവിൻ എന്നു പറഞ്ഞു; അവർ നോക്കീട്ടു: അഞ്ചു, രണ്ടു മീനും ഉണ്ടു എന്നു പറഞ്ഞു.

6:39 പിന്നെ യാഹ്ശൂഅ അവരോടു: എല്ലാവരെയും പച്ചപ്പുല്ലിൽ പന്തിപന്തിയായി ഇരുത്തുവാൻ കല്പിച്ചു.

6:40 അവർ നൂറും അമ്പതും വീതം നിരനിരയായി ഇരുന്നു.

6:41 യാഹ്ശൂഅ ആ അഞ്ചു അപ്പവും രണ്ടുമീനും എടുത്തു സ്വർഗ്ഗത്തേക്കു നോക്കി വാഴ്ത്തി , അപ്പം നുറുക്കി, അവക്കു വിളമ്പുവാൻ തന്റെ ശിഷ്യന്മാക്കു കൊടുത്തു; ആ രണ്ടു മീനും എല്ലാവക്കും വിഭാഗിച്ചുകൊടുത്തു.

6:42 എല്ലാവരും തിന്നു തൃപ്തരായി.

6:43 കഷണങ്ങളും മീൻനുറുക്കും പന്ത്രണ്ടുകൊട്ട നിറച്ചെടുത്തു.

6:44 അപ്പം തിന്നവരോ അയ്യായിരം പുരുഷന്മാർ ആയിരുന്നു.

6:45 താൻ പുരുഷാരത്തെ പറഞ്ഞയക്കുന്നതിനിടയിൽ തന്റെ ശിഷ്യന്മാരെ ഉടനെ പടകു കയറി അക്കരെ ബെത്ത്സയിദെക്കു നേരെ മുന്നോടുവാൻ നിബ്ബന്ധിച്ചു.

6:46 അവരെ പറഞ്ഞയച്ചു വിട്ടയച്ചശേഷം താൻ പ്രാത്ഥിപ്പാൻ മലയിൽ പോയി.

6:47 വൈകുന്നേരം ആയപ്പോൾ പടകു കടലിന്റെ നടുവിലും താൻ ഏകനായി കരയിലും ആയിരുന്നു.

6:48 കാറ്റു പ്രതികൂലം ആകകൊണ്ടു അവർ തണ്ടു വലിച്ചു വലയുന്നതു യാഹ്ശൂഅ കണ്ടു ഏകദേശം രാത്രി നാലാം യാമത്തിൽ കടലിന്മേൽ നടന്നു അവരുടെ അടുക്കൽ ചെന്നു അവരെ കടന്നുപോകുവാൻ ഭാവിച്ചു.

6:49 യാഹ്ശൂഅ കടലിന്മേൽ നടക്കുന്നതുകണ്ടിട്ടു ഭൂതം എന്നു അവർ നിരൂപിച്ചു നിലവിളിച്ചു.

6:50 എല്ലാവരും യാഹ്ശൂഅയെ കണ്ടു ഭ്രമിച്ചിരുന്നു. ഉടനെ യാഹ്ശൂഅ അവരോടു സംസാരിച്ചു: ധൈര്യ്യപ്പെടുവിൻ; ഞാൻ തന്നേ ആകുന്നു; ഭയപ്പെടേണ്ടാ എന്നു പറഞ്ഞു.

6:51 പിന്നെ യാഹ്ശൂഅ അവരുടെ അടുക്കൽ ചെന്നു പടകിൽ കയറി, കാറ്റു അമന്നു; അവർ ഉള്ളിൽ അത്യന്തം ഭ്രമിച്ചാശ്ചര്യ്യപ്പെട്ടു.

6:52 അവരുടെ ഹൃദയം കടുത്തിരുന്നതുകൊണ്ടു അപ്പത്തിന്റെ സംഗതി അവർ ഗ്രഹിച്ചില്ല.

6:53 അവർ അക്കരെ എത്തി ഗെന്നേസരത്ത് ദേശത്തു അണഞ്ഞു.

6:54 അവർ പടകിൽനിന്നു ഇറങ്ങിയ ഉടനെ ജനങ്ങൾ യാഹ്ശൂഅയെ അറിഞ്ഞു.

6:55 ആ നാട്ടിൽ ഒക്കെയും ചുറ്റിഓടി, യാഹ്ശൂഅ ഉണ്ടു എന്നു കേൾക്കുന്ന ഇടത്തേക്കു ദീനക്കാരെ കിടക്കയിൽ എടുത്തുകൊണ്ടുവന്നു തുടങ്ങി.

6:56 ഊരുകളിലോ പട്ടണങ്ങളിലോ കുടികളിലോ യാഹ്ശൂഅ ചെന്നെടത്തൊക്കെയും അവർ തെരുവീധികളിൽ രോഗികളെ കൊണ്ടുവന്നു വെച്ചു, യാഹ്ശൂഅയുടെ വസ്ത്രത്തിന്റെ തൊങ്ങൽ എങ്കിലും തൊടേണ്ടതിന്നു അപേക്ഷിക്കയും യാഹ്ശൂഅയെ തൊട്ടവൎക്കു ഒക്കെയും സൌഖ്യം വരുകയും ചെയ്തു.

## അദ്ധ്യായം 7

7:1 യെരുശലേമിൽനിന്നു പരീശന്മാരും ചില ശാസ്ത്രിമാരും യാഹ്ശൂഅയുടെ അടുക്കൽ വന്നു കൂടി.

7:2 യാഹ്ശൂഅയുടെ ശിഷ്യന്മാരിൽ ചിലർ ശുദ്ധിയില്ലാത്ത എന്നുവെച്ചാൽ, കഴുകാത്ത, കൈകൊണ്ടു ഭക്ഷണം കഴിക്കുന്നതു അവർ കണ്ടു.

7:3 പരീശന്മാരും യെഹൂദന്മാർ ഒക്കെയും പൂൎവ്വന്മാരുടെ സമ്പ്രദായം പ്രമാണിച്ചു കൈ നന്നായി കഴുകീട്ടല്ലാതെ ഭക്ഷണം കഴിക്കയില്ല.

7:4 ചന്തയിൽനിന്നു വരുമ്പോഴും കുളിച്ചിട്ടല്ലാതെ ഭക്ഷണം കഴിക്കയില്ല. പാനപാത്രം, ഭരണി, ചെമ്പു എന്നിവ കഴുകുക മുതലായി പലതും പ്രമാണിക്കുന്നതു അവൎക്കു ചട്ടമായിരിക്കുന്നു.

7:5 അങ്ങനെ പരീശന്മാരും ശാസ്ത്രിമാരും: നിന്റെ ശിഷ്യന്മാർ പൂൎവ്വന്മാരുടെ സമ്പ്രദായം അനുസരിച്ചു നടക്കാതെ ശുദ്ധിയില്ലാത്ത കൈകൊണ്ടു ഭക്ഷണം കഴിക്കുന്നതു എന്തു എന്നു യാഹ്ശൂഅയോടു ചോദിച്ചു.

7:6 യാഹ്ശൂഅ അവരോടു ഉത്തരം പറഞ്ഞതു: കപടഭക്തിക്കാരായ നിങ്ങളെക്കുറിച്ചു യെശയ്യാവു പ്രവചിച്ചതു ശരി: “ ഈ ജനം അധരംകൊണ്ടു എന്നെ ബഹുമാനിക്കുന്നു; എങ്കിലും അവരുടെ ഹൃദയം എങ്കൽനിന്നു ദൂരത്തു അകന്നിരിക്കുന്നു.

7:7 മാനുഷകല്പനകളായ ഉപദേശങ്ങളെ അവർ ഉപദേശിക്കുന്നതു കൊണ്ടു എന്നെ വ്യൎത്ഥമായി ഭജിക്കുന്നു. ” എന്നു എഴുതിയിരിക്കുന്നതുപോലെ തന്നേ.

7:8 നിങ്ങൾ ദൈവകല്പന വിട്ടുംകളഞ്ഞു മനുഷ്യരുടെ സമ്പ്രദായം പ്രമാണിക്കുന്നു;

7:9 പിന്നെ അവരോടു പറഞ്ഞതു: നിങ്ങളുടെ സമ്പ്രദായം പ്രമാണിപ്പാൻ വേണ്ടി നിങ്ങൾ ദൈവകല്പന തള്ളിക്കളയുന്നതു നന്നായി.

7:10 നിന്റെ അപ്പനെയും അമ്മയെയും ബഹുമാനിക്ക എന്നും അപ്പനെയോ അമ്മയെയോ പ്രാകുന്നവൻ മരിക്കേണം എന്നും മോശെ പറഞ്ഞുവല്ലോ.

7:11 നിങ്ങളോ ഒരു മനുഷ്യൻ: അപ്പനോടോ അമ്മയോടോ: നിനക്കു എന്നാൽ ഏതെല്ലാം ഉപകാരമായി വരുന്നുവോ അത് വഴിപാടു എന്നർത്ഥമുളള കൊർബ്ബാൻ എന്നു പറഞ്ഞാൽ മതി എന്നു പറയുന്നു;

7:12 തന്റെ അപ്പന്നോ അമ്മക്കോ മേലാൽ ഒന്നും ചെയ്‌വാൻ അവനെ സമ്മതിക്കുന്നതുമില്ല.

7:13 ഇങ്ങനെ നിങ്ങൾ ഉപദേശിക്കുന്ന സമ്പ്രദായത്താൽ ദൈവവചനത്തെ ദുർബ്ബലമാക്കുന്നു; ഈ വക പലതും നിങ്ങൾ ചെയ്യുന്നു.

7:14 പിന്നെ യാഹ്‌ശൂഅ പുരുഷാരത്തെ അരികെ വിളിച്ചു അവരോടു: എല്ലാവരും കേട്ടു ഗ്രഹിച്ചുകൊൾവിൻ.

7:15 പുറത്തുനിന്നു മനുഷ്യന്റെ അകത്തു ചെല്ലുന്ന യാതൊന്നിനും അവനെ അശുദ്ധമാക്കുവാൻ കഴികയില്ല; അവനിൽനിന്നു പുറപ്പെടുന്നതത്രേ മനുഷ്യനെ അശുദ്ധമാക്കുന്നതു

7:16 (കേൾപ്പാൻ ചെവി ഉളളവൻ കേൾക്കട്ടെ ) എന്നു പറഞ്ഞു.

7:17 യാഹ്‌ശൂഅ പുരുഷാരത്തെവിട്ടു വീട്ടിൽചെന്നശേഷം ശിഷ്യന്മാർ ആ ഉപമയെക്കുറിച്ചു യാഹ്‌ശൂഅയോടു ചോദിച്ചു.

7:18 യാഹ്‌ശൂഅ അവരോടു: ഇങ്ങനെ നിങ്ങളും ബോധമില്ലാത്തവരോ? പുറത്തുനിന്നു മനുഷ്യന്റെ അകത്തുചെല്ലുന്ന യാതൊന്നിന്നും അവനെ അശുദ്ധമാക്കുവാൻ കഴികയില്ല എന്നു തിരിച്ചറിയുന്നില്ലയോ?

7:19 അതു അവന്റെ ഹൃദയത്തിൽ അല്ല വയറ്റിലത്രേ ചെല്ലുന്നതു; പിന്നെ മറപ്പുരയിലേക്കു പോകുന്നു; ഇങ്ങനെ സകലഭോജ്യങ്ങൾക്കും ശുദ്ധിവരുത്തുന്നു എന്നു പറഞ്ഞു.

7:20 മനുഷ്യനിൽനിന്നു പുറപ്പെടുന്നതത്രേ മനുഷ്യനെ അശുദ്ധനാക്കുന്നതു ;

7:21 അകത്തുനിന്നു, മനുഷ്യരുടെ ഹൃദയത്തിൽ നിന്നു തന്നേ, ദുശ്ചിന്ത, വ്യഭിചാരം, പരസംഗം, കുലപാതകം,

7:22 മോഷണം, ദ്രവ്യാഗ്രഹം,ദുഷ്ടത, ചതി, കാമവികാരം, വിടക്കു കണ്ണു, ദൂഷണം, അഹങ്കാരം, മൂഢത എന്നിവ പുറപ്പെടുന്നു.

7:23 ഈ ദോഷങ്ങൾ എല്ലാം അകത്തുനിന്നു പുറപ്പെട്ടു മനുഷ്യനെ അശുദ്ധനാക്കുന്നു എന്നും യാഹ്‌ശൂഅ പറഞ്ഞു.

7:24 യാഹ്‌ശൂഅ അവിടെനിന്നു പുറപ്പെട്ടു സീദോന്റെയും സോരിന്റെയും അതിർനാട്ടിൽ ചെന്നു ഒരു വീട്ടിൽ കടന്നു; ആരും അറിയരുതു എന്നു ഇച്ഛിച്ചു എങ്കിലും മറഞ്ഞിരിപ്പാൻ സാധിച്ചില്ല.

7:25 അശുദ്ധാത്മാവു ബാധിച്ച ചെറിയ മകൾ ഉളേളാരു സ്ത്രീ യാഹ്‌ശൂഅയുടെ വസ്തുതകേട്ടിട്ടു വന്നു യാഹ്‌ശൂഅയുടെ കാല്ക്കൽ വീണു.

7:26 അവൾ സുറൊഫൊയിനീക്യജാതിയിലുള്ള ഒരു യവനസ്ത്രീ ആയിരുന്നു; തന്റെ മകളിൽനിന്നു
ഭൂതത്തെപുറത്താക്കുവാൻ അവൾ യാഹ്ശൂഅയോടു അപേക്ഷിച്ചു.

7:27 യാഹ്ശൂഅ അവളോടു: മുമ്പെ മക്കൾക്കു തൃപ്തിവരട്ടെ; മക്കളുടെ അപ്പം എടുത്തു
ചെറുനായ്ക്കൾക്കു ഇട്ടുകൊടുക്കുന്നതു നന്നല്ല എന്നു പറഞ്ഞു.

7:28 അവൾ യാഹ്ശൂഅയോടു: അതേ, കർത്താവേ, ചെറുനായ്ക്കളും മേശെക്കു കീഴെ കുട്ടികളുടെ
അപ്പനുറുക്കുകളെ തിന്നുന്നുവല്ലോ എന്നു ഉത്തരം പറഞ്ഞു.

7:29 യാഹ്ശൂഅ അവളോടു: ഈ വാക്കുനിമിത്തം പൊയ്ക്കൊൾക: ഭൂതം നിന്റെ മകളെ വിട്ടു
പോയിരിക്കുന്നു എന്നു പറഞ്ഞു.

7:30 അവൾ വീട്ടിൽ വന്നാറെ, മകൾ കിടക്കമേൽ കിടക്കുന്നതും ഭൂതം വിട്ടുപോയതും കണ്ടു.

7:31 യാഹ്ശൂഅ വീണ്ടും സോരിന്റെ അതിർവിട്ടു സീദോൻവഴിയായി ദെക്കപ്പൊലിദേശത്തിന്റെ
നടുവിൽകൂടി ഗലീലക്കടല്പുറത്തു വന്നു.

7:32 അവിടെ അവർ വിക്കനായോരു ചെകിടനെ യാഹ്ശൂഅയുടെ അടുക്കൽ കൊണ്ടുവന്നു, അവന്റെ
മേൽ കൈവെക്കേണം എന്നു അപേക്ഷിച്ചു.

7:33 യാഹ്ശൂഅ അവനെ പുരുഷാരത്തിൽനിന്നു വേറിട്ടു കൂട്ടിക്കൊണ്ടു പോയി അവന്റെ ചെവിയിൽ
വിരൽ ഇട്ടു, തുപ്പി അവന്റെ നാവിനെ തൊട്ടു,

7:34 സ്വർഗ്ഗത്തേക്കു നോക്കി നെടുവീർപ്പിട്ടു അവനോടു: തുറന്നു വരിക എന്നു അർത്ഥമുള്ള എഫഥാ എന്നു
പറഞ്ഞു.

7:35 ഉടനെ അവന്റെ ചെവി തുറന്നു നാവിന്റെ കെട്ടും അഴിഞ്ഞിട്ടു അവൻ ശരിയായി സംസാരിച്ചു.

7:36 ഇതു ആരോടും പറയരുതു എന്നു അവരോടു കല്പിച്ചു എങ്കിലും യാഹ്ശൂഅ എത്ര കല്പിച്ചുവോ
അത്രയും അവർ പ്രസിദ്ധമാക്കി:

7:37 യാഹ്ശൂഅ സകലവും നന്നായി ചെയ്തു; ചെകിടരെ കേൾക്കുമാറാക്കുന്നു; ഊമരെ
സംസാരിക്കമാറാക്കുന്നു എന്നു പറഞ്ഞു അത്യന്തം വിസ്മയിച്ചു.

## അദ്ധ്യായം 8

8:1 ആ ദിവസങ്ങളിൽ ഏറ്റവും വലിയ പുരുഷാരം ഉണ്ടായിരിക്കെ അവർക്കു ഭക്ഷിപ്പാൻ ഒന്നും
ഇല്ലായ്കകൊണ്ടു യാഹ്ശൂഅ ശിഷ്യന്മാരെ അടുക്കൽ വിളിച്ചു അവരോടു:

8:2 ഈ പുരുഷാരം ഇപ്പോൾ മൂന്നുനാളായി എന്നോടുകൂടെ പാൎക്കുന്നു; അവൎക്കു ഭക്ഷിപ്പാൻ ഒന്നും
ഇല്ലായ്കകൊണ്ടു എനിക്കു അവരോടു അലിവു തോന്നുന്നു;

8:3 ഞാൻ അവരെ പട്ടിണിയായി വീട്ടിലേക്കു അയച്ചാൽ അവർ വഴിയിൽവെച്ചു തളൎന്നുപോകും;
അവരിൽ ചിലർ ദൂരത്തിനിന്നു വന്നവരല്ലോ എന്നു പറഞ്ഞു.

8:4 അതിന്നു യാഹ്ശൂഅയുടെ ശിഷ്യന്മാർ: ഇവൎക്കു ഇവിടെ വനത്തിൽ അപ്പം കൊടുത്തു
തൃപ്തിവരുത്തുവാൻ എങ്ങനെ കഴിയും എന്നു ഉത്തരം പറഞ്ഞു.

8:5 യാഹ്ശൂഅ അവരോടു: നിങ്ങളുടെ പക്കൽ എത്ര അപ്പം ഉണ്ടു എന്നു ചോദിച്ചു. ഏഴു എന്നു
അവർ പറഞ്ഞു.

8:6 യാഹ്ശൂഅ പുരുഷാരത്തോടു നിലത്തു ഇരിപ്പാൻ കല്പിച്ചു; പിന്നെ ആ ഏഴപ്പം എടുത്തു സ്തോത്രം
ചെയ്തു നുറുക്കി, ശിഷ്യന്മാരുടെ പക്കൽ വിളമ്പുവാൻ കൊടുത്തു; അവർ പുരുഷാരത്തിന്നു വിളമ്പി.

8:7 ചെറിയമീനും കുറെ ഉണ്ടായിരുന്നു; അതും യാഹ്ശൂഅ അനുഗ്രഹിച്ചിട്ടു, വിളമ്പുവാൻ പറഞ്ഞു.

8:8 അവർ തിന്നു തൃപ്തരായി; ശേഷിച്ച കഷണങ്ങൾ ഏഴുവട്ടി നിറച്ചെടുത്തു.

8:9 അവർ ഏകദേശം നാലായിരംപേർ ആയിരുന്നു.

8:10 യാഹ്ശൂഅ അവരെ പറഞ്ഞയച്ച ഉടനെ ശിഷ്യന്മാരോടുകൂടെ പടകിൽ കയറി ദല്മനൂഥ
അംശങ്ങളിൽ എത്തി.

8:11 അനന്തരം പരീശന്മാർ വന്നു യാഹ്ശൂഅയെ പരീക്ഷിച്ചുകൊണ്ടു ആകാശത്തുനിന്നു ഒരു അടയാളം
അന്വേഷിച്ചു അവനുമായി തൎക്കിച്ചു തുടങ്ങി.

8:12 യാഹ്ശൂഅ ആത്മാവിൽ ഞരങ്ങി: ഈ തലമുറ അടയാളം അന്വേഷിക്കുന്നതു എന്തു? ഈ
തലമുറെക്കു അടയാളം ലഭിക്കയില്ല എന്നു ഞാൻ സത്യമായിട്ടു നിങ്ങളോടു പറയുന്നു എന്നു
പറഞ്ഞു.

8:13 അവരെ വിട്ടു പിന്നെയും പടകു കയറി അക്കരെക്കു കടന്നു.

8:14 അവർ അപ്പം കൊണ്ടുപോകുവാൻ മറന്നു പോയിരുന്നു; പടകിൽ അവരുടെ പക്കൽ ഒരു അപ്പം
മാത്രമേ ഉണ്ടായിരുന്നുള്ളു.

8:15 യാഹ്ശൂഅ അവരോടു: നോക്കുവിൻ, പരീശരുടെ പുളിച്ചമാവും ഹെരോദാവിന്റെ പുളിച്ചമാവും
സൂക്ഷിച്ചു കൊൾവിൻ എന്നു കല്പിച്ചു.

8:16 നമുക്കു അപ്പം ഇല്ലായ്കയാൽ എന്നു അവർ തമ്മിൽ തമ്മിൽ പറഞ്ഞു.

8:17 അതു യാഹ്ശൂഅ അറിഞ്ഞു അവരോടു പറഞ്ഞതു: അപ്പം ഇല്ലായ്കയാൽ നിങ്ങൾ തമ്മിൽ
പറയുന്നതു എന്തു? ഇപ്പോഴും തിരിച്ചറിയുന്നില്ലയോ? ഗ്രഹിക്കുന്നില്ലയോ? നിങ്ങളുടെ ഹൃദയം
കടുത്തിരിക്കുന്നുവോ?

8:18 കണ്ണു ഉണ്ടായിട്ടും കാണുന്നില്ലയോ? ചെവി ഉണ്ടായിട്ടും കേൾക്കുന്നില്ലയോ? ഓർക്കുന്നതുമില്ലയോ?

8:19 അയ്യായിരംപേർക്കു ഞാൻ അഞ്ചപ്പം നുറുക്കിയപ്പോൾ കഷണങ്ങൾ എത്രകൊട്ട നിറച്ചെടുത്തു?
പന്ത്രണ്ടു എന്നു അവർ യാഹ്ഹൂശൂഅയോടു പറഞ്ഞു.

8:20 നാലായിരം പേർക്കു ഏഴു നുറുക്കിയപ്പോൾ കഷണങ്ങൾ എത്ര വട്ടി നിറച്ചെടുത്തു? ഏഴു എന്നു
അവർ യാഹ്ഹൂശൂഅയോടു പറഞ്ഞു.

8:21 പിന്നെ യാഹ്ഹൂശൂഅ അവരോടു: ഇപ്പോഴും നിങ്ങൾ ഗ്രഹിക്കുന്നില്ലയോ എന്നു പറഞ്ഞു.

8:22 അവർ ബെത്ത്സയിദയിൽ എത്തിയപ്പോൾ ഒരു കുരുടനെ യാഹ്ഹൂശൂഅയുടെ അടുക്കൽ
കൊണ്ടുവന്നു അവനെ തൊടേണമെന്നു അപേക്ഷിച്ചു.

8:23 യാഹ്ശൂഅ കുരുടന്റെ കൈക്കു പിടിച്ചു അവനെ ഊരിന്നു പുറത്തു കൊണ്ടുപോയി അവന്റെ
കണ്ണിൽ തുപ്പി അവന്റെ മേൽ കൈവെച്ചു: നീ വല്ലതും കാണുന്നുണ്ടോ എന്നു ചോദിച്ചു.

8:24 അവൻ മേല്പൊട്ടുനോക്കി: ഞാൻ മനുഷ്യരെ കാണുന്നു; അവർ നടക്കുന്നതു മരങ്ങൾപോലെയത്രേ
കാണുന്നതു എന്നു പറഞ്ഞു.

8:25 പിന്നെയും അവന്റെ കണ്ണിന്മേൽ കൈവെച്ചാറെ അവൻ സൌഖ്യം പ്രാപിച്ചു മിഴിച്ചുനോക്കി എല്ലാം
സ്പഷ്ടമായി കണ്ടു.

8:26 നീ ഊരിൽ കടക്കപോലും അരുതു എന്നു യാഹ്ഹൂശൂഅ പറഞ്ഞു അവനെ വീട്ടിലേക്കു അയച്ചു.

8:27 അനന്തരം യാഹ്ഹൂശൂവ ശിഷ്യന്മാരുമായി ഫിലിപ്പോസിന്റെ കൈസര്യ്യക്കു അടുത്ത ഊരുകളിലേക്കു
പോയി; വഴിയിൽ വെച്ചു ശിഷ്യന്മാരോടു: ജനങ്ങൾ എന്നെ ആർ എന്നു പറയുന്നു എന്നു
ചോദിച്ചു.

8:28 യോഹന്നാൻ സ്നാപകനെന്നു ചിലർ, ഏലീയാവെന്നു ചിലർ, പ്രവാചകന്മാരിൽ ഒരുത്തൻ എന്നു മറ്റു
ചിലർ എന്നു അവർ ഉത്തരം പറഞ്ഞു.

8:29 യാഹ്ഹൂശൂഅ അവരോടു: എന്നാൽ നിങ്ങൾ എന്നെ ആർ എന്നു പറയുന്നു എന്നു ചോദിച്ചതിന്നു:
നീ മശീഹ ആകുന്നു എന്നു പത്രൊസ് ഉത്തരം പറഞ്ഞു.

8:30 പിന്നെ തന്നെക്കുറിച്ചു ആരോടും പറയരുതെന്നു യാഹ്ഹൂശൂഅ അവരോടു ഖണ്ഡിതമായി പറഞ്ഞു.

8:31 മനുഷ്യപുത്രൻ പലതും സഹിക്കയും മൂപ്പന്മാരും മഹാപുരോഹിതന്മാരും ശാസ്ത്രിമാരും
യാഹ്ഹൂശൂഅയെ തള്ളിക്കളഞ്ഞു കൊല്ലുകയും മൂന്നുനാൾ കഴിഞ്ഞിട്ടു യാഹ്ഹൂശൂഅ
ഉയിർത്തെഴുന്നേല്ക്കയും വേണം എന്നു അവരെ ഉപദേശിച്ചുതുടങ്ങി.

8:32 യാഹ്ഹൂശൂഅ ഈ വാക്കു തുറന്നു പറഞ്ഞു. അപ്പോൾ പത്രൊസ് യാഹ്ശൂഅയെ
വേറിട്ടുകൊണ്ടുപോയി ശാസിച്ചുതുടങ്ങി;

8:33 യാഹ്ശൂഅയോ തിരിഞ്ഞുനോക്കി ശിഷ്യന്മാരെ കണ്ടിട്ടു പത്രൊസിനെ ശാസിച്ചു: സാത്താനേ,
എന്റെ പിന്നിൽ പോക ; നീ യാഹ്വയായ ദൈവത്തിന്റേതല്ല മനുഷ്യരുടേതത്രേ കരുതുന്നതു
എന്നു പറഞ്ഞു.

8:34 പിന്നെ യാഹ്ശൂഅ പുരുഷാരത്തെയും തന്റെ ശിഷ്യന്മാരെയും അരികെ വിളിച്ചു അവരോടു
പറഞ്ഞതു: ഒരുവൻ എന്നെ അനുഗമിപ്പാൻ ഇച്ഛിച്ചാൽ അവൻ തന്നെത്താൻ ത്യജിച്ചു തന്റെ ക്രൂശ്
എടുത്തുകൊണ്ടു എന്നെ അനുഗമിക്കട്ടെ.

8:35 ആരെങ്കിലും തന്റെ ജീവനെ രക്ഷിപ്പാൻ ഇച്ഛിച്ചാൽ അതിനെ കളയും; ആരെങ്കിലും എന്റെയും
സുവിശേഷത്തിന്റെയും നിമിത്തം തന്റെ ജീവനെ കളഞ്ഞാൽ അതിനെ രക്ഷിക്കും.

8:36 ഒരു മനുഷ്യൻ സർവ്വലോകവും നേടുകയും തന്റെജീവനെ കളകയും ചെയ്താൽ അവന്നു എന്തു
പ്രയോജനം?

8:37 അല്ല, തന്റെ ജീവന്നു വേണ്ടി മനുഷ്യൻ എന്തൊരു മറുവില കൊടുക്കും?

8:38 വ്യഭിചാരവും പാപവും ഉള്ള ഈ തലമുറയിൽ ആരെങ്കിലും എന്നെയും എന്റെ
വചനത്തെയുംകുറിച്ചു നാണിച്ചാൽ അവനെക്കുറിച്ചു മനുഷ്യപുത്രനും തന്റെ പിതാവിന്റെ
തേജസ്സിൽ വിശുദ്ധദൂതന്മാരുമായി വരുമ്പോൾ നാണിക്കും;

## അദ്ധ്യായം 9

9:1 പിന്നെ യാഹ്ശൂഅ അവരോടു: ദൈവരാജ്യം ശക്തിയോടെ വരുന്നതു കാണുവോളം മരണം
ആസ്വദിക്കാത്തവർ ചിലർ ഈ നില്ക്കുന്നവരിൽ ഉണ്ടു എന്നു ഞാൻ സത്യമായിട്ടു നിങ്ങളോടു
പറയുന്നു എന്നു പറഞ്ഞു.

9:2 ആറുദിവസം കഴിഞ്ഞശേഷം യാഹ്ശൂഅ പത്രൊസിനെയും യാക്കോബിനെയും യോഹന്നാനെയും
കൂട്ടി ഒരു ഉയന്ന് മലയിലേക്കു തനിച്ചു കൊണ്ടുപോയി അവരുടെ മുമ്പാകെ രൂപാന്തരപ്പെട്ടു.

9:3 ഭൂമിയിൽ ഒരു അലക്കുകാരന്നും വെളുപ്പിപ്പാൻ കഴിയാതവണ്ണം അവന്റെ വസ്ത്രം
അത്യന്തംവെളുപ്പായി തിളങ്ങി.

9:4 അപ്പോൾ ഏലീയാവും മോശെയും അവൎക്കു പ്രത്യക്ഷമായി യാഹ്ശൂഅയോടു
സംഭാഷിച്ചുകൊണ്ടിരുന്നു.

9:5 പത്രൊസ് യാഹ്ശൂഅയോടു: റബ്ബി നാം ഇവിടെ ഇരിക്കുന്നതു നല്ലതു; ഞങ്ങൾ മൂന്നു കുടിൽ
ഉണ്ടാക്കട്ടെ; ഒന്നു നിനക്കും ഒന്നു മോശെക്കും ഒന്നു ഏലീയാവിന്നും എന്നു പറഞ്ഞു.

9:6 താൻ എന്തു പറയേണ്ടു എന്നു അവൻ അറിഞ്ഞില്ല; അവർ ഭയപരവശരായിരുന്നു.

9:7 പിന്നെ ഒരു മേഘംവന്നു അവരുടെമേൽ നിഴലിട്ടു: ഇവൻ എന്റെ പ്രിയപുത്രൻ; ഇവന്നു ചെവികൊടുപ്പിൻ എന്നു മേഘത്തിൽനിന്നു ഒരു ശബ്ദവും ഉണ്ടായി.

9:8 പെട്ടെന്നു അവർ ചുറ്റും നോക്കിയാറെ തങ്ങളോടുകൂടെ യാഹ്ൂശൂഅയെ മാത്രം അല്ലാതെ ആരെയും കണ്ടില്ല.

9:9 അവർ മലയിൽനിന്നു ഇറങ്ങുമ്പോൾ: മനുഷ്യപുത്രൻ മരിച്ചവരിൽനിന്നു എഴുന്നേറ്റിട്ടല്ലാതെ ഈ കണ്ടതു ആരോടും അറിയിക്കരുതു എന്നു യാഹ്ൂശൂഅ അവരോടു കല്പിച്ചു.

9:10 മരിച്ചവരിൽനിന്നു എഴുന്നേല്ക്ക എന്നുള്ളതു എന്തു എന്നു തമ്മിൽ തൎക്കിച്ചുംകൊണ്ടു അവർ ആ വാക്കു ഉള്ളിൽ സംഗ്രഹിച്ചു;

9:11 ഏലീയാവു മുമ്പെ വരേണ്ടതു എന്നു ശാസ്ത്രിമാർ വാദിക്കുന്നതു എന്തു എന്നു അവർ ചോദിച്ചു.

9:12 അതിന്നു യാഹ്ൂശൂഅ: ഏലീയാവു മുമ്പെ വന്നു സകലവും യഥാസ്ഥാനത്താക്കുന്നു സത്യം; എന്നാൽ മനുഷ്യപുത്രനെക്കുറിച്ചു: അവൻ വളരെ കഷ്ടപ്പെടുകയും ധിക്കരിക്കപ്പെടുകയും ചെയ്യേണ്ടിവരും എന്നു എഴുതിയിരിക്കുന്നു

9:13 എന്നാൽ അവനെക്കുറിച്ചു എഴുതിയിരിക്കുന്നതുപോലെ ഏലീയാവു വന്നു; അവർ തങ്ങൾക്കു തോന്നിയതു എല്ലാം അവനോടു ചെയ്തു എന്നു ഞാൻ നിങ്ങളോടു പറയുന്നു എന്നു ഉത്തരം പറഞ്ഞു.

9:14 യാഹ്ൂശൂഅ ശിഷ്യന്മാരുടെ അടുക്കെ വന്നാറെ വലിയ പുരുഷാരം അവരെ ചുറ്റി നില്ക്കുന്നതും ശാസ്ത്രിമാർ അവരോടു തൎക്കിക്കുന്നതും കണ്ടു.

9:15 പുരുഷാരം യാഹ്ൂശൂഅയെ കണ്ട ഉടനെ ആശ്ചര്യപ്പെട്ട് ഓടിവന്നു യാഹ്ൂശൂഅയെ വന്ദിച്ചു.

9:16 യാഹ്ൂശൂഅ അവരോടു: നിങ്ങൾ അവരുമായി തൎക്കിക്കുന്നതു എന്തു എന്നു ചോദിച്ചു.

9:17 അതിന്നു പുരുഷാരത്തിൽ ഒരുത്തൻ: ഗുരോ, ഊമനായ ആത്മാവുള്ള എന്റെ മകനെ ഞാൻ നിന്റെ അടുക്കൽ കൊണ്ടുവന്നു.

9:18 അതു അവനെ എവിടെവെച്ചു പിടിച്ചാലും അവനെ തള്ളിയിടുന്നു; പിന്നെ അവൻ നുരെച്ചു പല്ലുകടിച്ചു വരണ്ടു പോകുന്നു. അതിനെ പുറത്താക്കേണ്ടതിന്നു ഞാൻ നിന്റെ ശിഷ്യന്മാരോടു പറഞ്ഞിട്ടു അവൎക്കു കഴിഞ്ഞില്ല എന്നു ഉത്തരം പറഞ്ഞു.

9:19 യാഹ്ൂശൂഅ അവരോടു: അവിശ്വാസമുള്ള തലമുറയേ, എത്രത്തോളം ഞാൻ നിങ്ങളോടുകൂടെ ഇരിക്കും? എത്രത്തോളം നിങ്ങളെ പൊറുക്കും? അവനെ എന്റെ അടുക്കൽ കൊണ്ടുവരുവിൻ എന്നു ഉത്തരം പറഞ്ഞു.

9:20 അവർ അവനെ യാഹ്ൂശൂഅയുടെ അടുക്കൽ കൊണ്ടുവന്നു. യാഹ്ൂശൂഅയെ കണ്ട ഉടനെ ആത്മാവു അവനെ ഇഴെച്ചു; അവൻ നിലത്തു വീണു നുരെച്ചുരുണ്ടു.

9:21 ഇതു അവന്നു സംഭവിച്ചിട്ടു എത്ര കാലമായി എന്നു അവന്റെ അപ്പനോടു ചോദിച്ചതിന്നു അവൻ: ചെറുപ്പം മുതൽ തന്നേ.

9:22 അതു അവനെ നശിപ്പിക്കേണ്ടതിന്നു പലപ്പോഴും തീയിലും വെള്ളത്തിലും തള്ളിയിട്ടിട്ടുണ്ടു; എന്നാൽ വല്ലതും കഴിയും എങ്കിൽ മനസ്സലിഞ്ഞു ഞങ്ങളെ സഹായിക്കേണമേ എന്നു പറഞ്ഞു.

9:23 യാഹ്‌ശൂഅ അവനോടു: നിനക്ക് വിശ്വസിപ്പാൻ കഴിയും എങ്കിൽ വിശ്വസിക്കുന്നവന്നു സകലവും കഴിയും എന്നു പറഞ്ഞു.

9:24 ബാലന്റെ അപ്പൻ ഉടനെ നിലവിളിച്ചു: കർത്താവേ, ഞാൻ വിശ്വസിക്കുന്നു എന്റെ അവിശ്വാസത്തിന്നു സഹായിക്കേണമേ എന്നു പറഞ്ഞു.

9:25 എന്നാറെ പുരുഷാരം ഓടിക്കൂടുന്നതു യാഹ്‌ശൂഅ കണ്ടിട്ടു അശുദ്ധാത്മവിനെ ശാസിച്ചു: ഊമനും ചെകിടനുമായ ആത്മാവേ, ഇവനെ വിട്ടുപോ; ഇനി അവനിൽ കടക്കരുതു എന്നു ഞാൻ നിന്നോടു കല്പിക്കുന്നു എന്നു പറഞ്ഞു.

9:26 അപ്പോൾ അതു നിലവിളിച്ചു അവനെ വളരെ ഇഴെച്ചു പുറപ്പെട്ടുപോയി. മരിച്ചുപോയി എന്നു പലരും പറവാൻ തക്കവണ്ണം അവൻ മരിച്ചപോലെ ആയി.

9:27 യാഹ്‌ശൂഅ അവനെ കൈക്കു പിടിച്ചു നിവർത്തി, അവൻ എഴുന്നേറ്റു.

9:28 വീട്ടിൽ വന്നശേഷം ശിഷ്യന്മാർ സ്വകാര്യമായി യാഹ്‌ശൂഅയോടു: ഞങ്ങൾക്കു അതിനെ പുറത്താക്കുവാൻ കഴിയാത്തതു എന്തു എന്നു ചോദിച്ചു.

9:29 പ്രാർത്ഥനയാലും ഉപവാസത്താലും അല്ലാതെ ഈ ജാതി (ഈ വക പിശാച്) ഒന്നിനാലും പുറപ്പെട്ടു പോകയില്ല എന്നു യാഹ്‌ശൂഅ പറഞ്ഞു.

9:30 അവിടെനിന്നു അവർ പുറപ്പെട്ടു ഗലീലയിൽകൂടി സഞ്ചരിച്ചു; അതു ആരും അറിയരുതെന്നു യാഹ്‌ശൂഅ ഇച്ഛിച്ചു.

9:31 യാഹ്‌ശൂഅ തന്റെ ശിഷ്യന്മാരെ പഠിപ്പിച്ചു അവരോടു: മനുഷ്യപുത്രൻ മനുഷ്യരുടെ കയ്യിൽ ഏല്പിക്കപ്പെടും; അവർ അവനെ കൊല്ലും; കൊന്നിട്ടു മൂന്നുനാൾ കഴിഞ്ഞശേഷം യാഹ്‌ശൂഅ ഉയിർത്തെഴുന്നേല്ക്കും എന്നു പറഞ്ഞു.

9:32 ആ വാക്കു അവർ ഗ്രഹിച്ചില്ല; യാഹ്‌ശൂഅയോടു ചോദിപ്പാനോ ഭയപ്പെട്ടു.

9:33 യാഹ്‌ശൂഅ കഫർന്നഹൂമിൽ വന്നു വീട്ടിൽ ഇരിക്കുമ്പോൾ: നിങ്ങൾ വഴിയിൽവെച്ചു തമ്മിൽ വാദിച്ചതു എന്തു എന്നു അവരോടു ചോദിച്ചു.

9:34 അവരോ തങ്ങളുടെ ഇടയിൽ വലിയവൻ ആർ എന്നു വഴിയിൽ വെച്ചു വാദിച്ചതുകൊണ്ടു മിണ്ടാതിരുന്നു.

9:35 യാഹ്‌ശൂഅ ഇരുന്നു പന്തിരുവരെയും വിളിച്ചു: ഒരുവൻ മുമ്പൻ ആകുവാൻ ഇച്ഛിച്ചാൽ അവൻ എല്ലാവരിലും ഒടുക്കത്തവനും എല്ലാവർക്കും ശുശ്രൂഷകനും ആകേണം എന്നു പറഞ്ഞു.

9:36 ഒരു ശിശുവിനെ എടുത്തു അവരുടെ നടുവിൽ നിറുത്തി അണെച്ചുകൊണ്ടു അവരോടു:

9:37 ഇങ്ങനെയുള്ള ശിശുക്കളിൽ ഒന്നിനെ എന്റെ നാമത്തിൽ കൈക്കൊള്ളുന്നവൻ എന്നെ കൈക്കൊള്ളുന്നു; എന്നെ കൈക്കൊള്ളുന്നവനോ എന്നെയല്ല എന്നെ അയച്ചവനെ കൈക്കൊള്ളുന്നു എന്നു പറഞ്ഞു.

9:38 യോഹന്നാൻ യാഹ്ശൂഅയോടു: ഗുരോ, ഒരുവൻ നിന്റെ നാമത്തിൽ ഭൂതങ്ങളെ പുറത്താക്കുന്നതു ഞങ്ങൾ കണ്ടു; അവൻ നമ്മെ അനുഗമിക്കായ്കയാൽ ഞങ്ങൾ അവനെ വിരോധിച്ചു എന്നു പറഞ്ഞു.

9:39 അതിന്നു യാഹ്ശൂഅ പറഞ്ഞതു: അവനെ വിരോധിക്കരുതു; എന്റെ നാമത്തിൽ ഒരു വീര്യപ്രവൃത്തി ചെയ്തിട്ടു വേഗത്തിൽ എന്നെ ദുഷിച്ചു പറവാൻ കഴിയുന്നവൻ ആരും ഇല്ല.

9:40 നമുക്കു പ്രതികൂലമല്ലാത്തവൻ നമുക്കു അനുകൂലമല്ലോ.

9:41 നിങ്ങൾ മശീഹാക്കുള്ളവർ എന്നീ നാമത്തിൽ ആരെങ്കിലും ഒരു പാനപാത്രം വെള്ളം നിങ്ങൾക്കു കുടിപ്പാൻ തന്നാൽ അവന്നു പ്രതിഫലം കിട്ടാതിരിക്കയില്ല എന്നു ഞാൻ സത്യമായിട്ടു നിങ്ങളോടു പറയുന്നു.

9:42 എങ്കൽ വിശ്വസിക്കുന്ന ഈ ചെറിയവരിൽ ഒരുത്തന്നു ഇടച്ച് വരുത്തുന്നവന്റെ കഴുത്തിൽ വലിയോരു തിരിക്കല്ലു കെട്ടി അവനെ കടലിൽ ഇട്ടുകളയുന്നതു അവന്നു ഏറെ നല്ലതു.

9:43 നിന്റെ കൈ നിനക്കു ഇടച്ച് വരുത്തിയാൽ അതിനെ വെട്ടിക്കളക: രണ്ടുകയ്യുമുള്ളവൻ ആയി കെടാത്ത തീയായ നരകത്തിൽ പോകുന്നതിനെക്കാൾ നിനക്കു നല്ലതു. അംഗഹീനനായി ജീവനിൽ കടക്കുന്നതു നിനക്കു നല്ലതു.

9:44 അവിടെ അവരുടെ പുഴു ചാകുന്നില്ല തീ കെടുന്നതുമില്ല.

9:45 നിന്റെ കാൽ നിനക്കു ഇടച്ച് വരുത്തിയാൽ അതിനെ വെട്ടിക്കളക:

9:46 മുടന്തനായി ജീവനിൽ കടക്കുന്നതു രണ്ടുകാലുമുള്ളവൻ ആയി കെടാത്തതീയായ നരകത്തിൽ വീഴുന്നതിനെക്കാൾ നിനക്കു നല്ലതു. അവിടെ അവരുടെ പുഴു ചാകുന്നില്ല തീ കെടുന്നതുമില്ല.

9:47 നിന്റെ കണ്ണു നിനക്കു ഇടച്ച് വരുത്തിയാൽ അതിനെ ചൂന്നുകളക; ഒറ്റക്കണ്ണനായി ദൈവരാജ്യത്തിൽ കടക്കുന്നതു രണ്ടു കണ്ണുമുള്ളവനായി അഗ്നിനരകത്തിൽ വീഴുന്നതിനെക്കാൾ നിനക്കു നല്ലതു.

9:48 അവിടെ അവരുടെ പുഴു ചാകുന്നില്ല തീ കെടുന്നതുമില്ല.

9:49 എല്ലാബലിയും ഉപ്പുകൊണ്ട് രുചി വരുത്തും എല്ലാവന്നും തീകൊണ്ടും രുചി വരുത്തും.

9:50 ഉപ്പു നല്ലതുതന്നേ; ഉപ്പു കാരമില്ലാതെ പോയാലോ എന്തൊന്നിനാൽ അതിന്നു രസം വരുത്തും? നിങ്ങൾ നിങ്ങളിൽ തന്നേ ഉപ്പുള്ളവരും അന്യോന്യം സമാധാനമുള്ളവരും ആയിരിപ്പിൻ.

# അദ്ധ്യായം 10

10:1 അവിടെനിന്നു യാഹ്ഊശൂആ പുറപ്പെട്ടു യോ൪ദ്ദാന്നക്കരെ യെഹൂദ്യദേശത്തിന്റെ അതിരോളം ചെന്നു; പുരുഷാരം പിന്നെയും യാഹ്ഊശൂആയുടെ അടുക്കൽ വന്നുകൂടി, പതിവുപോലെ യാഹ്ഊശൂആ അവരെ പിന്നെയും ഉപദേശിച്ചു.

10:2 അപ്പോൾ പരീശന്മാർ അടുക്കെവന്നു: ഭാൎയ്യയെ ഉപേക്ഷിക്കുന്നതു പുരുഷന്നു വിഹിതമോ എന്നു യാഹ്ഊശൂആയെ പരീക്ഷിച്ചുകൊണ്ടു യാഹ്ഊശൂആയോടു ചോദിച്ചു.

10:3 യാഹ്ഊശൂആ അവരോടു മോശെ നിങ്ങൾക്കു എന്തു കല്പന തന്നു എന്നു ചോദിച്ചു.

10:4 ഉപേക്ഷണപത്രം എഴുതിക്കൊടുത്തു അവളെ ഉപേക്ഷിപ്പാൻ മോശെ അനുവദിച്ചു എന്നു അവർ പറഞ്ഞു.

10:5 യാഹ്ഊശൂആ അവരോടു: നിങ്ങളുടെ ഹൃദയകാഠിന്യം നിമിത്തമത്രേ അവൻ നിങ്ങൾക്കു ഈ കല്പന എഴുതിതന്നതു.

10:6 സൃഷ്ടിയുടെ ആരംഭത്തിങ്കലേ യാഹ്ഊവ അവരെ ആണും പെണ്ണുമായി ഉണ്ടാക്കി .

10:7 അതുകൊണ്ടു മനുഷ്യൻ അപ്പനെയും അമ്മയെയും വിട്ടു ഭാൎയ്യയോടു പറ്റിച്ചേരും;

10:8 ഇരുവരും ഒരു ദേഹമായിത്തീരും; അങ്ങനെ അവർ പിന്നെ രണ്ടല്ല ഒരു ദേഹമത്രേ.

10:9 ആകയാൽ യാഹ്ഊവ യോജിപ്പിച്ചതിനെ മനുഷ്യൻ വേർപിരിക്കരുതു എന്നു ഉത്തരം പറഞ്ഞു.

10:10 വീട്ടിൽവെച്ചു ശിഷ്യന്മാർ പിന്നെയും അതിനെക്കുറിച്ചു യാഹ്ഊശൂആയോടു ചോദിച്ചു.

10:11 യാഹ്ഊശൂആ അവരോടു: ഭാൎയ്യയെ ഉപേക്ഷിച്ചു മറ്റൊരുത്തിയെ വിവാഹം കഴിക്കുന്നവൻ അവൾക്കു വിരോധമായി വ്യഭിചാരം ചെയ്യുന്നു.

10:12 സ്ത്രീയും ഭൎത്താവിനെ ഉപേക്ഷിച്ചു മറ്റൊരുത്തനുമായി വിവാഹം കഴിഞ്ഞാൽ വ്യഭിചാരം ചെയ്യുന്നു എന്നു പറഞ്ഞു.

10:13 യാഹ്ഊശൂആ തൊടേണ്ടതിന്നു ചിലർ ശിശുക്കളെ യാഹ്ഊശൂആയുടെ അടുക്കൽ കൊണ്ടു വന്നു; ശിഷ്യന്മാരോ അവരെ ശാസിച്ചു.

10:14 യാഹ്ഊശൂആ അതു കണ്ടാറെ മുഷിഞ്ഞു അവരോടു: ശിശുക്കളെ എന്റെ അടുക്കൽ വരുവാൻ വിടുവിൻ; അവരെ തടുക്കരുതു; ദൈവരാജ്യം ഇങ്ങനെയുള്ളവരുടേതല്ലോ.

10:15 ദൈവരാജ്യത്തെ ശിശു എന്നപോലെ കൈക്കൊള്ളാത്തവൻ ആരും ഒരുനാളും അതിൽ കടക്കയില്ല എന്നു ഞാൻ സത്യമായിട്ടു നിങ്ങളോടു പറയുന്നു എന്നു പറഞ്ഞു.

10:16 പിന്നെ യാഹ്ഊശൂആ അവരെ അണെച്ചു അവരുടെമേൽ കൈവെച്ചു, അവരെ അനുഗ്രഹിച്ചു.

10:17 യാഹ്ശൂഅ പുറപ്പെട്ടു യാത്ര ചെയ്യുമ്പോൾ ഒരുവൻ ഓടിവന്നു യാഹ്ശൂഅയുടെ മുമ്പിൽ മുട്ടുകുത്തി: നല്ലഗുരോ, നിത്യജീവനെ അവകാശം ആക്കുവാൻ ഞാൻ എന്തു ചെയ്യേണം എന്നു യാഹ്ശൂഅയോടു ചോദിച്ചു.

10:18 അതിന്നു യാഹ്ശൂഅ: എന്നെ നല്ലവൻ എന്നു പറയുന്നതു എന്തു? യാഹ്വ ഒരുവൻ അല്ലാതെ നല്ലവൻ ആരുമില്ല.

10:19 കുലചെയ്യരുതു, വ്യഭിചാരം ചെയ്യരുതു, മോഷ്ടിക്കരുതു, കള്ളസാക്ഷ്യം പറയരുതു, ചതിക്കരുതു, നിന്റെ അപ്പനെയും അമ്മയെയും ബഹുമാനിക്ക എന്നീ കല്പനകളെ നീ അറിയുന്നുവല്ലോ എന്നു പറഞ്ഞു.

10:20 അവൻ യാഹ്ശൂഅയോടു: ഗുരോ, ഇതു ഒക്കെയും ഞാൻ ചെറുപ്പം മുതൽ പ്രമാണിച്ചു പോരുന്നു എന്നു പറഞ്ഞു.

10:21 യാഹ്ശൂഅ അവനെ നോക്കി അവനെ സ്നേഹിച്ചു: ഒരു കുറവു നിനക്കുണ്ടു; പോയി നിനക്കുള്ളതു എല്ലാം വിറ്റു ദരിദ്രർക്കു കൊടുക്ക; എന്നാൽ നിനക്കു സ്വർഗ്ഗത്തിൽ നിക്ഷേപം ഉണ്ടാകും; പിന്നെവന്നു കുരിശ് എടുത്തു എന്നെ അനുഗമിക്ക എന്നു പറഞ്ഞു.

10:22 അവൻ വളരെ സമ്പത്തുള്ളവൻ ആകകൊണ്ടു ഈ വചനത്തിങ്കൽ വിഷാദിച്ചു ദു:ഖിതനായി പോയ്ക്കളഞ്ഞു.

10:23 യാഹ്ശൂഅ ചുറ്റും നോക്കി തന്റെ ശിഷ്യന്മാരോടു: സമ്പത്തുള്ളവർ ദൈവരാജ്യത്തിൽ കടക്കുന്നതു എത്ര പ്രയാസം എന്നു പറഞ്ഞു.

10:24 യാഹ്ശൂഅയുടെ ഈ വാക്കിനാൽ ശിഷ്യന്മാർ വിസ്മയിച്ചു: എന്നാൽ യാഹ്ശൂഅ പിന്നെയും മക്കളേ, സമ്പത്തിൽ ആശ്രയിക്കുന്നവർ ദൈവരാജ്യത്തിൽ കടക്കുന്നതു എത്ര പ്രയാസം.

10:25 ധനവാൻ ദൈവരാജ്യത്തിൽ കടക്കുന്നതിനെക്കാൾ ഒട്ടകം സൂചിക്കുഴയൂടെ കടക്കുന്നതു എളുപ്പം എന്നു ഉത്തരം പറഞ്ഞു.

10:26 അവർ ഏറ്റവും വിസ്മയിച്ചു: എന്നാൽ രക്ഷപ്രാപിപ്പാൻ ആർക്കു കഴിയും എന്നു തമ്മിൽ തമ്മിൽ പറഞ്ഞു.

10:27 യാഹ്ശൂഅ അവരെ നോക്കി; മനുഷ്യർക്കു അസാദ്ധ്യം തന്നേ, യാഹ്വയായ ദൈവത്തിന്നു സകലവും സാദ്ധ്യമല്ലോ എന്നു പറഞ്ഞു.

10:28 പത്രൊസ് യാഹ്ശൂഅയോടു: ഇതാ, ഞങ്ങൾ സകലവും വിട്ടു നിന്നെ അനുഗമിച്ചിരിക്കുന്നു എന്നു പറഞ്ഞു തുടങ്ങി.

10:29 അതിന്നു യാഹ്ശൂഅ: എന്റെ നിമിത്തവും എന്റെ സുവിശേഷം നിമിത്തവും വീടോ സഹോദരന്മാരെയോ സഹോദരികളെയോ അമ്മയെയോ അപ്പനെയോ മക്കളെയോ നിലങ്ങളെയോ വിട്ടാൽ,

10:30 ഈ ലോകത്തിൽ തന്നേ, ഉപദ്രവങ്ങളോടുംകൂടെ നൂറുമടങ്ങു വീടുകളെയും സഹോദരന്മാരെയും സഹോദരികളെയും അമ്മമാരെയും മക്കളെയും നിലങ്ങളെയും വരുവാനുള്ള ലോകത്തിൽ നിത്യജീവനെയും പ്രാപിക്കാത്തവൻ ആരുമില്ല എന്നു ഞാൻ സത്യമായിട്ടു നിങ്ങളോടു പറയുന്നു.

10:31 എങ്കിലും മുമ്പന്മാർ പലരും പിമ്പന്മാരും പിമ്പന്മാർ മുമ്പന്മാരും ആകും എന്നു ഉത്തരം പറഞ്ഞു.

10:32 അവർ യെരുശലേമിലേക്കു യാത്ര ചെയ്കയായിരുന്നു; യാഹ്‌ശൂആ അവൎക്കു മുമ്പായി നടന്നു; അവർ വിസ്മയിച്ചു: അനുഗമിക്കുന്നവരോ ഭയപ്പെട്ടു. യാഹ്‌ശൂആ പിന്നെയും പന്തിരുവരെ കൂട്ടിക്കൊണ്ടു അവരോടു:

10:33 ഇതാ, നാം യെരുശലേമിലേക്കു പോകുന്നു; അവിടെ മനുഷ്യപുത്രൻ മഹാപുരോഹിതന്മാരുടെയും ശാസ്ത്രിമാരുടെയും കയ്യിൽ ഏല്പിക്കപ്പെടും; അവർ യാഹ്‌ശൂആയെ മരണത്തിന്നു വിധിച്ചു ജാതികൾക്കു ഏല്പിക്കും.

10:34 അവർ യാഹ്‌ശൂആയെ പരിഹസിക്കയും തുപ്പുകയും തല്ലുകയും കൊല്ലുകയും മൂന്നു നാൾ കഴിഞ്ഞിട്ടു യാഹ്‌ശൂആ ഉയിൎത്തെഴുന്നേല്ക്കയും ചെയ്യും എന്നിങ്ങനെ തനിക്കു സംഭവിക്കാനുള്ളതു പറഞ്ഞു തുടങ്ങി.

10:35 സെബെദിയുടെ മക്കളായ യാക്കോബും യോഹന്നാനും യാഹ്‌ശൂആയുടെ അടുക്കൽ വന്നു യാഹ്‌ശൂആയോടു: ഗുരോ, ഞങ്ങൾ നിന്നോടു യാചിപ്പാൻ പോകുന്നതു ഞങ്ങൾക്കു ചെയ്തുതരുവാൻ അപേക്ഷിക്കുന്നു എന്നു പറഞ്ഞു.

10:36 യാഹ്‌ശൂആ അവരോടു: ഞാൻ നിങ്ങൾക്കു എന്തു ചെയ്തുതരുവാൻ നിങ്ങൾ ആഗ്രഹിക്കുന്നു എന്നു ചോദിച്ചു.

10:37 നിന്റെ മഹത്വത്തിൽ ഞങ്ങളിൽ ഒരുത്തൻ നിന്റെ വലത്തും ഒരുത്തൻ ഇടത്തും ഇരിക്കുവാൻ വരം നല്കേണം എന്നു അവർ പറഞ്ഞു.

10:38 യാഹ്‌ശൂആ അവരോടു: നിങ്ങൾ യാചിക്കുന്നതു ഇന്നതു എന്നു നിങ്ങൾ അറിയുന്നില്ല; ഞാൻ കുടിക്കുന്ന പാനപാത്രം കുടിപ്പാനും ഞാൻ ഏല്ക്കുന്ന സ്നാനം ഏല്ക്കുവാനും നിങ്ങൾക്കു കഴിയുമോ എന്നു ചോദിച്ചതിന്നു കഴിയും എന്നു അവർ പറഞ്ഞു.

10:39 യാഹ്‌ശൂആ അവരോടു: ഞാൻ കുടിക്കുന്ന പാനപാത്രം നിങ്ങൾ കുടിക്കയും ഞാൻ ഏല്ക്കുന്ന സ്നാനം ഏല്ക്കയും ചെയ്യും നിശ്ചയം.

10:40 എന്റെ വലത്തും ഇടത്തും ഇരിപ്പാൻ വരം നല്കുന്നതോ എന്റേതല്ല; ആൎക്കു ഒരുക്കിയിരിക്കുന്നുവോ അവൎക്കു കിട്ടും എന്നു പറഞ്ഞു.

10:41 അതു ശേഷം പത്തുപേരും കേട്ടിട്ടു യാക്കോബിനോടും യോഹന്നാനോടും നീരസപ്പെട്ടു തുടങ്ങി.

10:42 യാഹ്‌ശൂആ അവരെ അടുക്കെ വിളിച്ചു അവരോടു: ജാതികളിൽ അധിപതികളായവർ അവരിൽ കൎത്തൃത്വം ചെയ്യുന്നു; അവരിൽ മഹത്തുക്കളായവർ അവരുടെ മേൽ അധികാരം നടത്തുന്നു എന്നു നിങ്ങൾ അറിയുന്നു.

10:43 നിങ്ങളുടെ ഇടയിൽ അങ്ങനെ അരുതു; നിങ്ങളിൽ മഹാൻ ആകുവാൻ ഇച്ഛിക്കുന്നവൻ എല്ലാം നിങ്ങളുടെ ശുശ്രൂഷക്കാരൻ ആകേണം;

10:44 നിങ്ങളിൽ ഒന്നാമൻ ആകുവാൻ ഇച്ഛിക്കുന്നവൻ എല്ലാവർക്കും ദാസനാകേണം.

10:45 മനുഷ്യപുത്രൻ ശുശ്രൂഷ ചെയ്യിപ്പാനല്ല, ശുശ്രൂഷിപ്പാനും അനേകർക്കു വേണ്ടി തന്റെ ജീവനെ മറുവിലയായി കൊടുപ്പാനും അത്രെ വന്നതു.

10:46 അവർ യെരിഹോവിൽ എത്തി; പിന്നെ യാഹ്ശൂഅ ശിഷ്യന്മാരോടു വലിയ പുരുഷാരത്തോടുകൂടെ യെരിഹോവിൽനിന്നു പുറപ്പെടുമ്പോൾ തിമായിയുടെ മകനായ ബർത്തിമായി എന്ന കുരുടനായ ഒരു ഭിക്ഷക്കാരൻ വഴിയരികെ ഇരുന്നിരുന്നു.

10:47 നസറായനായ യാഹ്ശൂഅ എന്നു കേട്ടിട്ടു അവൻ ദാവീദുപുത്രാ, യാഹ്ശൂഅയേ, എന്നോടു കരുണ തോന്നേണമേ എന്നു നിലവിളിച്ചു തുടങ്ങി.

10:48 മിണ്ടാതിരിപ്പാൻ പലരും അവനെ ശാസിച്ചിട്ടും: ദാവീദ്പുത്രാ, എന്നോടു കരുണ തോന്നേണമേ എന്നു അവൻ ഏറ്റവും അധികം നിലവിളിച്ചു പറഞ്ഞു.

10:49 അപ്പോൾ യാഹ്ശൂഅ നിന്നു: അവനെ വിളിപ്പിൻ എന്നു പറഞ്ഞു. ധൈര്യപ്പെടുക, എഴുന്നേല്ക്ക നിന്നെ വിളിക്കുന്നു എന്നു അവർ പറഞ്ഞു കുരുടനെ വിളിച്ചു.

10:50 അവൻ തന്റെ പുതപ്പു ഇട്ടുംകളഞ്ഞു ചാടിയെഴുന്നേറ്റു യാഹ്ശൂഅയുടെ അടുക്കൽ വന്നു.

10:51 യാഹ്ശൂഅ അവനോടു: ഞാൻ നിനക്കു എന്തു ചെയ്തു തരേണമെന്നു നീ ഇച്ഛിക്കുന്നു എന്നു ചോദിച്ചതിന്നു: കർത്താവേ, എനിക്കു കാഴ്ച പ്രാപിക്കേണമെന്നു കുരുടൻ യാഹ്ശൂഅയോടു പറഞ്ഞു.

10:52 യാഹ്ശൂഅ അവനോടു: പോക; നിന്റെ വിശ്വാസം നിന്നെ രക്ഷിച്ചിരിക്കുന്നു എന്നു പറഞ്ഞു. ഉടനെ അവൻ കാഴ്ച പ്രാപിച്ചു യാത്രയിൽ യാഹ്ശൂഅയെ അനുഗമിച്ചു.

## അദ്ധ്യായം 11

11:1 അവർ യെരുശലേമിനോടു സമീപിച്ചു ഒലീവ് മലയരികെ ബേത്ത്ഫാഗയിലും ബേഥാന്യയിലും എത്തിയപ്പോൾ യാഹ്ശൂഅ ശിഷ്യന്മാരിൽ രണ്ടുപേരെ അയച്ചു അവരോടു:

11:2 നിങ്ങൾക്കു എതിരെയുള്ള ഗ്രാമത്തിൽ ചെല്ലുവിൻ; അതിൽ കടന്നാൽ ഉടനെ ആരും ഒരിക്കലും കയറീട്ടില്ലാത്ത ഒരു കഴുതക്കുട്ടിയെ കെട്ടിയിരിക്കുന്നതു കാണും; അതിനെ അഴിച്ചു കൊണ്ടുവരുവിൻ.

11:3 ഇതു ചെയ്യുന്നതു എന്തു എന്നു ആരെങ്കിലും നിങ്ങളോടു ചോദിച്ചാൽ കർത്താവിന്നു
ഇതിനെക്കൊണ്ടു ആവശ്യം ഉണ്ടു എന്നു പറവിൻ; അവൻ ക്ഷണത്തിൽ അതിനെ ഇങ്ങോട്ടു
അയക്കും എന്നു പറഞ്ഞു.

11:4 അവർ പോയി തെരുവിൽ പുറത്തു വാതില്ക്കൽ കഴുതക്കുട്ടിയെ കെട്ടിയിരിക്കുന്നതു കണ്ടു
അതിനെ അഴിച്ചു.

11:5 അവിടെ നിന്നവരിൽ ചിലർ അവരോടു: നിങ്ങൾ കഴുതക്കുട്ടിയെ അഴിക്കുന്നതു എന്തു എന്നു
ചോദിച്ചു.

11:6 യാഹ്ശൂഅ കല്പിച്ചതുപോലെ അവർ അവരോടുപറഞ്ഞു; അവർ അവരെ വിട്ടയച്ചു.

11:7 അവർ കഴുതക്കുട്ടിയെ യാഹ്ശൂഅയുടെ അടുക്കൽ കൊണ്ടുവന്നു തങ്ങളുടെ വസ്ത്രം അതിന്മേൽ
ഇട്ടു; യാഹ്ശൂഅ അതിന്മേൽ കയറി ഇരുന്നു.

11:8 അനേകർ തങ്ങളുടെ വസ്ത്രം വഴിയിൽ വിരിച്ചു; മറ്റു ചിലർ മരക്കൊമ്പുവെട്ടി വഴിയിൽ വിതറി.

11:9 മുമ്പും പിമ്പും നടക്കുന്നവർ: ഹോശന്നാ, കർത്താവിന്റെ നാമത്തിൽ വരുന്നവൻ വാഴ്ത്തപ്പെട്ടവൻ:

11:10 വരുന്നതായ രാജ്യം, നമ്മുടെ പിതാവായ ദാവീദിന്റെ രാജ്യം വാഴ്ത്തപ്പെടുമാറാകട്ടെ;
അത്യുന്നതങ്ങളിൽ ഹോശന്നാ എന്നു ആർത്തുകൊണ്ടിരുന്നു.

11:11 യാഹ്ശൂഅ യെരുശലേമിൽ ദൈവലായത്തിലേക്കു ചെന്നു സകലവും ചുറ്റും നോക്കിയശേഷം
നേരം വൈകിയതുകൊണ്ടു പന്തിരുവരോടുംകൂടെ ബേഥാന്യയിലേക്കു പോയി.

11:12 പിറ്റെന്നാൾ അവർ ബേഥാന്യവിട്ടു പോരുമ്പോൾ അവന്നു വിശന്നു;

11:13 യാഹ്ശൂഅ ഇലയുള്ളോരു അത്തിവൃക്ഷം ദൂരത്തു നിന്നു കണ്ടു, അതിൽ വല്ലതും കിട്ടുമോ എന്നു
വെച്ചു ചെന്നു, അതിന്നരികെ എത്തിയപ്പോൾ ഇല അല്ലാതെ ഒന്നും കണ്ടില്ല; അതു
അത്തിപ്പഴത്തിന്റെ കാലമല്ലാഞ്ഞു.

11:14 യാഹ്ശൂഅ അതിനോടു: ഇനി നിങ്കൽ നിന്നു എന്നേക്കും ആരും ഫലം തിന്നാതിരിക്കട്ടെ എന്നു
പറഞ്ഞു; അതു ശിഷ്യന്മാർ കേട്ടു.

11:15 അവർ യെരുശലേമിൽ എത്തിയപ്പോൾ യാഹ്ശൂഅ ദൈവാലയത്തിൽ കടന്നു, ദൈവാലയത്തിൽ
വില്ക്കുന്നവരെയും വാങ്ങുന്നവരെയും പുറത്താക്കിത്തുടങ്ങി; പൊൻവാണിഭക്കാരുടെ മേശകളെയും
പ്രാക്കളെ വില്ക്കുന്നവരുടെ ഫിഠങ്ങളെയും മറിച്ചിട്ടുകളഞ്ഞു;

11:16 ആരും ദൈവാലയത്തിൽ കൂടി ഒരു വസ്തുവും കൊണ്ടുപോകുവാൻ സമ്മതിച്ചില്ല.

11:17 പിന്നെ അവരെ ഉപദേശിച്ചു: എന്റെ ആലയം പ്രാർത്ഥനാലയം എന്നു വിളിക്കപ്പെടും എന്നു
എഴുതിയിരിക്കുന്നില്ലയോ? നിങ്ങളോ അതിനെ കള്ളന്മാരുടെ ഗുഹയാക്കി തീർത്തു എന്നു പറഞ്ഞു.

11:18 അതു കേട്ടിട്ടു മഹാപുരോഹിതന്മാരും ശാസ്ത്രിമാരും യാഹ്ശൂഅയെ നശിപ്പിക്കേണ്ടതു എങ്ങനെ
എന്നു അന്വേഷിച്ചു. പുരുഷാരം എല്ലാം യാഹ്ശൂഅയുടെ ഉപദേശത്തിൽ അതിശയിക്കയാൽ
അവർ യാഹ്ശൂഅയെ ഭയപ്പെട്ടിരുന്നു.

11:19 സന്ധ്യയാകുമ്പോൾ യാഹ്ശൂഅ നഗരം വിട്ടുപോകും.

11:20 രാവിലെ അവർ കടന്നു പോകുമ്പോൾ അത്തിവൃക്ഷം വേരോടെ ഉണങ്ങിപ്പോയതു കണ്ടു,

11:21 അപ്പോൾ പത്രൊസിന്നു ഓർമ്മ വന്നു: റബ്ബി, നീ ശപിച്ച അത്തി ഉണങ്ങിപ്പോയല്ലോ എന്നു
യാഹ്ശൂഅയോടു പറഞ്ഞു.

11:22 യാഹ്ശൂഅ അവരോടു ഉത്തരം പറഞ്ഞതു: ദൈവത്തിൽ വിശ്വാസമുള്ളവർ ആയിരിപ്പിൻ.

11:23 ആരെങ്കിലും തന്റെ ഹൃദയത്തിൽ സംശയിക്കാതെ താൻ പറയുന്നതു സംഭവിക്കും എന്നു
വിശ്വസിച്ചുംകൊണ്ടു ഈ മലയോടു: നീ നീങ്ങി കടലിൽ ചാടിപ്പോക എന്നു പറഞ്ഞാൽ അവൻ
പറഞ്ഞതു പോലെ സംഭവിക്കും എന്നു ഞാൻ സത്യമായിട്ടു നിങ്ങളോടു പറയുന്നു.

11:24 അതുകൊണ്ടു നിങ്ങൾ പ്രാർത്ഥിക്കുമ്പോൾ യാചിക്കുന്നതൊക്കെയും ലഭിച്ചു എന്നു വിശ്വസിപ്പിൻ;
എന്നാൽ അതു നിങ്ങൾക്കു ഉണ്ടാകും എന്നു ഞാൻ നിങ്ങളോടു പറയുന്നു.

11:25 നിങ്ങൾ പ്രാർത്ഥിക്കാൻ നില്ക്കുമ്പോൾ സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവു നിങ്ങളുടെ പിഴകളെ
ക്ഷമിക്കേണ്ടതിന്നു നിങ്ങൾക്കു ആരോടെങ്കിലും വല്ലതും ഉണ്ടെങ്കിൽ അവനോടു ക്ഷമിപ്പിൻ.

11:26 നിങ്ങൾ ക്ഷമിക്കാഞ്ഞാലോ സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവു നിങ്ങളുടെ പിഴകളെയും
ക്ഷമിക്കയില്ല.

11:27 അവർ പിന്നെയും യെരുശലേമിൽ ചെന്നു. യാഹ്ശൂഅ ദൈവാലയത്തിൽ ചുറ്റിനടക്കുമ്പോൾ
മഹാപുരോഹിതന്മാരും ശാസ്ത്രിമാരും മൂപ്പന്മാരും യാഹ്ശൂഅയുടെ അടുക്കൽ വന്നു;

11:28 നീ എന്തു അധികാരംകൊണ്ടു ഇതു ചെയ്യുന്നു എന്നും ഇതു ചെയ്‌വാനുള്ള അധികാരം നിനക്കു
തന്നതു ആർ എന്നും യാഹ്ശൂഅയോടു ചോദിച്ചു.

11:29 യാഹ്ശൂഅ അവരോടു: ഞാൻ നിങ്ങളോടു ഒരു വാക്കു ചോദിക്കും; അതിന്നു ഉത്തരം പറവിൻ;
എന്നാൽ ഇന്ന അധികാരം കൊണ്ടു ഇതു ചെയ്യുന്നു എന്നു ഞാനും നിങ്ങളോടു പറയും.

11:30 യോഹന്നാന്റെ സ്നാനം സ്വർഗ്ഗത്തിൽ നിന്നോ മനുഷ്യരിൽ നിന്നോ ഉണ്ടായതു? എന്നോടു ഉത്തരം
പറവിൻ എന്നു പറഞ്ഞു.

11:31 അവർ തമ്മിൽ ആലോചിച്ചു: സ്വർഗ്ഗത്തിൽ നിന്നു എന്നു പറഞ്ഞാൽ, പിന്നെ നിങ്ങൾ അവനെ
വിശ്വസിക്കാഞ്ഞതു എന്തു എന്നു അവൻ പറയും.

11:32 മനുഷ്യരിൽനിന്നു എന്നു പറഞ്ഞാലോ-എല്ലാവരും യോഹന്നാനെ സാക്ഷാൽ പ്രവാചകൻ എന്നു
എണ്ണുക കൊണ്ടു അവർ ജനത്തെ ഭയപ്പെട്ടു.

11:33 അങ്ങനെ അവർ യാഹ്ശൂഅയോടു: ഞങ്ങൾക്കു അറിഞ്ഞുകൂടാ എന്നു ഉത്തരം പറഞ്ഞു. എന്നാൽ ഞാനും ഇന്ന അധികാരം കൊണ്ടു ചെയ്യുന്നു എന്നു നിങ്ങളോടു പറയുന്നില്ല എന്നു യാഹ്ശൂഅ അവരോടു പറഞ്ഞു.

## അദ്ധ്യായം 12

12:1 പിന്നെ യാഹ്ശൂഅ ഉപമകളാൽ അവരോടു പറഞ്ഞുതുടങ്ങിയതു: ഒരു മനുഷ്യൻ ഒരു മുന്തിരിത്തോട്ടം നട്ടുണ്ടാക്കി ചുറ്റും വേലികെട്ടി ചക്കും കുഴിച്ചു നാട്ടി ഗോപുരവും പണിതു തോട്ടക്കാരെ ഏല്പിച്ചിട്ടു പരദേശത്തു പോയി.

12:2 കാലം ആയപ്പോൾ തോട്ടക്കാരോടു തോട്ടത്തിന്റെ അനുഭവം വാങ്ങേണ്ടതിന്നു അവൻ ഒരു ദാസനെ തോട്ടക്കാരുടെ അടുക്കൽ പറഞ്ഞയച്ചു.

12:3 അവർ അവനെ പിടിച്ചു തല്ലി വെറുതെ അയച്ചു കളഞ്ഞു.

12:4 പിന്നെ മറ്റൊരു ദാസനെ അവരുടെ അടുക്കൽ പറഞ്ഞയച്ചു; അവനെ അവർ തലയിൽ മുറിവേല്പിക്കുകയും അവമാനിക്കയും ചെയ്തു.

12:5 അവൻ മറ്റൊരുവനെ പറഞ്ഞയച്ചു; അവനെ അവർ കൊന്നു; മറ്റു പലരെയും ചിലരെ അടിക്കയും ചിലരെ കൊല്ലുകയും ചെയ്തു.

12:6 അവന്നു ഇനി ഒരുത്തൻ, ഒരു പ്രിയമകൻ, ഉണ്ടായിരുന്നു. എന്റെ മകനെ അവർ ശങ്കിക്കും എന്നു പറഞ്ഞു ഒടുക്കം അവനെ അവരുടെ അടുക്കൽ പറഞ്ഞയച്ചു.

12:7 ആ തോട്ടക്കാരോ: ഇവൻ അവകാശി ആകുന്നു; വരുവിൻ; നാം ഇവനെ കൊല്ലുക; എന്നാൽ അവകാശം നമുക്കാകും എന്നു തമ്മിൽ പറഞ്ഞു.

12:8 അവർ അവനെ പിടിച്ചു കൊന്നു തോട്ടത്തിൽ നിന്നു എറിഞ്ഞു കളഞ്ഞു.

12:9 എന്നാൽ തോട്ടത്തിന്റെ ഉടയവൻ എന്തു ചെയ്യും? അവൻ വന്നു ആ തോട്ടക്കാരെ നിഗ്രഹിച്ചു തോട്ടം മറ്റുള്ളവരെ ഏല്പിക്കും.

12:10 “വീടു പണിയുന്നവർ തള്ളിക്കളഞ്ഞ കല്ലു മൂലക്കല്ലായ്തീർന്നിരിക്കുന്നു.

12:11 ഇതു കർത്താവിനാൽ സംഭവിച്ചു. നമ്മുടെ ദൃഷ്ടിയിൽ ആശ്ചര്യ്യവുമായിരിക്കുന്നു” എന്ന തിരുവെഴുത്തു നിങ്ങൾ വായിച്ചിട്ടില്ലയോ?

12:12 ഈ ഉപമ തങ്ങളെക്കുറിച്ചു ആകുന്നു പറഞ്ഞതു എന്നു ഗ്രഹിച്ചിട്ടു അവർ യാഹ്ശൂഅയെ പിടിപ്പാൻ അന്വേഷിച്ചു: എന്നാൽ പുരുഷാരത്തെ ഭയപ്പെട്ടു യാഹ്ശൂഅയെ വിട്ടുപോയി.

12:13 അനന്തരം യാഹ്വൂശൂഅയെ വാക്കിൽ കുടുക്കുവാൻ വേണ്ടി അവർ പരീശന്മാരിലും ഹെരോദ്യരിലും
ചിലരെ യാഹ്വൂശൂഅയുടെ അടുക്കൽ അയച്ചു.

12:14 അവർ വന്നു: ഗുരോ, നീ മനുഷ്യരുടെ മുഖം നോക്കാതെ യാഹ്വൂവയായ ദൈവത്തിന്റെ വഴി
നേരായി പഠിപ്പിക്കുന്നതുകൊണ്ടു നീ സത്യവാനും ആരെയും ഗണ്യമാക്കാത്തവനും എന്നു
ഞങ്ങൾ അറിയുന്നു; കൈസക്കു കരം കൊടുക്കുന്നതു വിഹിതമോ അല്ലയോ? ഞങ്ങൾ
കൊടുക്കയോ കൊടുക്കാതിരിക്കയോ വേണ്ടതു എന്നു യാഹ്വൂശൂഅയോടു ചോദിച്ചു.

12:15 യാഹ്വൂശൂഅ അവരുടെ കപടം അറിഞ്ഞു: നിങ്ങൾ എന്നെ പരീക്ഷിക്കുന്നതു എന്തു? ഒരു
വെള്ളിക്കാശു കൊണ്ടുവരുവിൻ; ഞാൻ കാണട്ടെ എന്നു പറഞ്ഞു.

12:16 അവർ കൊണ്ടു വന്നു. ഈ സ്വരൂപവും മേലെഴുത്തും ആരുടേതു എന്നു അവരോടു
ചോദിച്ചതിന്നു: കൈസരുടേതു എന്നു അവർ പറഞ്ഞു.

12:17 യാഹ്വൂശൂഅ അവരോടു: കൈസക്കുള്ളതു കൈസക്കും ദൈവത്തിന്നുള്ളതു ദൈവത്തിന്നും
കൊടുപ്പിൻ എന്നു പറഞ്ഞു; അവർ അവങ്കൽ വളരെ ആശ്ചര്യപ്പെട്ടു.

12:18 പുനരുത്ഥാനം ഇല്ല എന്നു പറയുന്ന സദൂക്യർ യാഹ്വൂശൂഅയുടെ അടുക്കൽ വന്നു
ചോദിച്ചതെന്തെന്നാൽ:

12:19 ഗുരോ, ഒരുത്തന്റെ സഹോദരൻ മക്കളില്ലാതെ മരിച്ചു ഭാൎയ്യ ശേഷിച്ചാൽ ആ ഭാൎയ്യയെ അവന്റെ
സഹോദരൻ പരിഗ്രഹിച്ചു തന്റെ സഹോദരന്നു സന്തതിയെ ജനിപ്പിക്കേണം എന്നു മോശെ
എഴുതിയിരിക്കുന്നു.

12:20 എന്നാൽ ഏഴു സഹോദരന്മാർ ഉണ്ടായിരുന്നു; അവരിൽ മൂത്തവൻ ഒരു സ്ത്രീയെ വിവാഹം കഴിച്ചു
സന്തതിയില്ലാതെ മരിച്ചു പോയി.

12:21 രണ്ടാമത്തവൻ അവളെ പരിഗ്രഹിച്ചു സന്തതിയില്ലാതെ മരിച്ചു; മൂന്നാമത്തവനും അങ്ങനെ തന്നേ.

12:22 എഴുവരും സന്തതിയില്ലാതെ മരിച്ചു; എല്ലാവക്കും ഒടുവിൽ സ്ത്രീയും മരിച്ചു.

12:23 പുനരുത്ഥാനത്തിൽ അവൾ അവരിൽ ഏവന്നു ഭാൎയ്യയാകും? ഏഴുവക്കും ഭാൎയ്യ ആയിരുന്നുവല്ലോ.

12:24 യാഹ്വൂശൂഅ അവരോടു പറഞ്ഞതു: നിങ്ങൾ തിരുവെഴുത്തുകളെയും ദൈവശക്തിയെയും
അറിയായ്ക കൊണ്ടല്ലയോ തെറ്റിപ്പോകുന്നതു?

12:25 മരിച്ചവരിൽനിന്നു ഉയിൎത്തെഴുന്നേല്ക്കുമ്പോൾ വിവാഹം കഴിക്കയില്ല വിവാഹത്തിന്നു
കൊടുക്കപ്പെടുകയുമില്ല; സ്വൎഗ്ഗത്തിലെ ദൂതന്മാരെപ്പോലെ ആകും.

12:26 എന്നാൽ മരിച്ചവർ ഉയിൎത്തെഴുന്നേല്ക്കുന്നതിനെക്കുറിച്ചു മോശെയുടെ പുസ്തകത്തിൽ മുൾപടപ്പു
ഭാഗത്തു യാഹ്വൂവയായ ദൈവം അവനോടു: ഞാൻ അബ്രാഹാമിന്റെ ദൈവവും യിസ്ഹാക്കിന്റെ
ദൈവവും യാക്കോബിന്റെ ദൈവവും എന്നു അരുളിച്ചെയ്ത പ്രകാരം വായിച്ചിട്ടില്ലയോ?

12:27 അവൻ മരിച്ചവരുടെ ദൈവമല്ല, ജീവനുള്ളവരുടെ ദൈവമത്രേ; നിങ്ങൾ വളരെ തെറ്റിപ്പോകുന്നു.

12:28 ശാസ്ത്രിമാരിൽ ഒരുവൻ അടുത്തു വന്നു അവർ തമ്മിൽ തർക്കിക്കുന്നതുകേട്ടു യാഹ്ശൂഅ അവരോടു നല്ലവണ്ണം ഉത്തരം പറഞ്ഞ പ്രകാരം ബോധിച്ചിട്ടു: എല്ലാറ്റിലും മുഖ്യകല്പന ഏതു എന്നു യാഹ്ശൂഅയോടു ചോദിച്ചു.

12:29 അതിന്നു യാഹ്ശൂഅ: എല്ലാറ്റിലും മുഖ്യകല്പനയോ: 'യിസ്രായേലേ, കേൾക്ക; നമ്മുടെ ദൈവമായ യാഹ്‌വ ഏക കർത്താവു.

12:30 നിന്റെ ദൈവമായ യാഹ്‌വയെ നീ പൂർണ്ണഹൃദയത്തോടും പൂർണ്ണാത്മാവോടും പൂർണ്ണമനസ്സോടും പൂർണ്ണശക്തിയോടും കൂടെ സ്നേഹിക്കേണം' എന്നു ആകുന്നു.

12:31 രണ്ടാമത്തേതോ: 'നിന്റെ അയല്ക്കാരനെ നിന്നെപ്പോലെ തന്നേ സ്നേഹിക്കേണം' എന്നത്രേ; ഇവയിൽ വലുതായിട്ടു മറ്റൊരു കല്പനയും ഇല്ല എന്നു ഉത്തരം പറഞ്ഞു.

12:32 ശാസ്ത്രി യാഹ്ശൂഅയോടു : നന്നു ഗുരോ നീ പറഞ്ഞതു സത്യം തന്നേ; ഏകനേയുള്ളു; യാഹ്‌വയല്ലാതെ മറ്റൊരുത്തനുമില്ല.

12:33 യാഹ്‌വയെ പൂർണ്ണഹൃദയത്തോടും പൂർണ്ണാത്മാവോടും പൂർണ്ണമനസ്സോടും പൂർണ്ണശക്തിയോടുംകൂടെ സ്നേഹിക്കുന്നതും തന്നെപ്പോലെ അയല്ക്കാരനെ സ്നേഹിക്കുന്നതും സകല സർവ്വാംഗഹോമങ്ങളെക്കാളും യാഗങ്ങളെക്കാളും സാരമേറിയതു തന്നേ എന്നു പറഞ്ഞു.

12:34 അവൻ ബുദ്ധിയോടെ ഉത്തരം പറഞ്ഞു എന്നു യാഹ്ശൂഅ കണ്ടിട്ടു: നീ ദൈവരാജ്യത്തോടു അകന്നവനല്ല എന്നു പറഞ്ഞു. അതിന്റെ ശേഷം യാഹ്ശൂഅയോടു ആരും ഒന്നും ചോദിപ്പാൻ തുനിഞ്ഞില്ല.

12:35 യാഹ്ശൂഅ ദൈവാലയത്തിൽ ഉപദേശിച്ചു കൊണ്ടു പറഞ്ഞു തുടങ്ങിയതു: മശീഹ ദാവീദിന്റെ പുത്രൻ എന്നു ശാസ്ത്രിമാർ പറയുന്നതു എങ്ങനെ?

12:36 "കർത്താവു എന്റെ കർത്താവിനോടു: ഞാൻ നിന്റെ ശത്രുക്കളെ നിന്റെ പാദപീഠം ആക്കുവോളം എന്റെ വലത്തുഭാഗത്തിരിക്ക എന്നു അരുളിച്ചെയ്തു" എന്നു ദാവീദ് താൻ പരിശുദ്ധാത്മാവിലായി പറയുന്നു.

12:37 ദാവീദ് തന്നേ അവനെ കർത്താവു എന്നു പറയുന്നുവല്ലോ; പിന്നെ അവന്റെ പുത്രൻ ആകുന്നതു എങ്ങനെ? എന്നാൽ വലിയ പുരുഷാരം അവന്റെ വാക്കു സന്തോഷത്തോടെ കേട്ടുപോന്നു.

12:38 യാഹ്ശൂഅ തന്റെ ഉപദേശത്തിൽ അവരോടു: അങ്കികളോടെ നടക്കുന്നതും അങ്ങാടിയിൽ വന്ദനവും

12:39 പള്ളിയിൽ മുഖ്യാസനവും അത്താഴത്തിൽ പ്രധാനസ്ഥലവും ഇച്ഛിക്കുന്ന ശാസ്ത്രിമാരെ സൂക്ഷിച്ചുകൊൾവിൻ.

12:40 അവർ വിധവമാരുടെ വീടുകളെ വിഴുങ്ങുകയും ഉപായത്താൽ നീണ്ട പ്രാർത്ഥനകഴിക്കയും ചെയ്യുന്നു; അവർക്കു ഏറ്റവും വലിയ ശിക്ഷാവിധിവരും എന്നു പറഞ്ഞു.

12:41 പിന്നെ യാഹ്ശൂഅ ശ്രീഭണ്ഡാരത്തിനു നേരെ ഇരിക്കുമ്പോൾ പുരുഷാരം ഭണ്ഡാരത്തിൽ പണം ഇടുന്നതു നോക്കിക്കൊണ്ടിരുന്നു; ധനവാന്മാർ പലരും വളരെ ഇട്ടു.

12:42 ദരിദ്രയായോരു വിധവ വന്നു ഒരു പൈസക്കു ശരിയായ രണ്ടു കാശ് ഇട്ടു.

12:43 അപ്പോൾ യാഹ്ശൂഅ ശിഷ്യന്മാരെ അടുക്കൽ വിളിച്ചു: ശ്രീഭണ്ഡാരത്തിൽ ഇട്ട എല്ലാവരെക്കാളും ഈ ദരിദ്രയായ വിധവ അധികം ഇട്ടിരിക്കുന്നു എന്നു ഞാൻ സത്യമായിട്ടു നിങ്ങളോടു പറയുന്നു.

12:44 എല്ലാവരും തങ്ങളുടെ സമൃദ്ധിയിൽ നിന്നു ഇട്ടു; ഇവളോ തന്റെ ഇല്ലായ്മയിൽ നിന്നു തനിക്കുള്ളതു ഒക്കെയും തന്റെ ഉപജീവനം മുഴുവനും ഇട്ടു എന്നു അവരോടു പറഞ്ഞു.

## അദ്ധ്യായം 13

13:1 യാഹ്ശൂഅ ദൈവാലയത്തെ വിട്ടു പോകുമ്പോൾ ശിഷ്യന്മാരിൽ ഒരുത്തൻ: ഗുരോ, ഇതാ, എങ്ങനെയുള്ള കല്ലു എങ്ങനെയയുള്ള പണി എന്നു യാഹ്ശൂഅയോടു പറഞ്ഞു.

13:2 യാഹ്ശൂഅ അവനോടു: നീ ഈ വലിയ പണി കാണുന്നുവോ? ഇടിക്കാതെ കല്ലിന്മേൽ കല്ലു ഇവിടെ ശേഷിക്കയില്ല എന്നു പറഞ്ഞു.

13:3 പിന്നെ യാഹ്ശൂഅ ഒലിവ് മലയിൽ ദൈവാലയത്തിന്നു നേരെ ഇരിക്കുമ്പോൾ പത്രൊസും യാക്കോബും യോഹന്നാനും അന്ത്രെയാസും സ്വകാര്യമായി യാഹ്ശൂഅയോടു: അതു എപ്പോൾ സംഭവിക്കും?

13:4 അതിന്നു നിവൃത്തി വരുന്ന കാലത്തിന്റെ ലക്ഷണം എന്തു എന്നു ഞങ്ങളോടു പറഞ്ഞാലും എന്നു ചോദിച്ചു.

13:5 യാഹ്ശൂഅ അവരോടു പറഞ്ഞു തുടങ്ങിയതു: ആരും നിങ്ങളെ തെറ്റിക്കാതിരിപ്പാൻ സൂക്ഷിച്ചുകൊൾവിൻ.

13:6 ഞാൻ മശീഹ ആകുന്നു എന്നു പറഞ്ഞുകൊണ്ടു അനേകർ എന്റെ പേരെടുത്തു വന്നു പലരെയും തെറ്റിക്കും.

13:7 എന്നാൽ നിങ്ങൾ യുദ്ധങ്ങളെയും യുദ്ധ ശ്രുതികളെയും കുറിച്ചു കേൾക്കുമ്പോൾ ഭ്രമിച്ചുപോകരുതു. അതു സംഭവിക്കേണ്ടതു തന്നേ; എന്നാൽ അതു അവസാനമല്ല.

13:8 ജാതി ജാതിയോടും രാജ്യം രാജ്യത്തോടും എതിർക്കും; അവിടവിടെ ഭൂകമ്പവും ക്ഷാമവും കലഹങ്ങളും ഉണ്ടാകും; ഇതു ഈറ്റു നോവിന്റെ ആരംഭമത്രേ.

13:9 എന്നാൽ നിങ്ങളെത്തന്നേ സൂക്ഷിച്ചകൊൾവിൻ; അവർ നിങ്ങളെ ന്യായാധിപസംഘങ്ങളിൽ ഏല്പിക്കയും പള്ളികളിൽ വെച്ചു തല്ലുകയും എന്റെ നിമിത്തം നാടുവാഴികൾക്കും രാജാക്കന്മാർക്കും മുമ്പാകെ അവർക്കു സാക്ഷ്യത്തിന്നായി നിറുത്തുകയും ചെയ്യും.

13:10 എന്നാൽ സുവിശേഷം മുമ്പെ സകലജാതികളോടും പ്രസംഗിക്കേണ്ടതാകുന്നു.

13:11 അവർ നിങ്ങളെ കൊണ്ടുപോയി ഏല്പിക്കുമ്പോൾ എന്തു പറയേണ്ടു എന്നു മുൻകൂട്ടി വിചാരപ്പെടരുതു. ആ നാഴികയിൽ നിങ്ങൾക്കു ലഭിക്കുന്നതു തന്നേ പറവിൻ; പറയുന്നതു നിങ്ങൾ അല്ല, പരിശുദ്ധാത്മാവത്രേ.

13:12 സഹോദരൻ സഹോദരനെയും അപ്പൻ മകനെയും മരണത്തിന്നു ഏല്പിക്കും; മക്കളും അമ്മയപ്പന്മാരുടെ നേരെ എഴുന്നേറ്റു അവരെ കൊല്ലിക്കും.

13:13 എന്റെ നാമം നിമിത്തം എല്ലാവരും നിങ്ങളെ പകെക്കും; എന്നാൽ അവസാനത്തോളം സഹിച്ചു നില്ക്കുന്നവൻ രക്ഷിക്കപ്പെടും.

13:14 എന്നാൽ ശൂന്യമാക്കുന്ന മ്ലേച്ഛത നില്ക്കരുതാത്ത സ്ഥലത്തു നില്ക്കുന്നതു നിങ്ങൾ കാണുമ്പോൾ-വായിക്കുന്നവൻ ചിന്തിച്ചു കൊള്ളട്ടെ-അന്നു യെഹൂദ്യദേശത്തു ഉള്ളവർ മലകളിലേക്കു ഓടിപ്പോകട്ടെ.

13:15 വീട്ടിന്മേൽ ഇരിക്കുന്നവൻ അകത്തേക്കു ഇറങ്ങിപ്പോകയോ വീട്ടിൽനിന്നു വല്ലതും എടുപ്പാൻ കടക്കയോ അരുതു.

13:16 വയലിൽ ഇരിക്കുന്നവൻ വസ്ത്രം എടുപ്പാൻ തിരിയരുതു.

13:17 ആ കാലത്തു ഗർഭിണികൾക്കും മുലകുടിപ്പിക്കുന്നവർക്കും അയ്യോ കഷ്ടം!

13:18 എന്നാൽ അതു വർഷകാലത്തു സംഭവിക്കാതിരിപ്പാൻ പ്രാർത്ഥിപ്പിൻ.

13:19 ആ നാളുകൾ യാഹ്വെയായ ദൈവം സൃഷ്ടിച്ച സൃഷ്ടിയുടെ ആരംഭം മുതൽ ഇന്നുവരെ സംഭവിച്ചിട്ടില്ലാത്തതും ഇനിമേൽ സംഭവിക്കാത്തതും ആയ കഷ്ടകാലം ആകും.

13:20 കർത്താവു ആ നാളുകളെ ചുരുക്കീട്ടില്ല എങ്കിൽ ഒരു ജഡവും രക്ഷിക്കപ്പെടുകയില്ല. താൻ തിരഞ്ഞെടുത്ത വൃതന്മാർ നിമിത്തമോ യാഹ്വെ ആ നാളുകളെ ചുരുക്കിയിരിക്കുന്നു.

13:21 അന്നു ആരെങ്കിലും നിങ്ങളോടു: ഇതാ, മശീഹ ഇവിടെ എന്നോ അതാ അവിടെ എന്നോ പറഞ്ഞാൽ വിശ്വസിക്കരുതു.

13:22 കള്ളമശീഹാക്കളും കള്ളപ്രവാചകന്മാരും എഴുന്നേറ്റു, കഴിയുമെങ്കിൽ വൃതന്മാരെയും തെറ്റിപ്പാനായി അടയാളങ്ങളും അത്ഭുതങ്ങളും കാണിക്കും.

13:23 നിങ്ങളോ സൂക്ഷിച്ചുകൊൾവിൻ; ഞാൻ എല്ലാം നിങ്ങളോടു മുൻകൂട്ടി പറഞ്ഞുവല്ലോ.

13:24 എങ്കിലോ ആ കാലത്തെ കഷ്ടം കഴിഞ്ഞശേഷം സൂൎയ്യൻ ഇരുണ്ടുപോകയും ചന്ദ്രൻ പ്രകാശം കൊടുക്കാതിരിക്കയും

13:25 ആകാശത്തുനിന്നു നക്ഷത്രങ്ങൾ വീണുകൊണ്ടിരിക്കയും ആകാശത്തിലെ ശക്തികൾ ഇളകപ്പെടുകയും ചെയ്യും.

13:26 അപ്പോൾ മനുഷ്യപുത്രൻ വലിയ ശക്തിയോടും തേജസ്സോടും കൂടെ മേഘങ്ങളിൽ വരുന്നതു അവർ കാണും.

13:27 അന്നു യാഹ്വേ തന്റെ ദൂതന്മാരെ അയച്ചു, തന്റെ വൃതന്മാരെ ഭൂമിയുടെ അറുതിമുതൽ ആകാശത്തിന്റെ അറുതിവരെയും നാലുദിക്കിൽനിന്നും കൂട്ടിച്ചേൎക്കും.

13:28 അത്തിയെ നോക്കി ഒരു ഉപമ പഠിപ്പിൻ; അതിന്റെ കൊമ്പു ഇളതായി ഇല തളിൎക്കുമ്പോൾ വേനൽ അടുത്തു എന്നു നിങ്ങൾ അറിയുന്നുവല്ലോ.

13:29 അങ്ങനെ നിങ്ങളും ഇതു സംഭവിക്കുന്നതു കാണുമ്പോൾ മനുഷ്യപുത്രൻ അടുക്കെ വാതില്ക്കൽ തന്നേ ആയിരിക്കുന്നു എന്നു അറിഞ്ഞുകൊൾവിൻ.

13:30 ഇതു ഒക്കെയും സംഭവിക്കുവോളം ഈ തലമുറ ഒഴിഞ്ഞുപോകയില്ല എന്നു ഞാൻ സത്യമായിട്ടു നിങ്ങളോടു പറയുന്നു.

13:31 ആകാശവും ഭൂമിയും ഒഴിഞ്ഞുപോകും; എന്റെ വചനങ്ങളോ ഒഴിഞ്ഞുപോകയില്ല.

13:32 ആ നാളും നാഴികയും സംബന്ധിച്ചോ പിതാവല്ലാതെ ആരും സ്വൎഗ്ഗത്തിലെ ദൂതന്മാരും, പുത്രനുംകൂടെ അറിയുന്നില്ല.

13:33 ആ കാലം എപ്പോൾ എന്നു നിങ്ങൾ അറിയായ്കകൊണ്ടു സൂക്ഷിച്ചുകൊൾവിൻ; ഉണൎന്നും പ്രാൎത്ഥിച്ചും കൊണ്ടിരിപ്പിൻ.

13:34 (ഒരു മനുഷ്യൻ വീടുവിട്ടു പരദേശത്തു പോകുമ്പോൾ ദാസന്മാൎക്കു അധികാരവും അവനവന്നു അതതു വേലയും കൊടുത്തിട്ടു വാതിൽ കാവല്ക്കാരനോടു ഉണൎന്നിരിപ്പാൻ കല്പിച്ചതു പോലെ തന്നേ.

13:35 യജമാനൻ സന്ധ്യെക്കോ അൎദ്ധരാത്രിക്കോ കോഴി കൂകുന്ന നേരത്തോ രാവിലെയോ എപ്പോൾ വരും എന്നു അറിയായ്ക കൊണ്ടു,

13:36 അവൻ പെട്ടെന്നു വന്നു നിങ്ങളെ ഉറങ്ങുന്നവരായി കണ്ടെത്താതിരിക്കേണ്ടതിന്നു ഉണൎന്നിരിപ്പിൻ.)

13:37 ഞാൻ നിങ്ങളോടു പറയുന്നതോ എല്ലാവരോടും പറയുന്നു. ഉണൎന്നിരിപ്പിൻ.

## അദ്ധ്യായം 14

14:1 രണ്ടു ദിവസം കഴിഞ്ഞിട്ടു പെസഹയുടെയും പുളിപ്പില്ലാത്ത അപ്പത്തിന്റെയും ഉത്സവം ആയിരുന്നു. അപ്പോൾ മഹാപുരോഹിതന്മാരും ശാസ്ത്രിമാരും യാഹ്ശൂഅയെ ഉപായത്താൽ പിടിച്ചു കൊല്ലേണ്ടതു എങ്ങനെ എന്നു അന്വേഷിച്ചു:

14:2 ജനത്തിൽ കലഹം ഉണ്ടാകാതിരിപ്പാൻ ഉത്സവത്തിൽ അരുതു എന്നു അവർ പറഞ്ഞു.

14:3 യാഹ്ശൂഅ ബേഥാന്യയിൽ കുഷ്ഠരോഗിയായ ശീമോന്റെ വീട്ടിൽ പന്തിയിൽ ഇരിക്കുമ്പോൾ ഒരു സ്ത്രീ ഒരു വെൺകൽ ഭരണി വിലയേറിയ സ്വച്ഛജഡമാംസി (നറുമ) തൈലവുമായി വന്നു ഭരണി പൊട്ടിച്ചു യാഹ്ശൂഅയുടെ തലയിൽ ഒഴിച്ചു.

14:4 അവിടെ ചിലർ: തൈലത്തിന്റെ ഈ വെറും ചെലവു എന്തിന്നു?

14:5 ഇതു മുന്നൂറിൽ അധികം വെള്ളിക്കാശിന്നു വിറ്റു ദരിദ്രൎക്കു കൊടുപ്പാൻ കഴിയുമായിരുന്നുവല്ലോ എന്നിങ്ങനെ ഉള്ളിൽ നീരസപ്പെട്ടു അവളെ ഭൎത്സിച്ചു.

14:6 എന്നാൽ യാഹ്ശൂഅ: ഇവളെ വിടുവിൻ; അവളെ അസഹ്യപ്പെടുത്തുന്നതു എന്തു? അവൾ എങ്കൽ നല്ല പ്രവൃത്തിയല്ലോ ചെയ്തതു.

14:7 ദരിദ്രർ നിങ്ങൾക്കു എല്ലായ്പോഴും അടുക്കെ ഉണ്ടല്ലോ; ഇച്ഛിക്കുമ്പോൾ അവൎക്കു നന്മ ചെയ്‌വാൻ നിങ്ങൾക്കു കഴിയും; ഞാനോ എല്ലായ്പോഴും നിങ്ങളോടുകൂടെ ഇരിക്കയില്ല.

14:8 അവൾ തന്നാൽ ആവതു ചെയ്തു: കല്ലറയിലെ അടക്കത്തിന്നായി എന്റെ ദേഹത്തിന്നു മുമ്പുകൂട്ടി തൈലം തേച്ചു.

14:9 സുവിശേഷം ലോകത്തിൽ ഒക്കെയും പ്രസംഗിക്കുന്നേടത്തെല്ലാം അവൾ ചെയ്തതും അവളുടെ ഓൎമ്മെക്കായി പ്രസ്താവിക്കും എന്നു ഞാൻ സത്യമായിട്ടു നിങ്ങളോടു പറയുന്നു.

14:10 പിന്നെ പന്തിരുവരിൽ ഒരുത്തനായി ഈസ്കൎയ്യോത്താവായ യൂദാ യാഹ്ശൂഅയെ മഹാപുരോഹിതന്മാൎക്കു കാണിച്ചു കൊടുക്കേണ്ടതിന്നു അവരുടെ അടുക്കൽ ചെന്നു.

14:11 അവർ അതുകേട്ടു സന്തോഷിച്ചു അവന്നു പണം കൊടുക്കാം എന്നു വാഗ്ദത്തം ചെയ്തു; അവനും യാഹ്ശൂഅയെ എങ്ങനെ കാണിച്ചുകൊടുക്കാം എന്നു തക്കം അന്വേഷിച്ചു പോന്നു.

14:12 പെസഹ കുഞ്ഞാടിനെ അറുക്കുന്നതായ പുളിപ്പില്ലാത്ത അപ്പത്തിന്റെ ഒന്നാം നാളിൽ ശിഷ്യന്മാർ യാഹ്ശൂഅയോടു: നീ പെസഹ കഴിപ്പാൻ ഞങ്ങൾ എവിടെ ഒരുക്കേണം എന്നു ചോദിച്ചു.

14:13 യാഹ്ശൂഅ ശിഷ്യന്മാരിൽ രണ്ടുപേരെ അയച്ചു: നഗരത്തിൽ ചെല്ലുവിൻ; അവിടെ ഒരുകുടം വെള്ളം ചുമന്നുകൊണ്ടു ഒരു മനുഷ്യൻ നിങ്ങളെ എതിർപെടും.

14:14 അവന്റെ പിന്നാലെ ചെന്നു അവൻ കടക്കുന്നേടത്തു ആ വീട്ടുടയവനോടു: ഞാൻ എന്റെ ശിഷ്യന്മാരുമായി പെസഹ കഴിപ്പാനുള്ള ശാല എവിടെ എന്നു ഗുരു ചോദിക്കുന്നു എന്നു പറവിൻ.

14:15 അവൻ വിരിച്ചൊരുക്കിയ ഒരു വന്മാളിക കാണിച്ചു തരും; അവിടെ നമുക്കു ഒരുക്കുവിൻ എന്നു പറഞ്ഞു.

14:16 ശിഷ്യന്മാർ പുറപ്പെട്ടു നഗരത്തിൽ ചെന്നു യാഹ്ശൂഅ തങ്ങളോടു പറഞ്ഞതുപോലെ കണ്ടു പെസഹ ഒരുക്കി.

14:17 സന്ധ്യയായപ്പോൾ യാഹ്ശൂഅ പന്തിരുവരോടുംകൂടെ വന്നു.

14:18 അവർ ഇരുന്നു ഭക്ഷിക്കുമ്പോൾ യാഹ്ശൂഅ : നിങ്ങളിൽ ഒരുവൻ, എന്നോടുകൂടെ ഭക്ഷിക്കുന്നവൻ തന്നേ, എന്നെ കാണിച്ചു കൊടുക്കും എന്നു ഞാൻ സത്യമായിട്ടു നിങ്ങളോടു പറയുന്നു എന്നു പറഞ്ഞു.

14:19 അവർ ദു:ഖിച്ചു, ഒരോരുത്തൻ: ഞാനോ ഞാനോ എന്നു യാഹ്ശൂഅയോടു ചോദിച്ചു തുടങ്ങി.

14:20 യാഹ്ശൂഅ അവരോടു: പന്തിരുവരിൽ ഒരുവൻ, എന്നോടുകൂടെ താലത്തിൽ കൈ മുക്കുന്നവൻ തന്നേ.

14:21 മനുഷ്യപുത്രൻ പോകുന്നതു തന്നെക്കുറിച്ചു എഴുതിയിരിക്കുന്നതു പോലെ തന്നേ സത്യം; മനുഷ്യപുത്രനെ കാണിച്ചുകൊടുക്കുന്ന മനുഷ്യന്നോ അയ്യോ കഷ്ടം; ആ മനുഷ്യൻ ജനിക്കാതിരുന്നു എങ്കിൽ അവന്നു കൊള്ളായിരുന്നു എന്നു പറഞ്ഞു.

14:22 അവർ ഭക്ഷിക്കുമ്പോൾ യാഹ്ശൂഅ അപ്പം എടുത്തു വാഴ്ത്തി നുറുക്കി അവക്ക്ു കൊടുത്തു: വാങ്ങുവിൻ; ഇതു എന്റെ ശരീരം എന്നു പറഞ്ഞു.

14:23 പിന്നെ പാനപാത്രം എടുത്തു സ്തോത്രംചൊല്ലി അവക്ക്ു കൊടുത്തു; എല്ലാവരും അതിൽനിന്നു കുടിച്ചു;

14:24 ഇതു അനേകക്ക്ുവേണ്ടി ചൊരിയുന്നതായി പുതയനിയമത്തിന്നുള്ള എന്റെ രക്തം.

14:25 മുന്തിരിവള്ളിയുടെ അനുഭവം പുതുതായി അനുഭവിക്കുംനാൾ വരെ ഞാൻ അതു ഇനി അനുഭവിക്കയില്ല എന്നു ഞാൻ സത്യമായിട്ടു നിങ്ങളോടു പറയുന്നു എന്നു അവരോടു പറഞ്ഞു.

14:26 പിന്നെ അവർ സ്തോത്രം പാടിയശേഷം ഒലിവ്മലെക്കു പോയി.

14:27 യാഹ്ശൂഅ അവരോടു: നിങ്ങൾ എല്ലാവരും ഈ രാത്രിയിൽ എങ്കൽ ഇടറിപ്പോകും; “ ഞാൻ ഇടയനെ വെട്ടും ആടുകൾ ചിതറിപ്പോകും” എന്നു എഴുതിയിരിക്കുന്നുവല്ലോ.

14:28 എന്നാൽ ഞാൻ ഉയിർത്തെഴുന്നേറ്റ ശേഷം നിങ്ങൾക്കു മുമ്പെ ഗലീലെക്കു പോകും എന്നു പറഞ്ഞു.

14:29 പത്രൊസ് യാഹ്ശൂഅയോടു: എല്ലാവരും ഇടറിയാലും ഞാൻ ഇടറുകയില്ല എന്നു പറഞ്ഞു.

14:30 യാഹ്ശൂഅ അവനോടു: ഇന്നു, ഈ രാത്രിയിൽ തന്നേ, കോഴി രണ്ടുവട്ടം കൂകുംമുമ്പെ നീ മൂന്നുവട്ടം എന്നെ തള്ളിപ്പറയും എന്നു ഞാൻ സത്യമായിട്ടു നിന്നോടു പറയുന്നു എന്നു പറഞ്ഞു.

14:31 അവനോ: നിന്നോടുകൂടെ മരിക്കേണ്ടിവന്നാലും ഞാൻ നിന്നെ തള്ളിപ്പറകയില്ല എന്നു അധികമായി
പറഞ്ഞു; അങ്ങനെ തന്നേ എല്ലാവരും പറഞ്ഞു.

14:32 അവർ ഗെത്സമനെ എന്ന പേരുള്ള സ്ഥലത്തിൽ വന്നാറെ യാഹ്ശൂഅ ശിഷ്യന്മാരോടു: ഞാൻ
പ്രാർത്ഥിച്ചുതീരുവോളം ഇവിടെ ഇരിപ്പിൻ എന്നു പറഞ്ഞു.

14:33 പിന്നെ യാഹ്ശൂഅ പത്രൊസിനെയും യാക്കോബിനെയും യോഹന്നാനെയും കൂട്ടിക്കൊണ്ടു
വ്യസനിപ്പാനും വ്യാകുലപ്പെടുവാനും തുടങ്ങി:

14:34 എന്റെ ആത്മാവ് മരണവേദന പോലെ അതിദു:ഖിതമായിരിക്കുന്നു; ഇവിടെ പാർത്തു ഉണർന്നിരിപ്പിൻ
എന്നു അവരോടു പറഞ്ഞു.

14:35 പിന്നെ അല്പം മുമ്പോട്ടു ചെന്നു നിലത്തു വീണു, കഴിയും എങ്കിൽ ആ നാഴിക നീങ്ങിപ്പോകേണം
എന്നു പ്രാർത്ഥിച്ചു :

14:36 അബ്ബാ, പിതാവേ, നിനക്കു എല്ലാം കഴിയും; ഈ പാനപാത്രം എങ്കൽനിന്നു നീക്കേണമേ;
എങ്കിലും ഞാൻ ഇച്ഛിക്കുന്നതല്ല നീ ഇച്ഛിക്കുന്നതത്രേ ആകട്ടെ എന്നു പറഞ്ഞു.

14:37 പിന്നെ യാഹ്ശൂഅ വന്നു അവർ ഉറങ്ങുന്നതു കണ്ടു പത്രൊസിനോടു : ശീമോനെ, നീ
ഉറങ്ങുന്നുവോ? ഒരു നാഴിക ഉണർന്നിരിപ്പാൻ നിനക്കു കഴിഞ്ഞില്ലയോ?

14:38 പരീക്ഷയിൽ അകപ്പെടായ്വാൻ ഉണർന്നിരുന്നു പ്രാർത്ഥിപ്പിൻ; ആത്മാവു ഒരുക്കമുള്ളതു, ജഡമോ
ബലഹീനമത്രേ എന്നു പറഞ്ഞു.

14:39 യാഹ്ശൂഅ പിന്നെയും പോയി ആ വചനം തന്നേ ചൊല്ലി പ്രാർത്ഥിച്ചു.

14:40 മടങ്ങിവന്നാറെ അവരുടെ കണ്ണുകൾക്കു ഭാരമേറിയിരുന്നതു കൊണ്ടു അവർ ഉറങ്ങുന്നതു കണ്ടു;
അവർ യാഹ്ശൂഅയോടു എന്തു ഉത്തരം പറയേണം എന്നു അറിഞ്ഞില്ല ;

14:41 യാഹ്ശൂഅ മൂന്നാമതു വന്നു അവരോടു: ഇനി ഉറങ്ങി ആശ്വസിച്ചു കൊൾവിൻ; മതി, നാഴിക
വന്നു; ഇതാ, മനുഷ്യപുത്രൻ പാപികളുടെ കയ്യിൽ ഏല്പിക്കപ്പെടുന്നു.

14:42 എഴുന്നേല്പിൻ; നാം പോക; ഇതാ, എന്നെ കാണിച്ചുകൊടുക്കുന്നവൻ അടുത്തിരിക്കുന്നു എന്നു
പറഞ്ഞു.

14:43 ഉടനെ യാഹ്ശൂഅ സംസാരിച്ചു കൊണ്ടിരിക്കുമ്പോൾ തന്നേ, പന്തിരുവരിൽ ഒരുത്തനായ യൂദയും
അവനോടുകൂടെ മഹാപുരോഹിതന്മാർ, ശാസ്ത്രിമാർ, മൂപ്പന്മാർ എന്നവർ അയച്ച ഒരു പുരുഷാരവും
വാളും വടിയുമായി വന്നു.

14:44 യാഹ്ശൂഅയെ കാണിച്ചുകൊടുക്കുന്നവൻ ഞാൻ ഏവനെ ചുംബിക്കുമോ അവൻ തന്നേ
ആകുന്നു; അവനെ പിടിച്ചു സൂക്ഷ്മയോടെ കൊണ്ടുപോകുവിൻ എന്നു അവർക്കു ഒരു അടയാളം
പറഞ്ഞുകൊടുത്തിരുന്നു.

14:45 അവൻ വന്നു ഉടനെ അടുത്തു ചെന്നു: റബ്ബി, എന്നു പറഞ്ഞു യാഹ്ശൂഅയെ ചുംബിച്ചു.

14:46 അവർ യാഹ്ശൂഅയുടെമേൽ കൈവെച്ചു യാഹ്ശൂഅയെ പിടിച്ചു.

14:47 അരികെ നില്ക്കുന്നവരിൽ ഒരുവൻ വാൾ ഊരി മഹാപുരോഹിതന്റെ ദാസനെ വെട്ടി കാതു അറുത്തു.

14:48 യാഹ്ശൂഅ അവരോടു: ഒരു കള്ളന്റെ നേരെ എന്നപോലെ നിങ്ങൾ എന്നെ പിടിപ്പാൻ വാളും വടിയുമായി പുറപ്പെട്ടു വന്നുവോ?

14:49 ഞാൻ ദിവസേന ദൈവാലയത്തിൽ ഉപദേശിച്ചുകൊണ്ടു നിങ്ങളോടുകൂടെ ഇരുന്നു; നിങ്ങൾ എന്നെ പിടിച്ചില്ല; എങ്കിലും തിരുവെഴുത്തുകൾക്കു നിവൃത്തി വരേണ്ടതിന്നു ഇങ്ങനെ സംഭവിക്കുന്നു എന്നു പറഞ്ഞു.

14:50 ശിഷ്യന്മാർ എല്ലാവരും യാഹ്ശൂഅയെ വിട്ടു ഓടിപ്പോയി.

14:51 ഒരു ബാല്യക്കാരൻ വെറും ശരീരത്തിന്മേൽ പുതപ്പു പുതെച്ചുംകൊണ്ടു യാഹ്ശൂഅയെ അനുഗമിച്ചു; അവർ അവനെ പിടിച്ചു.

14:52 അവനോ പുതപ്പു വിട്ടു നഗ്നനായി ഓടിപ്പോയി.

14:53 അവർ യാഹ്ശൂഅയെ മഹാപുരോഹിതന്റെ അടുക്കൽ കൊണ്ടു പോയി. യാഹ്ശൂഅയുടെ അടുക്കൽ മഹാപുരോഹിതന്മാരും മൂപ്പന്മാരും ശാസ്ത്രിമാരും എല്ലാം വന്നു കൂടിയിരുന്നു.

14:54 പത്രൊസ് മഹാപുരോഹിതന്റെ അരമനക്കകത്തോളവും യാഹ്ശൂഅയെ ദൂരവേ അനുഗമിച്ചു, ഭൃത്യന്മാരോടു ചേർന്നു തീ കാഞ്ഞുകൊണ്ടിരുന്നു.

14:55 മഹാപുരോഹിതന്മാരും ന്യായാധിപസംഘം ഒക്കെയും യാഹ്ശൂഅയെ കൊല്ലേണ്ടതിന്നു യാഹ്ശൂഅയുടെ നേരെ സാക്ഷ്യം അന്വേഷിച്ചു കണ്ടില്ലതാനും.

14:56 അനേകർ യാഹ്ശൂഅയുടെ നേരെ കള്ളസ്സാക്ഷ്യം പറഞ്ഞിട്ടും സാക്ഷ്യം ഒത്തുവന്നില്ല.

14:57 ചിലർ എഴുന്നേറ്റു യാഹ്ശൂഅയുടെ നേരെ:

14:58 കൈപ്പണിയായ ഈ മന്ദിരം പൊളിച്ചു മൂന്നുദിവസംകൊണ്ടു കൈപ്പണിയല്ലാത്ത മറ്റൊന്നു പണിയും എന്നു ഇവൻ പറഞ്ഞതു ഞാൻ കേട്ടു എന്നു കള്ളസ്സാക്ഷ്യം പറഞ്ഞു.

14:59 എന്നിട്ടും അവരുടെ സാക്ഷ്യം ഒത്തുവന്നില്ല.

14:60 ഹാപുരോഹിതൻ നടുവിൽ നിന്നുകൊണ്ടു യാഹ്ശൂഅയോടു: നീ ഒന്നും ഉത്തരം പറയുന്നില്ലയോ? ഇവർ നിന്റെ നേരെ സാക്ഷ്യം പറയുന്നതു എന്തു എന്നു ചോദിച്ചു.

14:61 യാഹ്ശൂഅയോ മിണ്ടാതെയും ഉത്തരം പറയാതെയും ഇരുന്നു. മഹാപുരോഹിതൻ പിന്നെയും യാഹ്ശൂഅയോടു: നീ വന്ദ്യനായവന്റെ പുത്രനായ മശീഹയോ എന്നു ചോദിച്ചു.

14:62 ഞാൻ ആകുന്നു; മനുഷ്യപുത്രൻ സർവ്വശക്തന്റെ വലത്തു ഭാഗത്തു ഇരിക്കുന്നതും ആകാശമേഘങ്ങളോടെ വരുന്നതും നിങ്ങൾ കാണും എന്നു യാഹ്ശൂഅ പറഞ്ഞു.

14:63 അപ്പോൾ മഹാപുരോഹിതൻ വസ്ത്രംകീറി: ഇനി സാക്ഷികളെ ക്കൊണ്ടു നമുക്കു എന്തു ആവശ്യം?

14:64 ദൈവദൂഷണം നിങ്ങൾ കേട്ടുവല്ലോ ; നിങ്ങൾക്കു എന്തു തോന്നുന്നു എന്നു ചോദിച്ചു.
യാഹ്ശൂഅ മരണയോഗ്യൻ എന്നു എല്ലാവരും വിധിച്ചു.

14:65 ചിലർ യാഹ്ശൂഅയെ തുപ്പുകയും യാഹ്ശൂഅയുടെ മുഖം മൂടി മുഷ്ടിചുരുട്ടി കുത്തുകയും
പ്രവചിക്ക എന്നു യാഹ്ശൂഅയോടു പറകയും ചെയ്തുതുടങ്ങി; ചേവകർ യാഹ്ശൂഅയെ
അടിച്ചുംകൊണ്ടു കയ്യേറ്റു.

14:66 പത്രൊസ് താഴെ നടുമുറ്റത്തു ഇരിക്കുമ്പോൾ മഹാപുരോഹിതന്റെ ബാല്യക്കാരത്തികളിൽ ഒരുത്തി
വന്നു.

14:67 പത്രൊസ് തീ കായുന്നതു കണ്ടു അവനെ നോക്കി: നീയും നസറായനായ യാഹ്ശൂഅയോടുകൂടെ
ആയിരുന്നു എന്നു പറഞ്ഞു.

14:68 നീ പറയുന്നതു തിരിയുന്നില്ല, ബോദ്ധ്യമാകുന്നതുമില്ല എങ്ങനെ അവൻ തള്ളിപ്പറഞ്ഞു;
പടിപ്പുരയിലേക്കു പുറപ്പെട്ടപ്പോൾ കോഴി കൂകി.

14:69 ആ ബാല്യക്കാരത്തി അവനെ പിന്നെയും കണ്ടു സമീപത്തു നില്ക്കുന്നവരോടു: ഇവൻ ആകൂട്ടരിൽ
ഉള്ളവൻ തന്നേ എന്നു പറഞ്ഞു തുടങ്ങി.

14:70 അപ്പോൾ അവൻ വീണ്ടും തള്ളിപ്പറഞ്ഞു; കുറയനേരം കഴിഞ്ഞിട്ടു അരികെ നിന്നവർ
പത്രൊസിനോടു: നീ ആകൂട്ടരിൽ ഉള്ളവൻ സത്യം; ഗലീലക്കാരനല്ലയോ എന്നു പറഞ്ഞു.

14:71 നിങ്ങൾ പറയുന്ന മനുഷ്യനെ ഞാൻ അറിയുന്നില്ല എന്നു അവൻ പ്രാകുവാനും ആണയിടുവാനും
തുടങ്ങി.

14:72 ഉടനെ കോഴി രണ്ടാമതും കൂകി; കോഴി രണ്ടുവട്ടം കൂകും മുമ്പെ നീ മൂന്നുവട്ടം എന്നെ
തള്ളിപ്പറയും എന്നു യാഹ്ശൂഅ തന്നോടു പറഞ്ഞ വാക്കു പത്രൊസ് ഓർത്തു അതിനെക്കുറിച്ചു
വിചാരിച്ചു കരഞ്ഞു

## അദ്ധ്യായം 15

15:1 ഉടനെ അതികാലത്തു തന്നെ മഹാപുരോഹിതന്മാരും മൂപ്പന്മാരും ശാസ്ത്രിമാരുമായി
ന്യായാധിപസംഘം ഒക്കെയും കൂടി ആലോചിച്ചു യാഹ്ശൂഅയെ കെട്ടികൊണ്ടു പോയി
പീലാത്തൊസിനെ ഏല്പിച്ചു.

15:2 പീലാത്തൊസ് യാഹ്ശൂഅയോടു : നീ യെഹൂദന്മാരുടെ രാജാവോ എന്നു ചോദിച്ചതിന്നു: നീ
പറഞ്ഞതുപോലെ തന്നെ എന്നു യാഹ്ശൂഅ ഉത്തരം പറഞ്ഞു.

15:3 മഹാപുരോഹിതന്മാർ യാഹ്ശൂഅയെ ഏറിയോന്നു കുറ്റം ചുമത്തി.

15:4 പീലാത്തൊസ് പിന്നെയും യാഹ്ശൂഅയോടു ചോദിച്ചു: നീ ഒരുത്തരവും പറയുന്നില്ലയോ? ഇതാ, അവർ നിന്നെ എന്തെല്ലാം കുറ്റം ചുമത്തുന്നു എന്നു പറഞ്ഞു.

15:5 യാഹ്ശൂഅ പിന്നെയും ഉത്തരം ഒന്നും പറയായ്കയാൽ പീലാത്തൊസ് ആശ്ചര്യപ്പെട്ടു.

15:6 പീലാത്തൊസ് ഉത്സവംതോറും അവർ ചോദിക്കുന്ന ഒരു തടവുകാരനെ അവർക്കു വിട്ടുകൊടുക്ക പതിവായിരുന്നു.

15:7 എന്നാൽ ഒരു കലഹത്തിൽ കുല ചെയ്തവരായ കലഹക്കാരോടു കൂടെ ബന്ധിച്ചിരുന്ന ബറബ്ബാസ് എന്നു പേരുള്ള ഒരുത്തൻ ഉണ്ടായിരുന്നു.

15:8 പുരുഷാരം കയറിവന്നു, പീലാത്തൊസ് പതിവുപോലെ ചെയ്യേണം എന്നു അപേക്ഷിച്ചു തുടങ്ങി.

15:9 മഹാപുരോഹിതന്മാർ അസൂയകൊണ്ടു യാഹ്ശൂഅയെ ഏല്പിച്ചു എന്നു പീലാത്തൊസ് അറിഞ്ഞതുകൊണ്ടു അവരോടു:

15:10 യെഹൂദന്മാരുടെ രാജാവിനെ നിങ്ങൾക്കു വിട്ടുതരേണം എന്നു ഇച്ഛിക്കുന്നുവോ എന്നു ചോദിച്ചു.

15:11 എന്നാൽ പീലാത്തൊസ് ബറബ്ബാസിനെ വിട്ടുകൊടുക്കേണ്ടതിന്നു ചോദിപ്പാൻ മഹാപുരോഹിതന്മാർ പുരുഷാരത്തെ ഉത്സാഹിപ്പിച്ചു കൊണ്ടിരുന്നു.

15:12 പീലാത്തൊസ് പിന്നെയും അവരോടു: എന്നാൽ യെഹൂദന്മാ രുടെരാജാവു എന്നു നിങ്ങൾ പറയുന്നവനെ ഞാൻ എന്തു ചെയ്യേണം എന്നു ചോദിച്ചു.

15:13 അവനെ ക്രൂശിക്ക എന്നു അവർ വീണ്ടും നിലവിളിച്ചു.

15:14 പീലാത്തൊസ് അവരോടു: യാഹ്ശൂഅ എന്തു ദോഷം ചെയ്തു എന്നു പറഞ്ഞാറെ, അവനെ ക്രൂശിക്ക എന്നു അവർ അധികമായി നിലവിളിച്ചു.

15:15 പീലാത്തൊസ് പുരുഷാരത്തെ തൃപ്തിവരുത്തുവാൻ ഇച്ഛിച്ചു ബറബ്ബാസിനെ അവർക്കു വീട്ടുകൊടുത്തു യാഹ്ശൂഅയെ ചമ്മട്ടികൊണ്ടു അടിപ്പിച്ചു ക്രൂശിപ്പാൻ ഏല്പിച്ചു.

15:16 പടയാളികൾ യാഹ്ശൂഅയെ ആസ്ഥാനമായ മണ്ഡപത്തിനകത്തു കൊണ്ടുപോയി പട്ടാളത്തെ എല്ലാം വിളിച്ചു കൂട്ടി.

15:17 യാഹ്ശൂഅയെ രക്താംബരം ധരിപ്പിച്ചു, മുള്ളുകൊണ്ടു ഒരു കിരീടം മെടഞ്ഞു യാഹ്ശൂഅയെ ചൂടിച്ചു:

15:18 യെഹൂദന്മാരുടെ രാജാവേ, ജയജയ എന്നു പറഞ്ഞു വന്ദിച്ചു;

15:19 കോൽകൊണ്ടു യാഹ്ശൂഅയുടെ തലയിൽ അടിച്ചു, തുപ്പി, മുട്ടുകുത്തി നമസ്കരിച്ചു.

15:20 അങ്ങനെ യാഹ്ശൂഅയെ പരിഹസിച്ചശേഷം അവർ രക്താംബരം നീക്കി സ്വന്ത വസ്ത്രം ധരിപ്പിച്ചു യാഹ്ശൂഅയെ ക്രൂശിപ്പാൻ കൊണ്ടുപോയി.

15:21 അലക്സാന്തരിന്റെയും രൂഫസിന്റെയും അപ്പനായി വയലിൽ നിന്നു വരുന്ന കുറേനക്കാരനായ ശീമോനെ യാഹ്ശൂഅയുടെ ക്രൂശ് ചുമപ്പാൻ അവർ നിർബ്ബന്ധിച്ചു.

15:22 തലയോടിടം എന്നർത്ഥമുള്ള ഗൊല്ഗോഥാ എന്ന സ്ഥലത്തേക്കു യാഹ്ശൂഅയെ കൊണ്ടുപോയി ;

15:23 കണ്ടിവെണ്ണ (മൂറ്)കലർത്തിയ വീഞ്ഞു യാഹ്ശൂഅക്കു കൊടുത്തു; യാഹ്ശൂഅയോ വാങ്ങിയില്ല.

15:24 യാഹ്ശൂഅയെ ക്രൂശിച്ചശേഷം യാഹ്ശൂഅയുടെ വസ്ത്രം ഇന്നവന്നു ഇന്നതു കിട്ടേണം എന്നു പകുതിചെയ്തു.

15:25 മൂന്നാം മണിനേരമായപ്പോൾ യാഹ്ശൂഅയെ ക്രൂശിച്ചു.

15:26 യെഹൂദന്മാരുടെ രാജാവു എന്നിങ്ങനെ യാഹ്ശൂഅയുടെ കുറ്റം മീതെ എഴുതിയിരുന്നു.

15:27 അവർ രണ്ടു കള്ളന്മാരെ ഒരുത്തനെ വലത്തും ഒരുത്തനെ ഇടത്തുമായി യാഹ്ശൂഅയോടു കൂടെ ക്രൂശിച്ചു.

15:28 (അധർമ്മികളുടെ കൂട്ടത്തിൽ യാഹ്ശൂഅയെ എണ്ണി എന്നുള്ള തിരുവെഴുത്തു നിവൃത്തിയായി. )

15:29 കടന്നു പോകുന്നവർ തലകുലുക്കിക്കൊണ്ടു: ഹാ, ഹാ, മന്ദിരം പൊളിച്ചു മൂന്നു നാളുകൊണ്ടു പണിയുന്നവനേ,

15:30 നിന്നെത്തന്നേ രക്ഷിച്ചു ക്രൂശിൽനിന്നു ഇറങ്ങിവാ എന്നു പറഞ്ഞു യാഹ്ശൂഅയെ ദുഷിച്ചു.

15:31 അങ്ങനെ തന്നേ മഹാപുരോഹിതന്മാരും മൂപ്പന്മാരും യാഹ്ശൂഅയെ പരിഹസിച്ചു: ഇവൻ മറ്റുള്ളവരെ രക്ഷിച്ചു തന്നെത്താൻ രക്ഷിപ്പാൻ വഹിയാ.

15:32 നാം കണ്ടു വിശ്വസിക്കേണ്ടതിന്നു മശീഹ എന്ന യിസ്രായേൽ രാജാവു ഇപ്പോൾ ക്രൂശിൽനിന്നു ഇറങ്ങിവരട്ടെ എന്നു തമ്മിൽ പറഞ്ഞു; യാഹ്ശൂഅയോടുകൂടെ ക്രൂശിക്കപ്പെട്ടവരും യാഹ്ശൂഅയെ പഴിച്ചു പറഞ്ഞു.

15:33 ആറാം മണിനേരമായപ്പോൾ ഒമ്പതാം മണിനേരത്തോളം ദേശത്തുഎല്ലാം ഇരുട്ടു ഉണ്ടായി.

15:34 ഒമ്പതാം മണിനേരത്തു യാഹ്ശൂഅ : എന്റെ ദൈവമേ, എന്റെ ദൈവമേ, നീ എന്നെ കൈവിട്ടതു എന്തു എന്നു അർത്ഥമുള്ള എലോഹി, എലോഹി, ലമ്മാ ശബ്ബക്താനി എന്നു അത്യുച്ചത്തിൽ നിലവിളിച്ചു.

15:35 അരികെ നിന്നവരിൽ ചിലർ കേട്ടിട്ടു: യാഹ്ശൂഅ ഏലീയാവേ വിളിക്കുന്നു എന്നു പറഞ്ഞു.

15:36 ഒരുത്തൻ ഓടി ഒരു സ്പോങ്ങിൽ പുളിച്ച വീഞ്ഞു നിറെച്ചു ഒരു ഓടക്കോലിന്മേലാക്കി: നില്പിൻ; ഏലീയാവു യാഹ്ശൂഅയെ ഇറക്കുവാൻ വരുമോ എന്നു നമുക്കു കാണാം എന്നു പറഞ്ഞു യാഹ്ശൂഅക്കു കുടിപ്പാൻ കൊടുത്തു.

15:37 യാഹ്ശൂഅ ഉറക്കെ വിളിച്ചു പ്രാണനെ വിട്ടു.

15:38 ഉടനെ മന്ദിരത്തിലെ തിരശ്ശീല മേൽതൊട്ടു അടിയോളവും രണ്ടായി ചീന്തിപ്പോയി.

15:39 യാഹ്ശൂഅക്കു എതിരെ നിന്നിരുന്ന ശതാധിപൻ യാഹ്ശൂഅ ഇങ്ങനെ പ്രാണനെ വിട്ടതു കണ്ടിട്ടു: ഈ മനുഷ്യൻ ദൈവപുത്രൻ ആയിരുന്നു സത്യം എന്നു പറഞ്ഞു.

15:40 സ്ത്രീകളും ദൂരത്തുനിന്നു നോക്കിക്കൊണ്ടിരുന്നു; അവരിൽ മഗ്ദലക്കാരത്തി മറിയയും ചെറിയ യാക്കോബിന്റെയും യോസെയുടെയും അമ്മ മറിയയും ശലോമയും ഉണ്ടായിരുന്നു.

15:41 യാഹ്ശൂഅ ഗലീലയിൽ ഇരിക്കുമ്പോൾ അവർ യാഹ്ശൂഅയെ അനുഗമിച്ചും ശുശ്രൂഷിച്ചും പോന്നു; യാഹ്ശൂഅയോടുകൂടെ യെരുശലേമിലേക്കു വന്ന മറ്റു സ്ത്രീകളും ഉണ്ടായിരുന്നു.

15:42 വൈകുന്നേരമായപ്പോൾ ശബ്ബത്തിന്റെ തലനാളായ ഒരുക്കനാൾ ആകകൊണ്ടു ശ്രേഷ്ഠമന്ത്രിയും

15:43 ദൈവരാജ്യത്തെ കാത്തിരുന്നവനുമായ അരിമത്ഥ്യയിലെ യോസേഫ് വന്നു ധൈര്യ്യത്തോടെ പീലാത്തൊസിന്റെ അടുക്കൽ ചെന്നു യാഹ്ശൂഅയുടെ ശരീരം ചോദിച്ചു.

15:44 യാഹ്ശൂഅ മരിച്ചുകഴിഞ്ഞുവോ എന്നു പീലാത്തൊസ് ആശ്ചര്യ്യപ്പെട്ടു ശതാധിപനെ വിളിച്ചു: യാഹ്ശൂഅ മരിച്ചിട്ടു ഒട്ടുനേരമായോ എന്നു

15:45 ശതാധിപനോടു വസ്തുത ചോദിച്ചറിഞ്ഞിട്ടു ഉടൽ യോസേഫിന്നു നല്കി.

15:46 അവൻ ഒരു ശീല വാങ്ങി യാഹ്ശൂഅയെ ഇറക്കി ശീലയിൽ ചുറ്റി പൊതിഞ്ഞു, പാറയിൽ വെട്ടീട്ടുള്ള കല്ലറയിൽ വെച്ചു, കല്ലറവാതില്ക്കൽ ഒരു കല്ലു ഉരുട്ടി വെച്ചു.

15:47 യാഹ്ശൂഅയെ വെച്ച ഇടം മഗ്ദലക്കാരത്തി മറിയയും യോസേയുടെ അമ്മ മറിയയും നോക്കിക്കണ്ടു.

## അദ്ധ്യായം 16

16:1 ശബ്ബത്ത് കഴിഞ്ഞശേഷം മഗ്ദലക്കാരത്തി മറിയയും യാക്കോബിന്റെ അമ്മ മറിയയും ശലോമയും ചെന്നു യാഹ്ശൂഅയെ പൂശേണ്ടതിന്നു സുഗന്ധവർഗ്ഗം വാങ്ങി.

16:2 ആഴ്ചവട്ടത്തിന്റെ ഒന്നാംനാൾ അതികാലത്തു സൂര്യ്യൻ ഉദിച്ചപ്പോൾ അവർ കല്ലറെക്കൽ ചെന്നു:

16:3 കല്ലറയുടെ വാതില്ക്കൽനിന്നു നമുക്കുവേണ്ടി ആർ കല്ലു ഉരുട്ടിക്കളയും എന്നു തമ്മിൽ പറഞ്ഞു.

16:4 അവർ നോക്കിയാറെ കല്ലു ഉരുട്ടിക്കളഞ്ഞതായി കണ്ടു; അതു ഏറ്റവും വലുതായിരുന്നു.

16:5 അവർ കല്ലറെക്കകത്തു കടന്നപ്പോൾ വെള്ളനിലയങ്കി ധരിച്ച ഒരു ബാല്യക്കാരൻ വലത്തു ഭാഗത്തു ഇരിക്കുന്നതു കണ്ടു ഭ്രമിച്ചു.

16:6 അവൻ അവരോടു: ഭ്രമിക്കേണ്ടാ; ക്രൂശിക്കപ്പെട്ട നസറായനായ യാഹ്‌ൂശൂഅയെ നിങ്ങൾ അന്വേഷിക്കുന്നു; യാഹ്‌ൂശൂഅ ഉയിർത്തെഴുന്നേറ്റു; യാഹ്‌ൂശൂഅ ഇവിടെ ഇല്ല; യാഹ്‌ൂശൂഅയെ വെച്ച സ്ഥലം ഇതാ,

16:7 നിങ്ങൾ പോയി യാഹ്‌ൂശൂഅയുടെ ശിഷ്യന്മാരോടും പത്രൊസിനോടും: യാഹ്‌ൂശൂഅ നിങ്ങൾക്കു മുമ്പെ ഗലീലെക്കു പോകുന്നു എന്നു പറവിൻ; യാഹ്‌ൂശൂഅ നിങ്ങളോടു പറഞ്ഞതുപോലെ അവിടെ യാഹ്‌ൂശൂഅയെ കാണും എന്നു പറവിൻ എന്നു പറഞ്ഞു.

16:8 അവർക്കു വിറയലും പരിഭ്രമവും പിടിച്ചു അവർ കല്ലറവിട്ടു ഓടിപ്പോയി; അവർ ഭയപ്പെടുകയാൽ ആരോടും ഒന്നും പറഞ്ഞില്ല.

16:9 (അവൻ ആഴ്ചവട്ടത്തിന്റെ ഒന്നാം നാൾ രാവിലെ ഉയിർത്തെഴു ന്നേറ്റിട്ടു താൻ ഏഴുഭൂതങ്ങളെ പുറത്താക്കിയിരുന്ന മഗ്ദലക്കാരത്തി മറിയെക്കു ആദ്യം പ്രത്യക്ഷനായി.

16:10 അവൾ ചെന്നു യാഹ്‌ൂശൂഅയോടുകൂടെ ഇരുന്നവരായി ദു:ഖിച്ചും കരഞ്ഞുംകൊണ്ടിരുന്നവരോടു അറിയിച്ചു.

16:11 യാഹ്‌ൂശൂഅ ജീവനോടിരിക്കുന്നു എന്നും അവൾ യാഹ്‌ൂശൂഅയെ കണ്ടു എന്നും അവർ കേട്ടാറെ വിശ്വസിച്ചില്ല.

16:12 പിന്നെ അവരിൽ രണ്ടുപേർ നാട്ടിലേക്കു പോകുമ്പോൾ യാഹ്‌ൂശൂഅ മറ്റൊരു രൂപത്തിൽ അവർക്കു പ്രത്യക്ഷനായി.

16:13 അവർ പോയി ശേഷമുള്ളവരോടു അറിയിച്ചു; അവരുടെ വാക്കും അവർ വിശ്വസിച്ചില്ല.

16:14 പിന്നെത്തേതിൽ പതിനൊരുവർ ഭക്ഷണത്തിനിരിക്കുമ്പോൾ യാഹ്‌ൂശൂഅ അവർക്കു പ്രത്യക്ഷനായി, തന്നെ ഉയിർത്തെഴുന്നേറ്റവനായികണ്ടവരുടെ വാക്കു വിശ്വസിക്കായ്കയാൽ അവരുടെ അവിശ്വാസത്തെയും ഹൃദയകാഠിന്യത്തെയും ശാസിച്ചു.

16:15 പിന്നെ യാഹ്‌ൂശൂഅ അവരോടു: നിങ്ങൾ ഭൂലോകത്തിൽ ഒക്കെയും പോയി സകല സൃഷ്ടിയോടും സുവിശേഷം പ്രസംഗിപ്പിൻ.

16:16 വിശ്വസിക്കയും സ്നാനം ഏല്ക്കയും ചെയ്യുന്നവൻ രക്ഷിക്കപ്പെടും; വിശ്വസിക്കാത്തവൻ ശിക്ഷാവിധിയിൽ അകപ്പെടും.

16:17 വിശ്വസിക്കുന്നവരാൽ ഈ അടയാളങ്ങൾ നടക്കും: എന്റെ നാമത്തിൽ അവർ ഭൂതങ്ങളെ പുറത്താക്കും; പുതുഭാഷകളിൽ സംസാരിക്കും;

16:18 സർപ്പങ്ങളെ പിടിച്ചെടുക്കും; മരണകരമായ യാതൊന്നു കുടിച്ചാലും അവർക്കു ഹാനി വരികയില്ല; രോഗികളുടെ മേൽ കൈ വെച്ചാൽ അവർക്കു സൌഖ്യം വരും എന്നു പറഞ്ഞു.

16:19 ഇങ്ങനെ കർത്താവായ യാഹ്ശൂആ അവരോടു അരുളിച്ചെയ്തശേഷം സ്വർഗ്ഗത്തിലേക്കു എടുക്കപ്പെട്ടു. യാഹ്വയായ ദൈവത്തിന്റെ വലത്തു ഭാഗത്തു ഇരുന്നു.

16:20 അവർ പുറപ്പെട്ടു എല്ലാടത്തും പ്രസംഗിച്ചു; കർത്താവു അവരോടുകൂടെ പ്രവർത്തിച്ചും അവരാൽ നടന്ന അടയാളങ്ങളാൽ വചനത്തെ ഉറപ്പിച്ചും പോന്നു.)